അവർ എടുത്ത നിലപാട് സംബന്ധിച്ച് യാതൊരു അഭിപ്രായ വ്യത്യാസവും ഞങ്ങൾക്കില്ല. അങ്ങനെ യാതൊരു നടപടിയുമില്ല. ഈ നിയമസഭയിലെ പ്രതിപക്ഷത്തിരിക്കുന്നവരെ ഭരണപക്ഷത്തു മാറിയാലും ഇതു സ്വാഭാവികമാണ്. ഞാൻ 1952 മുതൽ ഈ നിയമസഭയിൽ അംഗമാണ്. കേരള നിയമസഭയുടെ ചരിത്രത്തിലും തിരു-കൊച്ചി നിയമസഭയുടെ ചരിത്രത്തിലും, പഴയ കാലത്തെ നിയസഭയേയും ഇന്നത്തെ നിയമസഭയേയും ഒന്നു തട്ടിച്ചു നോക്കിയാൽ കാലാന്തരത്തിൽ നിയമസഭകളിൽ വന്നിട്ടുള്ള മാറ്റം നമുക്കറിയാം. ഇതൊരു സാമൂഹ്യ മാറ്റത്തിനുള്ള നിയമമാണ്. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും രാജ്യത്തിലും നമ്മുടെ കഴിവും പ്രവർത്തനശേഷിയും ബലപ്പെടുത്താൻ സാധിക്കുന്നതാണ്. പകുതിയോളം ജനവിഭാഗങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ഒരൊറ്റ രാജ്യത്തിനും മുന്നോട്ടു പോകാൻ സാധിക്കയില്ല. ഞങ്ങളുടെ പ്രവർത്തനവും ശേഷിയും ഇവിടത്തെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കും. ഈ രാജ്യത്ത് ഇന്നു വന്നിരിക്കുന്ന ചുറ്റുപാടുകളിൽ, കലുഷിതമായിട്ടുള്ള രാഷ്ട്രീയത്തിൽ, അമ്മയും ഭാര്യയും മകളും എന്നുള്ളനിലയിൽ അവർക്കു കിട്ടേണ്ട അംഗീകാരവും അവകാശവും നേടിയെടുക്കുന്നതിനുവേണ്ടി അവരെ സഹായിക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണിത്. ഈ നിയമം പാസ്സാക്കിത്തരണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്. നിങ്ങളുടെയെല്ലാം സഹകരണത്തിന് ഒരിക്കൽക്കൂടി നന്ദി പറയുന്നു. പ്രത്യേകിച്ചും ശ്രീ. ടി. എം. ജേക്കബിനോടും നന്ദി രേഖപ്പെടുത്തുകയാണ്.

1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകൃകണ്ഠ്യേന അംഗീകരിച്ചു. ബിൽ സഭ പസ്സാക്കി.

ശ്രീ. എം.എം. ഹസ്സൻ : സർ, അങ്ങ് ഒരു റൂളിംഗ് നൽകാമെന്ന് നേരത്തെ സമ്മതിച്ചിരുന്നതാണ്. അതു തന്നിട്ടില്ല.

മി. സ്പീക്കർ : ഞാൻ അതു എഴുതി തയ്യാറാക്കിയിട്ടുണ്ട്. ഇന്നുതന്നെ തരാം.

IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, "മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോടും സംസ്ഥാന ഗവൺമെന്റിനോടും ആവശ്യപ്പെടണമെന്ന കാര്യം ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സർ, എട്ടാം കേരള നിയമസഭയുടെ അവസാന ദിവസം, അവസാനമണിക്കൂറിലാണെങ്കിൽത്തന്നെയും നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെയാകെ വളരെയേറെ ഉൽക്കണ്ഠയിലാഴ്ത്തിയ ഈ റിപ്പോർട്ട് നടപ്പാക്കാൻ ഇൻഡ്യാ രാജ്യത്തു നടന്ന ശ്രമങ്ങളും അതിനോട് സംവരണ വിരുദ്ധശക്തികൾ അടക്കം എടുത്ത നിലപാടും ഈ രാജ്യത്തെ ജനങ്ങളിലുണ്ടാക്കിയ ഉൽക്കണ്ഠ മാറ്റുന്നതിന് ഈ ചർച്ച പ്രയോജനപ്പെടുമെന്നുള്ളതുകൊണ്ടാണ് ഇതുപോലൊരു ചർച്ചയ്ക്ക് നോട്ടീസ് നൽകിയത്. ഈ സഭയുടെ അവസാന മണിക്കൂറിലാണെങ്കിലും അതിനവസരം കിട്ടിയതിൽ സന്തോഷമുണ്ട്. എല്ലാവർക്കും യോജിപ്പുള്ള ഏകകണ്ഠമായി പാസ്സാക്കിയ വനിതാ കമ്മീഷൻ ബില്ലിന്റെ കാര്യത്തിൽപ്പോലും രാഷ്ട്രീയ അതിപ്രസരത്തിന്റെ പരാമർശമുണ്ടായി. അപ്പോൾ "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് കൗതുകം", എന്നാണ് തോന്നിയത്. ഇതും വളരെ സമചിത്തതയോടുകൂടി ചർച്ച ചെയ്യപ്പെടുമോ എന്ന് ഞാൻ ശങ്കിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളുടെ ഉള്ളടക്കത്തേക്കാൾ രാഷ്ട്രീയ ബന്ധങ്ങൾക്ക് പ്രാമുഖ്യം വരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യമാണല്ലോ തൊട്ടു മുൻപിലുള്ളത്. എന്നാലും ഈ സംസ്ഥാനത്തെ ജനങ്ങളുടെ ഉൽക്കണ്ഠ മാറ്റുന്നതിന് ആവശ്യമായ രീതിയിൽ ഉപക്ഷേപത്തിന്റെ ചർച്ചയിൽ ഒന്നുരണ്ട് പ്രധാന സംഗതികളാണ് ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്.

സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ വളരെയധികം പ്രവർത്തിച്ചതിന് ശേഷവും ഈ രാജ്യത്തെ പിന്നോക്ക ജനവിഭാഗങ്ങളുടെ ജീവിതത്തിൽ കാര്യമായ മാറ്റം വന്നിട്ടില്ല. അവരുടെ ജീവിതം മെച്ചപ്പെടത്തക്ക രീതിയിൽ എങ്ങനെ മാറ്റിയെടുക്കണമെന്ന ആലോചനയുടെ ഫലമായിട്ടാണ് മണ്ഡൽ കമ്മീഷൻ നിശ്ചയിക്കപ്പെട്ടതും വളരെയധികം പ്രവർത്തനങ്ങൾക്ക് ശേഷമുള്ള റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കപ്പെട്ടതും. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ഉള്ളടക്കത്തിലേക്ക് ഞാൻ കടക്കുന്നില്ല. എങ്ങനെ പിന്നോക്ക വിഭാഗങ്ങൾക്ക് ആശ്വാസം നൽകി സ്ഥിതി സമത്വത്തിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരാമെന്നുള്ളതിനെ സംബന്ധിച്ച് ഉദ്ദേശം 20 നിർദ്ദേശങ്ങളാണ് അതിൽ ഉന്നയിച്ചത്. അതിന്റെ ഉള്ളടക്കം വളരയേറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. കാർഷിക പരിഷ്ക്കാരത്തെ കുറിച്ച് കർഷക തൊഴിലാളികളുടെ ജോലസ്ഥിരതയെക്കുറിച്ച്, കൂലിയെ കുറിച്ച്, അവരുടെ സംരക്ഷണത്തെക്കുറിച്ച്, കിടപ്പാടത്തെക്കുറിച്ച്, കൈത്തൊഴിലുകാർക്കും കൈവേലക്കാർക്കും കൊടുക്കേണ്ട സംരക്ഷണത്തെ കുറിച്ച്, സമൂഹത്തിലെ പിന്നോക്കക്കാരെ എങ്ങനെ ഉയർത്തിയെടുക്കണം എന്നതിനെക്കുറിച്ചൊക്കെ ഒട്ടേറെ സ്വാഗതാർഹമായ നിർദ്ദേശങ്ങൾ ആ റിപ്പോർട്ടിലുണ്ട്. സർ, മുഖ്യമന്ത്രി കഴിഞ്ഞ ബില്ലിനെക്കുറിച്ച് സംസാരിക്കുന്ന അവസരത്തിലുണ്ടായ പരാമർശങ്ങൾ കൂടി വച്ചുകൊണ്ട് ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ പറയുകയാണ്. കഴിഞ്ഞ നാല് ദശകങ്ങളിലെ നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രമെടുത്താൽ ഇത്തരം സാമൂഹ്യ മാറ്റങ്ങൾവഴി പിന്നോക്ക ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന കാര്യത്തിൽ, കാർഷിക പരിഷ്ക്കാരത്തിന്റെ കാര്യത്തിൽ കർഷകത്തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്ന കാര്യത്തിൽ, അവർക്ക് കിടപ്പാടം നൽകുന്ന കാര്യത്തിൽ, അവർക്ക് ക്ഷേമൈശ്വര്യങ്ങൾക്കുള്ള നടപടികൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ ഈ രാജ്യത്തെ ഏതേത് ശക്തികൾ എന്തെന്ത് നിലപാടുകൾ എടുത്തു എന്ന് വ്യക്തമായി പരിശോധിക്കുന്ന ഒരാൾക്ക്, ആ കാര്യങ്ങളിൽ താൽപ്പര്യമെടുത്ത ശക്തികൾ ഏതാണെന്ന് മനസ്സിലാക്കാൻ കഴിയും. 1957-ൽ ആദ്യത്തെ കേരള നിയമസഭയിൽ കാർഷിക പരിഷ്ക്കാര നിയമത്തെക്കുറിച്ച് ചർച്ച നടന്നപ്പോൾ പാട്ടം കിട്ടാതെ വലഞ്ഞുപോകുന്ന ജൻമിമാരെക്കുറിച്ച് ദുഃഖിച്ച് കണ്ണീരൊഴുക്കുകയും ഭേദഗതി അവതരിപ്പിക്കുകയും ചെയ്ത മാന്യൻമാർ ഇപ്പോൾ ഇരുന്നുപറയുന്നു അവരാണ് സംരക്ഷകർ എന്ന്. "കർഷകത്തൊഴിലാളി നിയമം ഞങ്ങളുടേത്, എല്ലാ സാമൂഹ്യ നിയമങ്ങളും ഞങ്ങളുടേത്" എന്നാണ് പറയുന്നത്. അവരുടെ ആ നിലപാട് കണ്ടപ്പോൾ എനിക്ക് ദുഃഖം തോന്നി. സർ, കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുന്നത് പ്രത്യുൽപ്പാദനപരമല്ല, പാഴ് ചെലവാണ്, രാഷ്ട്രീയ സ്വന്തക്കാർക്ക് വാരിക്കോരി കൊടുക്കാനാണ് എന്നുപറഞ്ഞ് ആക്ഷേപിച്ചവർ ഇതിന്റെ ബന്ധുക്കളാണെന്ന് അവകാശപ്പെടുന്നു നിങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയോടൊപ്പം നിന്ന കാലത്ത്, ദുഷ്ടശക്തികളാണെങ്കിലും, നിങ്ങൾക്ക് ചില നൻമ ചെയ്യേണ്ടി വന്നിട്ടുണ്ട്. ഞാൻ അത് മറക്കുന്നില്ല. ഉടൻ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിയിൽനിന്ന് വിട്ടുപോകുകയും ചെയ്തു. അത്രയും കാര്യത്തിന് നന്ദി. നിങ്ങളുടെ ഗുണംകൊണ്ടല്ല, നിങ്ങളുടെ കൂട്ടുകെട്ടിന്റെ ഗുണം കൊണ്ട് അപൂർവ്വം ദിവസങ്ങളിൽ നിങ്ങൾക്ക് അത് വേണ്ടിവന്നിട്ടുണ്ട്.

(തടസ്സം)

ശ്രീ. മാണി പലപ്പോഴും നമ്മോടൊപ്പം നൻമ ചെയ്യുകയും, പലപ്പോഴും ഞങ്ങൾക്കെതിരായി വഞ്ചന നടത്തുകയുംചെയ്ത ചരിത്രത്തെക്കുറിച്ച് അങ്ങേക്കുമറിയാവുന്നതുകൊണ്ട് ഞാൻ ആ കാര്യം ഇവിടെ പരാമർശിക്കുന്നില്ല. അത് ഈ റിപ്പോർട്ടിന്റെ ഭാഗവുമല്ല. ഞാൻ പറഞ്ഞുവന്നത് ആ സാമൂഹ്യമാറ്റത്തെക്കുറിച്ച്, അതിന് മുൻകൈയെടുത്ത ശക്തികളെക്കുറിച്ച് സ്മരിക്കാനുള്ള മാന്യതയും, മര്യാദയും പോലും കാണിക്കാതെ ഇപ്പോൾ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അനുകൂലികളാര്; എതിരാളികളാര്; ശത്രുക്കളാര് എന്നൊക്കെ ചോദിച്ച് തപ്പുകയാണ്. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം സാമൂഹ്യമാറ്റങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളോടൊപ്പം തന്നെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്ന കാര്യത്തിൽ ഉറച്ച നിലപാടുമുണ്ട്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ ഒരു പ്രധാന സംഗതിയിൽ, സംവരണമേർപ്പെടുത്തുന്ന കാര്യത്തിൽ, ഇൻഡ്യാ ഗവൺമെന്റ് അത് നടപ്പാക്കാനുള്ള നിലപാടെടുത്ത അവസരത്തിൽ ഞങ്ങൾ ചില അഭിപ്രായ പ്രകടനങ്ങൾ നടത്തിയിട്ടുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അടക്കമുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി, ഇൻഡ്യാ രാജ്യത്ത് ദേശീയ മുന്നണിയുടെ പ്രകടനപത്രികയിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, അത് നടപ്പിലാക്കാൻ ആവശ്യമായ പിന്തുണയാണ് നൽകിയതെന്ന കാര്യത്തിൽ തർക്കമില്ല. പത്ത് കൊല്ലക്കാലം നിങ്ങൾ നടപ്പാക്കാതെ പറണത്തു വച്ചു. പിന്നീട് ഇൻഡ്യാ രാജ്യത്ത് വന്ന ഒരു ഭരണമാറ്റത്തിന്റെ അടിസ്ഥാനത്തിൽ മഹാനായ വി.പി. സിംഗ് പ്രധാനമന്ത്രിയായി. അദ്ദേഹം മഹാനാണ്. അദ്ദേഹത്തെ ഇപ്പോൾ ചിലർ നന്ദികെട്ടരീതിയിൽ അവസരവാദി എന്ന് വിളിക്കുന്നുവെങ്കിൽ അവരോട് ക്ഷമിക്കുക. ഞാൻ അദ്ദേഹത്തെ മഹാൻ എന്നു തന്നെ വിളിക്കും. ഞാൻ പ്രകോപനപരമായി സംസാരിക്കാനൊന്നും ഉദ്ദേശിക്കുന്നില്ല. പക്ഷെ അദ്ദേഹത്തെ സ്വീകരിച്ച് പ്രകടനം നടത്തി പ്രോൽസാഹിപ്പിച്ച ശ്രീ. ബനാത്തുവാല അദ്ദേഹത്തെ അവസരവാദി എന്നു വിളിച്ചപ്പോൾ എനിക്ക് ദുഃഖം തോന്നി. ഞാൻ ആരേയും പ്രകോപിപ്പിക്കാനല്ല പറയുന്നത്. പ്രശ്നങ്ങൾ കുറെക്കൂടി സമചിത്തതയോടുകൂടി കാണുന്നതുകൊണ്ട്, താൽക്കാലികമായ രാഷ്ട്രീയ ലാഭത്തിനുവേണ്ടി ചിലർ അവസരവാദപരമായ കൂട്ടുകെട്ടുണ്ടാക്കിക്കൊണ്ട് ഇത്തരം പരാമർശങ്ങൾ രാഷ്ട്രീയരംഗത്ത് നടത്തുന്നത് ശരിയല്ലെന്ന് തോന്നിയതുകൊണ്ട് ഞാൻ പറഞ്ഞതാണ്. എന്നോട് ക്ഷമിക്കണം.

ശ്രീ. ഇ. അഹമ്മദ് : ബഹുമാന്യനായ വി.പി. സിംഗ് കൊണ്ടുവന്ന ഏറ്റവും നല്ല മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഈ രാജ്യത്തുള്ള ഒരു പ്രത്യേക സംസ്ഥാനമായ ബംഗാളിൽ നടത്തണമെന്ന് ശ്രീ. ജ്യോതിബാസു പറഞ്ഞതിനെപ്പറ്റി നിങ്ങൾക്ക് എന്താണ് പറയാനുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്ന കാര്യത്തിൽ, 27% സംവരണം വേണമെന്ന കാര്യത്തിൽ ബംഗാൾ ഗവൺമെന്റ് ഒരിക്കലും അതിനെതിരായി ഒരുവാക്കും പറഞ്ഞിട്ടില്ല. ബംഗാളിന്റെ പ്രത്യേക സാഹചര്യത്തിൽ ബംഗാൾ ഭരിച്ച കോൺഗ്രസ് ഗവൺമെന്റിനോ ഇപ്പോഴത്തെ പ്രതിപക്ഷങ്ങൾക്കോ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടാൻപോലും കഴിയാത്ത പ്രത്യേക സാഹചര്യത്തിന്റെ നടുവിൽനിന്ന് പിന്നോക്ക വിഭാഗങ്ങൾക്കാവശ്യമായ നടപടികളുമായി മുന്നോട്ടു പോകുന്ന ബംഗാൾ ഗവൺമെന്റ് തീർച്ചയായും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കും. അവിടത്തെ കോൺഗ്രസ് പാർട്ടിയടക്കമുള്ള പ്രതിപക്ഷ പാർട്ടികൾക്ക്. .....ഞാൻ ലീഗിനെക്കുറിച്ച് പറയുന്നില്ല. അത് അവിടെ കിട്ടാത്ത ഒരു ചരക്കാണല്ലോ. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വേണമെന്ന് ആവശ്യപ്പെടാൻ പോലും കോൺഗ്രസ്സുകാർക്ക് കഴിയാത്ത ബംഗാളിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചാൽ മതി. ഞാൻ പറഞ്ഞുവന്നത് ഇൻഡ്യാ രാജ്യത്തെ.....

ശ്രീ. പി പി. തങ്കച്ചൻ : സർ, വി.പി. സിംഗ് മന്ത്രിസഭയുണ്ടായിരുന്ന കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ഒരു പ്രമേയം കൊണ്ടുവരാൻ താങ്കൾക്കോ, താങ്കളുടെ പാർട്ടിക്കോ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ.പി. അരവിന്ദാക്ഷൻ : സർ, അപ്പുറത്തിരിക്കുന്നവരെപ്പോലെ ആ റിപ്പോർട്ട് പത്ത് കൊല്ലത്തേക്ക് പഠനത്തുവയ്ക്കുകയല്ല ചെയ്തത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വി. പി. സിംഗ് നടപ്പിലാക്കിയ അവസരത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനവും ആ കാര്യം നടപ്പാക്കുന്നതിന്റെ വിശദാംശങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ പൊതുവായ ചർച്ചയ്ക്കും ചിന്തയ്ക്കും വേണ്ടി മുന്നോട്ടുവച്ചുവെന്നുള്ളത് വാസ്തവമാണ്. ആ അഭിപ്രായപ്രകടനം പൊതു ചർച്ചയ്ക്കായി വിട്ടുകൊടുത്തുകൊണ്ട് അത് നടപ്പാക്കുന്ന കാര്യത്തിൽ കലവറയില്ലാതെ, ഒപ്പം നിന്നുകൊണ്ട് നടപ്പാക്കുന്നതിനാവശ്യമായ ഒരു സമീപനമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനവും കൈക്കൊണ്ടത്. ശ്രീമാൻ തങ്കച്ചൻ, ഞാൻ അങ്ങയോട് സ്നേഹത്തോടെ ചോദിക്കുകയാണ്, സംവരണത്തെ ചോരയിൽ മുക്കിക്കൊല്ലാൻ വേണ്ടി പ്രവർത്തിച്ച ബി.ജെ.പി. എന്ന ശക്തിയോടൊപ്പം കൂട്ടുകൂടിക്കൊണ്ട് ആത്മാഹൂതികൾ സംഘടിപ്പിച്ച് അത് ജാതിയുദ്ധമാക്കി മാറ്റുന്നതിനാവശ്യമായ സമീപനം കൈക്കൊള്ളുന്ന ക്രൂരമായ നടപടിയായിരുന്നു അങ്ങയുടെ പാർട്ടി സ്വീകരിച്ചത് എന്നതല്ലേ സത്യം? ഈ നയത്തെ പരാജയപ്പെടുത്താനും, വി.പി. സിംഗിനെ എതിർക്കാനും വേണ്ടി മൂന്നു മണിക്കൂർനേരം ഇൻഡ്യൻ പാർലമെന്റിനകത്ത് വാതോരാതെ പ്രസംഗിച്ചു. എന്നിട്ട് ഇപ്പോൾ മണ്ഡൽ കമ്മീഷന്റെ ബന്ധുക്കളായി വന്നിരിക്കുകയാണ്. ആ നിങ്ങൾ ജാതിയുദ്ധം സംഘടിപ്പിച്ചു. ചെറുപ്പക്കാർ ആത്മാഹൂതി ചെയ്തു. പത്രത്തിൽ വന്നത് അവർ സ്വയം പെട്രോൾ ഒഴിച്ച് തീയിട്ടെന്നാണ്. ദുഷ്ടൻമാർ സംവരണത്തെ ചെറുക്കുന്നതിനുവേണ്ടി ഉന്നത ജാതിക്കാരുടെ മേധാവിത്വത്തിൽപ്പെട്ടുകൊണ്ട് ജാതിയുദ്ധം അഴിച്ചുവിടുകയും, അത് പ്രയോജനപ്പെടുത്തിക്കൊണ്ട് ആ ഗവൺമെന്റിനെ മാറ്റാൻ ശ്രമിക്കുകയും, മണിക്കൂറുകൾ അതിനെതിരായി പാർലമെന്റിൽ പ്രസംഗിക്കുകയും ചെയ്ത രാജീവ്ഗാന്ധിയുടെ ശിഷ്യൻമാർ ചോദിക്കുന്നു ബംഗാളിൽ എങ്ങനെയെന്ന്. നിങ്ങൾക്ക് കലവറയില്ലാത്ത സമീപനമാണോ ? ഞാൻ ഇ.എം.എസിന്റെ അഭിപ്രായം പറയാം, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ കാര്യത്തിൽ അർത്ഥശങ്കയില്ലാതെ പ്രഖ്യാപിച്ചു കഴിഞ്ഞു, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട്

നടപ്പാക്കുന്നതിനാവശ്യമായ പിന്തുണ നൽകുന്നതോടൊപ്പം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഈ കാര്യം എങ്ങനെ നടപ്പിലാക്കാമെന്നതിനെ കുറിച്ച് ഞങ്ങളുടെ അഭിപ്രായങ്ങളും പൊതു ചർച്ചയിൽ പറയുകയും ചെയ്യും. തെരഞ്ഞെടുപ്പ് വരുമ്പോൾ ഒരു നയം, തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഒരു നയം എന്നുള്ളതല്ല. തനിക്ക് അധികാരമുണ്ടായിരുന്നപ്പോൾ ആ റിപ്പോർട്ട് പരണത്ത് വയ്ക്കുകയും, ആരെങ്കിലും നടപ്പാക്കുമ്പോൾ അതിനെതിരായി ബി.ജെ.പി. യോടൊപ്പം നിന്നുകൊണ്ട് ജാതിയുദ്ധം സംഘടിപ്പിക്കുകയും ചെയ്യുക. തെരഞ്ഞെടുപ്പ് വന്നാൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ശരി, അധികാരം കിട്ടിയാലോ അപ്പോൾ കാര്യം വേറെ. നയം എന്താണെന്ന് സുപ്രീം കോടതിയിൽ പോയി വിധി വന്നതിനുശേഷം പറയാം. ഒരു രാഷ്ട്രീയപാർട്ടിയുടെ നയം പ്രഖ്യാപിക്കുന്നതിന് സുപ്രീം കോടതിയുടെ അനുവാദം വേണം എന്നുള്ളത് ഞാൻ ആദ്യമായി കേൾക്കുന്നത് രാജീവ്ഗാന്ധിയിൽ നിന്നാണ്. അത് പരിഹാസ്യമാണ്. സംവരണത്തിനെതിരെ ചിലരെ ചാക്കിട്ട് പിടിക്കാൻ രാജീവ്ഗാന്ധി പറയുന്നത് സുപ്രീംകോടതിയിൽനിന്ന് വിധിവന്നതിനുശേഷം പറയാമെന്നാണ്. പക്ഷെ ലീഗുകാരെ സംബന്ധിച്ചിടത്തോളം, ഹസ്സനും കരുണാകരനും മണ്ഡൽ കമ്മീഷനു തുല്യം അനുകൂലമാണെന്നു പറഞ്ഞാൽ സംശയം തീർന്നു. ആ സ്ഥിതിയെപ്പറ്റി ഞാൻ ദുഃഖിക്കുന്നു. നിങ്ങളെ കുത്തി നോവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇൻഡ്യാ രാജ്യത്ത് സംവരണ സുഹൃത്തുക്കളെ, പുതിയ സംവരണ സംരക്ഷകരെ ഞങ്ങൾക്കറിയാം. കാർഷിക പരിഷ്ക്കാര നിയമത്തിൽ കുടികിടപ്പുകാരനുള്ള അവകാശങ്ങളിൽ,

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

കർഷകത്തൊളിലാളിക്ക് സൗജന്യം നൽകിയപ്പോൾ നിങ്ങളുടെ നിലപാട് എന്തായിരുന്നു. ഞങ്ങൾ സംവരണത്തിനുവേണ്ടി ഉറച്ചുനിന്നപ്പോൾ അതിനെ തകർക്കാൻ വേണ്ടി ശ്രമിച്ച ബി.ജെ.പി. യോടൊപ്പം നിന്ന ആളുകളാണ് നിങ്ങൾ. സംവരണത്തിനുവേണ്ടി വാദിക്കുന്ന സുഹൃത്തുക്കളോട് ഞാൻ ചോദിക്കട്ടെ, സംവരണത്തിനെതിരായി നിൽക്കുന്നത് ബി.ജെ.പി. യാണോ? ബി.ജെ.പി. യുമായി അറിഞ്ഞും അറിയാതെയും കൈകോർക്കുന്ന കോൺഗ്രസാണോ? അതോ മാർക്സിസ്റ്റ് പാർട്ടിയാണോ? കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ പഴഞ്ചൻ കൊടിക്കൂറയുമായിട്ടാണ് നിങ്ങളുടെ പുറപ്പാടെങ്കിൽ നിങ്ങളെക്കുറിച്ച് ഓർത്ത് ദുഃഖിക്കുകയല്ലാതെ എനിക്ക് കൂടുതലായി പറയാനില്ല. ഈ കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗീകരിച്ച നയത്തെക്കുറിച്ചൊക്കെ എനിക്കുശേഷം സംസാരിക്കുന്ന മറ്റുള്ളവർ സംസാരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് വ്യക്തമായ അഭിപ്രായം പുലയ സമുദായത്തെ ഷെഡ്യൂൾഡ് കാസ്റ്റിൽ പെടുത്തണം എന്നതാണ്, മാപ്പിള എന്ന പ്രയോഗം കൊണ്ട് മലബാറിലൊഴികെ കേരളത്തിലെ മുസ്ലീംങ്ങളിൽ സംവരണാനുകൂല്യം കിട്ടാത്തവരുണ്ടെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്തണമെന്ന ഭേദഗതിയോടുകൂടി കേന്ദ്രത്തിലേക്ക് അഭിപ്രായമറിയിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എന്ന കാര്യം നിങ്ങൾക്ക് നിഷേധിക്കാമോ. ആ നിലപാട് വച്ചുനോക്കിയാൽ കമ്മ്യൂണിസ്റ്റുകാർക്ക് ഒരു വർഗ്ഗവീക്ഷണമുണ്ട്. തൊഴിലാളികളുടെയും കൃഷിക്കാരുടെയും അധ്വാനിക്കുന്നവരുടെയും സഹകരണത്തോടുകൂടിയാണ് അത്തരം സാമൂഹിക മാറ്റത്തിനുവേണ്ടി പ്രവർത്തിക്കുക. അതിനാവശ്യമായ രീതിയിൽ, കൂടുതൽ മെച്ചപ്പെട്ട രീതിയിൽ എങ്ങനെ പ്രവർത്തിക്കാം നടപ്പിലാക്കാമെന്ന് ചർച്ചകളും നടത്തുകയും അതോടൊപ്പം മുൻപെന്നപോലെ ഇൻഡ്യാ രാജ്യത്ത് ഇനിയും വരാൻ പോകുന്ന വി.പി. സിംഗിന്റെ ഗവൺമെന്റിനെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം ഈ സംവരണം നടപ്പിലാക്കിക്കുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ സംശയമില്ല. തീർച്ചയായും അത് ഈ രാജ്യത്ത് നടപ്പിലാക്കും. ആ രീതിയിൽ ഈ കാര്യത്തിൽ. .....ആശയമുള്ളവർക്ക് അല്ലേ നയം വ്യക്തമാകുകയുള്ളു. നിങ്ങൾക്ക് ആശയമേയുള്ളുവെന്നുള്ളതുകൊണ്ട് നിങ്ങളുമായിട്ട് ആശയപരമായിട്ടുള്ള ചർച്ചയ്ക്കില്ല. ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് ഇൻഡ്യാ രാജ്യത്ത് ഇത് നടപ്പിലാക്കാൻ വേണ്ടി ശ്രമിക്കുന്ന അവസരത്തിൽ അതിനെതിരായി പ്രക്ഷോഭം സംഘടിപ്പിച്ച ബി.ജെ.പി. യോടൊപ്പം കൈകോർത്ത് നിന്ന് ജാതി യുദ്ധം സംഘടിപ്പിച്ച, ആത്മാഹൂതി സംഘടിപ്പിച്ച ഈ രാജ്യത്തെ പ്രബല ശക്തികളുടെ നിലപാടും, സുപ്രീം കോടതിയിൽ കേസ് കൊടുത്തുകൊണ്ട് തൽക്കാലം അത് നിർത്തി വയ്പിച്ചതും, ആ ഗവൺമെൻറിനെ താഴെയിറക്കിയതും ജനങ്ങൾക്കിടയിൽ പ്രയാസങ്ങളുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ നിയമസഭ പിന്നോക്കക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടുള്ള നയവുമായി ഇനി മുന്നോട്ടു പോകുമെന്നുള്ള കാര്യത്തിൽ യോജിച്ച അഭിപ്രായ പ്രകടനം നടത്തേണ്ടതുണ്ട്. അതിന് ഈ ചർച്ച ഉപകരിക്കട്ടെയെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. വയലാർ രവി : മാഡം, 8-ാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിലെ അവസാന ചർച്ചയാണല്ലോ ഇത്. അത് ഈ രാജ്യത്തെ പിന്നോക്ക സമുദായത്തിന്റെ അവകാശത്തെ സംരക്ഷിക്കുന്നതിന് വഴി ഒരുക്കുന്ന നടപടിയാണെന്നതിൽ ഞാൻ സന്തോഷിക്കുന്നു. മണ്ഡൽ കമ്മീഷൻ ശുപാർശകൾ പൂർണ്ണമായി നടപ്പാക്കണമെന്നാണ് കോൺഗ്രസിന്റെ വ്യക്തമായ അഭിപ്രായം, ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. പി. അരവിന്ദാക്ഷൻ പ്രസംഗിച്ചപ്പോൾ ഞാൻ അൽഭുതപ്പെടുക ഉണ്ടായി. അദ്ദേഹം അവകാശപ്പെട്ടത് കർഷകത്തൊഴിലാളി നിയമം ഉണ്ടാക്കിയത് അവരാണ് എന്നാണ്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷെ കർഷകത്തൊഴിലാളി നിയമമുണ്ടാക്കിയെന്നു അവകാശപ്പെടാൻ കഴിയുന്ന പാർട്ടി, കോൺഗ്രസും സി. പി. ഐ. യും മുസ്ലീം ലീഗും അടക്കമുള്ള രാഷ്ട്രീയ പാർട്ടികളാണ്. ശ്രീ. അച്ചുതമേനോൻ ഗവൺമെൻറ് മുൻകൈയെടുത്ത്, ഞാൻ ആവർത്തിച്ചു പറയുന്നു ശ്രീ. സി. അച്ചുതമേനോൻ ഗവൺമെൻറിന്റെ ഭരണകാലത്ത് അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ കൊണ്ടു വന്നതാണ് സർ, കർഷകത്തൊഴിലാളി നിയമം. അഭിമാനത്തോടുകൂടി എനിക്കും അപ്പുറത്തിരിക്കുന്ന സി. പി. ഐ. ക്കാർക്കും അതിനെക്കുറിച്ച ഓർമ്മിക്കാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. അന്ന് അതിനെ എതിർത്തവരാണ് സർ, മുമ്പന്തിയിൽ ഇരിക്കുന്ന ഒന്നു രണ്ടു ആൾക്കാർ. അതിലേക്ക് ഞാൻ പോകുന്നില്ല. പക്ഷെ ഈ കേരളത്തിലെ തൊഴിലാളി വർഗ്ഗ പാർട്ടിയായ മാർക്സിസ്റ്റു പാർട്ടിയോട് ചോദിക്കട്ടെ, ഇൻഡ്യയിലെ തൊഴിലാളി നിയമങ്ങൾ നടപ്പിലാക്കിയതിൽ നിങ്ങൾക്ക് ആക്ഷേപമുണ്ടോ ? ഇൻഡ്യൻ സ്വാതന്ത്ര്യത്തിനുശേഷം ഇൻഡ്യയിൽ പാർലമെൻറ് പാസ്സാക്കിയ തൊഴിലാളി നിയമം നിങ്ങൾ കൊണ്ടുവന്നതാണോ ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ് കൊണ്ടുവന്ന തൊഴിലാളി നിയമങ്ങൾ മാത്രമേ ഇൻഡ്യാ രാജ്യത്തുള്ളു. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്കൊന്നും പോകുന്നില്ല. ഇവിടെ ശ്രീ. അരവിന്ദാക്ഷൻ ആത്മാഹൂതിയെപ്പറ്റി പറഞ്ഞു. ആത്മാഹൂതിയെക്കുറിച്ച് അദ്ദേഹം ഞങ്ങളെ ആക്ഷേപിക്കുകയുണ്ടായി. ആരാണ് അതിനു പിന്നിൽ, അതിന് ഞാൻ ആധാരമായി ഉന്നയിക്കുന്നത് "പേട്രിയാട്ടിൽ" മാർക്സിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലേൻഡ്യാ ജനറൽ സെക്രട്ടറി സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞതാണ്. കെ.പി. അരവിന്ദാക്ഷനാര്, ഇ.എ.എസ്. ആര് ? എന്നെ സംബന്ധിച്ചിടത്തോളം ഇ എം.എസ്. ആണ് അതോറിറ്റി. നായനാർ അല്ല, അങ്ങ് അല്ല അതോറിറ്റി. സർ, I quote—"Patriot, 4-12-1990. Reservations : Why and How" എന്ന ഇ.എ.എസി.ന്റെ ലേഖനത്തിൽ പറയുന്നു. Let us at the very outset make it clear that the young men and women belonging to the 'forward castes who have taken in their lakhs to the streets have a cause for apprehension"; മനസ്സിലായോ ഇംഗ്ലീഷ്? അടുത്ത വാചകംകൂടി കേൾക്കണം. "No sensitive democrat would therefore denounce the lakhs of 'forward' caste youth who are demonstrating and the dozens who have immolated themselves as 'reactionaries'. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞിരിക്കുന്നു ഡൽഹിയിലെ തെരുവീഥികളിൽ ജാഥയെടുത്ത ലക്ഷക്കണക്കിനു വരുന്ന മുന്നോക്കക്കാരായ ചെറുപ്പക്കാരെ കുറ്റപ്പെടുത്തരുത്. അവർ മണ്ണെണ്ണ ഒഴിച്ചു മരിച്ചുവെങ്കിൽ അവരെ ആക്ഷേപിക്കരുത്. അങ്ങനെ അവർക്കുവേണ്ടി ലേഖനമെഴുതിയ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ അനുയായി ശ്രീ. കെ.പി. അരവിന്ദാക്ഷനു നാണമുണ്ടോ ഇവിടെ പ്രസംഗിക്കാൻ മാന്യത വേണം. ലക്ഷക്കണക്കിനു ചെറുപ്പക്കാർ തെരുവിൽ ജാഥ നടത്തിയത്, മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ പ്രതിഷേധിച്ചത് പെട്രോളം ഒഴിച്ചു സ്വയം കത്തിച്ചു മരിച്ചതിനു അവരെ കുറ്റപ്പെടുത്തരുത് എന്നു പരസ്യമായി ലേഖനമെഴുതിയ ശങ്കരൻ നമ്പൂതിരിപ്പാടിനും അദ്ദേഹത്തിന്റെ പാർട്ടിക്കും ഞങ്ങളുടെ നേരെ വിരൽ ചൂണ്ടാൻ എന്താണ് അവകാശം ? ഞങ്ങളെ കുറ്റപ്പെടുത്താൻ നിങ്ങൾക്ക് നാണമുണ്ടോ ? പിന്നെ ബി.ജെ.പി.ബന്ധം സർ, ഞാൻ ഈ പടം മേശപ്പുറത്തു വയ്ക്കുന്നു. 1989 ജൂലൈ മാസം 4-ാം തീയതിയിലെ പത്രം, ഇതാണ് ചിത്രം. ഇതിൽ ആരൊക്കെയാണെന്ന് ഞാൻ വായിക്കാം. West Bengal Chief Minister Mr. Jyothi Basu, Mr. Atal Behari Vajpayee, Mr. V. P. Singh and Mrs. Gita Mukherjee at a Victory rally of Mr. Singh, in Calcutta. എന്നിട്ട് ബി.ജെ.പി.യെക്കുറിച്ച് ഞങ്ങളുടെ നേരെ മേക്കിട്ട് കയറാൻ വരുന്നോ ? ഇതൊക്കെ ഡോക്യുമെന്ററി എവിഡൻസ് ആണ്. ആദ്യം കട്ടലാസ് വായിക്ക് പിന്നെ വർത്തമാനം പറ. ഇങ്ങനെയുള്ള ഓരോ കാര്യങ്ങളും ചെയ്ത ആളുകളാണ് ഞങ്ങളുടെ നേരെ ആക്ഷേപം കൊണ്ടുവരുന്നത്. നിങ്ങൾ 1989-ൽ ഉണ്ടാക്കിയ കോൺഗ്രസ് വിരുദ്ധ മുന്നണി എവിടെ? മരിച്ച് മണ്ണടിഞ്ഞ കോൺഗ്രസ് വിരുദ്ധ മുന്നണിയുടെ ശവപ്പറമ്പിൽ അല്ലേ നിങ്ങൾ നിൽക്കുന്നത്. ആ ശവപ്പറമ്പിൽ നിങ്ങളും മരിച്ച് മണ്ണടിയാൻ ഇനിയും എത്ര ദിവസങ്ങൾ വേണം ? നിങ്ങൾ ഉണ്ടാക്കിയ കോൺഗ്രസ് വിരുദ്ധ മുന്നണി, കോൺഗ്രസിനെ തോൽപ്പിക്കാനുള്ള നിങ്ങളുടെ മുദ്രാവാക്യം ഇന്ന് എവിടെ പോയി ? ഇന്ന് ആ മുദ്രാവാക്യം കൊണ്ട് നിങ്ങൾ ശക്തിപ്പെടുത്തിയത്" ബി. ജെ. പി. യെ ആണ്. ഡൽഹിയിൽ ഹിന്ദുമത റാലി സംഘടിപ്പിച്ചത് ബി. ജെ. പി.യാണ് അതു കൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല.

ശ്രീ. അരവിന്ദാക്ഷൻ ഞങ്ങളെക്കുറിച്ചു പറഞ്ഞു. ഞാൻ അതിന്റെ—സംവരണത്തിന്റെ ചരിത്രം പരിശോധിക്കാൻ തയ്യാറാണ്. ഇൻഡ്യൻ ഭരണഘടനയിൽ ജാതി സംവരണത്തെ അംഗീകരിച്ചതടക്കമുള്ള ചരിത്രപശ്ചാത്തലം പരിശോധിക്കാൻ ഞാൻ ഒരുക്കമാണ്. അഭിമാനത്തോടുകൂടി ഞാൻ പറയുന്നു സർ, ഈ രാജ്യത്തെ ജാതി സംവരണം ഇൻഡ്യൻ നാഷണൽ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസിന്റെ സംഭാവനയാണ്. ഗാന്ധിജിയുടെ സംഭാവനയാണ്. പൂനാ പാക്ട് മുതലുള്ള സംഭാവനയാണ്. ഞാൻ പറയട്ടെ; പിന്നോക്ക സമുദായങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാനുള്ള പരിശ്രമത്തിന് നമ്മുടെ സ്വാതന്ത്ര്യ സമരത്തോളം പഴക്കമുണ്ട്. അതുകൊണ്ടാണ് ജാതി സംവരണത്തെ ഒരു തത്വമായിട്ട് അംഗീകരിച്ചതും നടപ്പിലാക്കിയതും. 1932-ലെ പൂനാ പാക്ടിന്റെ അടിസ്ഥാനത്തിലാണ് സർ, അതും മുന്നോട്ടു വന്നിട്ടുള്ളത്. നമുക്കെല്ലാവർക്കുമറിയാം ബ്രിട്ടീഷുകാരുടെ ഭിന്നിച്ചു ഭരിക്കൽ തന്ത്രത്തിന്റെ ഭാഗമായി സെപ്പറേറ്റ് ഇലക്ടറേറ്റ് തത്വം ഉന്നയിക്കുകയും അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി കൊണ്ടുവരികയും ചെയ്തപ്പോഴാണ് മഹാത്മാഗാന്ധി നിരാഹാരം അനുഷ്ഠിക്കേണ്ടിവന്നത്. ആ നിരാഹാരം അവസാനിപ്പിക്കുന്നതിന് അധ:കൃത വർഗ്ഗത്തിന്റെ സമുന്നത നേതാവ് ശ്രീ. അംബേദ്ക്കറും മഹാത്മാഗാന്ധിയും തമ്മിലുണ്ടാക്കിയ കരാറാണ് "പൂനാ പാക്ട്" ജാതി സംവരണത്തെ ഇൻഡ്യൻ ദേശീയ സമരത്തിന്റെ ഭാഗമായി അംഗീകരിക്കുകയും ഇൻഡ്യയിലെ ജനങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുകയും ബ്രിട്ടീഷുകാർ പറഞ്ഞതിന്റെ നേരെ ഇരട്ടി ആനുകൂല്യങ്ങളും സംവരണവും ഹരിജനങ്ങൾക്ക് ഏർപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതിയ തത്വം അംഗീകരിക്കപ്പെട്ടത് അന്നാണ്. അതാണ് ഗാന്ധിജിയുടെ നേട്ടം. അതിന്റെ ഭാഗമായി ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ രാഷ്ട്രീയ തീരുമാനമാണ്. ഇൻഡ്യൻ ഭരണഘടനയിലെ 330 മുതലുള്ള സ്പെഷ്യൽ പ്രൊവിഷൻസ്. ഭരണഘടനയ്ക്കകത്ത് ഈ എഴുതിയിരിക്കുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയ തീരുമാനമാണ്. അതിന്റെ പിൻബലവും അതിന്റെ ശക്തിയും എന്നു പറയുന്നത് ഗാന്ധിജിയുടെ പൂനാ പാക്ടിന്റെ സ്പിരിട്ടാണ്. ഇത് ഇവിടെ അവസാനിക്കുന്നില്ല. ഈ സ്പെഷ്യൽ പ്രൊവിഷൻസ് കൊണ്ടുവരിക മാത്രമല്ല 340-ാം വകുപ്പിനെ സംരക്ഷിക്കുന്നതിന് സുപ്രീംകോടതി തടസം ഉണ്ടാക്കിയപ്പോൾ ഇൻഡ്യയിലെ ഒന്നാമത്തെ ഭരണഘടനാ ഭേദഗതി 1951-ൽ കൊണ്ടുവന്നു. പിന്നോക്ക സമുദായങ്ങളുടെ അവശതകളെക്കുറിച്ച് അന്വേഷിക്കാനും പരിഹരിക്കാനും സമിതിയെ നിർണ്ണയിക്കുന്നതിന് പ്രസിഡൻറിന് അധികാരം കൊടുക്കുന്ന 340-ാം വകുപ്പിനെ സംരക്ഷിക്കുന്നതിനാണ് ഒന്നാമത്തെ ഭരണഘടനാ ഭേദഗതി ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ഗവൺമെൻറ് കൊണ്ടുവന്നത്. അപ്പോൾ പൂനാ പാക്ട് ഉൾക്കൊള്ളുക മാത്രമല്ല ഭരണഘടനയിൽ ഉൾക്കൊള്ളിക്കുക മാത്രമല്ല ആ ഭരണഘടനാ വകുപ്പിന് എതിരായി, മദിരാശി സർക്കാർ ഉത്തരവിന് എതിരായി സുപ്രീം കോടതി വിധി വന്നപ്പോൾ അതിനെതിരെ ഒന്നാമത്തെ ഭരണഘടനാ ഭേദഗതി വരുത്തിക്കൊണ്ട് സംരക്ഷിച്ചതാണ് സർ, അത് ഞാൻ വായിക്കാം. Amendment to the Article 15 (iv),' 'Nothing in this article or in clause (2) of Article 29 shall prevent the State from making any special provision for the advancement of any socially and educationally backward classes of citizens or for the Scheduled Castes and the Scheduled Tribes". ഈ അമൻറ്മെൻറ് പാസ്സാക്കി, ഭരണഘടനയിലെഴുതിയ, പൂനാ പാക്ട് ഉണ്ടാക്കിയ, ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ നോക്കി സ്വാതന്ത്ര്യ സമരത്തെ ഒറ്റിക്കൊടുത്ത അരവിന്ദാക്ഷന്റെ പാർട്ടി വിരൽ ചൂണ്ടുമ്പോൾ ലജ്ജിക്കണ്ടേ സർ? മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ ഇപ്പോൾ കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ ഇൻഡ്യയിലെ കോടതികളും പിന്നോക്ക സമുദായത്തിന്റെ എല്ലാ സംവരണ കാര്യങ്ങളിലും നിഷേധാത്മകമായ നിലപാട് സ്വീകരിച്ചു എന്നതിൽ ഞാൻ ഖേദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, കാലാകാലങ്ങളിൽ സംസ്ഥാനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് സംവരണമേർപ്പെടുത്തിയപ്പോഴൊക്കെ, അതിനെതിരായുണ്ടായ വെല്ലുവിളിക്ക് അനുകൂലമായി, പിന്നോക്ക സമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ റദ്ദാക്കാൻ മാത്രമേ എല്ലാ കോടതികളും (1979-ൽ അലഹബാദ് ഹൈക്കോടതിക്കുവരെ) കഴിഞ്ഞിട്ടുള്ളു എന്നുള്ളതാ നിർഭാഗ്യകരമായി പോയി എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. 1979-ൽ യു. പി. യിൽ കൊടുത്ത 15 % സംവരണം റദ്ദാക്കിയതിനുശേഷമാണ് 'ശ്രീമാൻ മഹാൻ' എന്ന് ശ്രീമാൻ അരവിന്ദാക്ഷൻ വിശേഷിപ്പിച്ച ശ്രീമാൻ വി. പി. സിംഗ് സഞ്ജയ് ഗാന്ധിയുടെ നോമിനിയായി, കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയായി യു.പി.യിൽ വന്നത്. മൂന്നു കൊല്ലം ഭരിച്ചു. പക്ഷേ അദ്ദേഹം അവിടെ സംവരണം ഏർപ്പെടുത്തിയിട്ടില്ല. അദ്ദേഹത്തിനു മഹത്വം കിട്ടിയത് ഇപ്പോഴാണ്. അന്ന് ഇല്ലാതെ പോയി. ആദ്യത്തെ, 'കാക്കകലേക്കർ' റിപ്പോർട്ടിലേക്ക് ഞാൻ കടക്കുന്നില്ല. സ്വന്തം റിപ്പോർട്ട് എഴുതിയിട്ട് അത് നടപ്പാക്കേണ്ടെന്നു എഴുതിക്കൊടുത്തെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ പിന്നോക്ക സമുദായങ്ങൾക്ക് ആനുകൂല്യം കൊടുക്കുന്ന എല്ലാ അവസരങ്ങളിലും അതിനെതിരായ പ്രക്ഷോഭണം നടത്താൻ എല്ലാവരും മുന്നോട്ട് വന്നിട്ടുണ്ട്. ആ പ്രക്ഷോഭണങ്ങളുടെ മുന്നിൽ ഒരിക്കലും മുട്ടുകുത്തരുത് എന്ന അഭിപ്രായമാണ് നമുക്കെല്ലാവർക്കുമുള്ളത്. ഞാൻ ചൂണ്ടിക്കാണിക്കുന്നത് മറ്റൊന്നാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നയമെന്താണെന്നറിയാമോ ? സംസ്ഥാനങ്ങൾക്ക് സംവരണമേർപ്പെടുത്താം. സംവരണത്തിൽ ഇഷ്ടമുള്ള തീരുമാനമെടുക്കാം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ എല്ലാ സംസ്ഥാന ഗവൺമെന്റുകൾക്കും സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. സംസ്ഥാനങ്ങളിൽ സംവരണമേർപ്പെടുത്തിയത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഗവൺമെന്റാണ് എന്ന് അഭിമാനത്തോടുകൂടി ഞാൻ പറയും. എന്നാൽ 1957-ൽ ഇൻഡ്യയിൽ ആദ്യത്തെ ഭാഷാ സംസ്ഥാന ഗവൺമെന്റുകളുണ്ടായി. കേരളത്തിൽ ആദ്യത്തെ കോൺഗ്രസേതര ഗവൺമെന്റുണ്ടായി. 1957-ൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഗവൺമെന്റാണ് (മുഖ്യമന്ത്രിയാണ്) ഇൻഡ്യാ ചരിത്രത്തിൽ ആദ്യമായി ജാതി സംവരണത്തിനെതിരായി ശബ്ദിച്ചത്. ജാതി സംവരണം മാറണമെന്ന അടിസ്ഥാനത്തിൽ സാമ്പത്തിക മാനദണ്ഡം വേണമെന്ന രേണ പരിഷ്ക്കാര റിപ്പോർട്ട് കൊണ്ടുവന്ന് ഇൻഡ്യയിലാവശ്യപ്പെട്ടത്. അതിന്റെ അർത്ഥം എന്താണെന്നറിയാമോ ? കോൺഗ്രസ്സേതര ഗവൺമെന്റ് വന്നപ്പോഴാ സാമ്പത്തിക സംവരണം വന്നു. ആര് കൊണ്ടുവന്നു ? സഖാവ് ഇ. എം ശങ്കരൻ നമ്പൂതിരിപ്പാട്. അദ്ദേഹത്തോട് എനിക്ക് ആക്ഷേപമൊന്നുമില്ല. ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. കാരണം അദ്ദേഹം നായനാരെപോലെയല്ല, കൺസിസ്റ്റൻറാണ്. അന്നും ഇന്നും പറയുന്നത് സാമ്പത്തിക മാനദണ്ഡം വേണമെന്നാണ്. ഞാൻ അദ്ദേഹത്തിന്റെ ലേഖനം മാത്രമേ ആധാരമാക്കുന്നുള്ളു. അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് സംവരണ വിരുദ്ധ അജിറ്റേഷനെക്കുറിച്ചാണ്. അജിറ്റേഷനെക്കുറിച്ച് അദ്ദേഹം എന്താണ് പറഞ്ഞത് ? ഞങ്ങളോട് ചോദിച്ചില്ലായെന്ന് അദ്ദേഹം പരാതിപ്പെട്ടിരിക്കുന്നു അദ്ദേഹം പറഞ്ഞത് ഉദ്ധരിക്കുന്നതാണ് നല്ലത്. ഞാനത് ഉദ്ധരിക്കാം. ഇ. എം. എസ്.-ന്റെ ലേഖനമാണ്—"വൈകിയ വേളയിലെങ്കിലും നെട്ടൂർ, മറക്കുർ നിർദ്ദേശങ്ങളെ ആസ്പദമാക്കി വേണ്ട ഭേദഗതികളോടെ സംവരണം നടപ്പിലാക്കണമെന്ന് ഞങ്ങളും വി. പി. സിംഗിനോട് ആവശ്യപ്പെടുന്നു.". അദ്ദേഹം പറഞ്ഞിരിക്കുന്നത് ഞങ്ങളോട് ആലോചിക്കാതെ നടപ്പിലാക്കുന്നത് ശരിയായില്ല,

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് പ്രക്ഷോഭണമുണ്ടായത് എന്നാണ്. അതായത് സാമ്പത്തിക മാനദണ്ഡം വേണമെന്ന് നിർദ്ദേശിക്കുന്ന നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിനേയും കർപ്പൂരി ഠാക്കൂർ റിപ്പോർട്ടിനേയും പൂർണ്ണമായി പിൻതാങ്ങുന്നു എന്നു പറയുന്ന അദ്ദേഹത്തിന്റെ പോളിറ്റ് ബ്യൂറോ എടുത്ത അവസാനത്തെ തീരുമാനത്തിന്റെ കോപ്പി എന്റെ പക്കലുണ്ട്. ആ പോളിറ്റ് ബ്യൂറോയുടെ തീരുമാനമെന്താണെന്നറിയാമോ മാഡം ? ഇവിടെ ശ്രീ. കെ. പി. അരവിന്ദാക്ഷൻ പറഞ്ഞാൽ ആരാണ് വകവയ്ക്കുന്നത് ? പോളിറ്റ് ബ്യൂറോ പറഞ്ഞതാണ് പ്രശ്നം. കാരണം ഭരണം കേന്ദ്രത്തിലാണ്. സംസ്ഥാനങ്ങളിലൊക്കെ സംവരണമുണ്ട്, കേരളത്തിലും സംവരണമുണ്ട്, കേന്ദ്രം നടപ്പിലാക്കണം. കേന്ദ്രം നടപ്പിലാക്കണമെങ്കിൽ അതിന്റെ തീരുമാനമെടുക്കേണ്ടത് പോളിറ്റ് ബ്യൂറോ ആണ്. പോളിറ്റ് ബ്യൂറോ പറഞ്ഞത് ഞാൻ കാട്ടി ചെയ്യാം. "The Party's differences with the Janatha Dal on the Mandal Commission report, which will form the main election plan of M. V. P. Singh, was not denied by the CPM leader". .....The party believed that the "Karpoori Thakur formula" was the only way to implement reservation". അപ്പോൾ കർപ്പൂരി ഠാക്കൂർ കമ്മീഷൻ റിപ്പോർട്ട് മാത്രമാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനേക്കാൾ ഭേദം. അതായത് സാമ്പത്തിക സംവരണം മാത്രമാണ് ഒരു സൊല്യൂഷൻ എന്ന് നിർദ്ദേശിച്ചുകൊണ്ടിരിക്കുന്ന പോളിറ്റ് ബ്യൂറോ ആണോ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ പോകുന്നത് ? അതിന്റെ അവസാനത്തെ ഉദാഹരണമാണ് ജനതാ ദളിന്റേയും ദേശീയ മുന്നണിയുടേയും.....

സ്പോർട്സും യുവജനക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എം. നീലലോഹിതദാസൻ നാടാർ) : കർപ്പൂരി ഠാക്കൂർ ഫോർമുല എന്താണെന്ന് വിശദീകരിക്കാമോ ?

ശ്രീ. വയലാർ രവി : അതൊക്കെ പറയാം. എൻ. ടി. രാമറാവു പറഞ്ഞത് ദേശീയ മുന്നണി അംഗീകരിച്ചിരിക്കുന്നു. എൻ. ടി. രാമറാവു ആ മുന്നണിയുടെ ചെയർമാനാണ്. അദ്ദേഹം നിസ്സാരക്കാരനല്ല. അദ്ദേഹം പറഞ്ഞു യാതൊരു കാരണവശാലും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്ന കാര്യം ഞങ്ങൾ ഇപ്പോൾ ആലോചിക്കുന്നില്ല. ഞങ്ങൾ ചർച്ചയൊന്നും പ്രശ്നമാക്കുന്നില്ല എന്നാണ്. ഇപ്പോൾ അവരുടെ പ്രകടന പത്രികയിൽ എന്താണ് വന്നിരിക്കുന്നത് ? ഞങ്ങൾ സാമ്പത്തികമായ മാനദണ്ഡവും കണക്കിലെടുക്കാൻ തയ്യാറാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ നിന്നും തുടക്കത്തിലെ പുറകോട്ടുപോയ വി. പി. സിംഗ് ഇപ്പോൾ എവിടെ നിൽക്കുന്നു ? സ്വന്തം പ്രകടന പത്രികയിൽ വരെ മണ്ഡൽ കമ്മീഷനെ തള്ളിപ്പറഞ്ഞിരിക്കുന്നു. രാമറാവു പറഞ്ഞിരിക്കുന്നു അത് നടപ്പിലാക്കുന്ന പ്രശ്നമില്ല. പോളിറ്റ് ബ്യൂറോ പറഞ്ഞിരിക്കുന്നു കർപ്പൂരി ഠാക്കൂർ ഫോർമുല വേണം. ശ്രീ. കെ. പി. അരവിന്ദാക്ഷൻ പറയുന്നു ഞങ്ങൾ രണ്ടുകയ്യും പൊക്കി പിൻതാങ്ങുമെന്ന്. വല്ല കാര്യവുമുണ്ടോ സർ? ഇതു മാത്രമല്ല എന്റെ ചോദ്യം, മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ എടുത്ത തീരുമാനമാണ് ഇതെങ്കിൽ 13 കൊല്ലമായി മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന ബംഗാളിൽ എന്താണ് ? മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഞാനുദ്ധരിക്കാം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ ജ്യോതി ബാസു പറഞ്ഞതാണ് ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട കാര്യം (പേജ് 11, 266) വെസ്റ്റ് ബംഗാൾ ഗവൺമെന്റ് ആഗസ്റ്റ് 1-ാം തീയതി 1980-ൽ ഒരു കമ്മിറ്റി വച്ചു. ആഗസ്റ്റ് 30-ാം തീയതി ഇത് പഠിച്ച് റിപ്പോർട്ട് കൊടുത്തു. എന്തൊരു ബുദ്ധിമാൻമാരാണ്

LIBRARY ARCHIVES Kerala Legislative Assembly

സർ? ആ റിപ്പോർട്ടിന്റെ അവസാനം "For the economic development education advancement of this group—"The Committee was against the reservation of the quotas in Government Services for backward classes. The report of the Committee was accepted by the West Bengal Government in toto". എന്നാണ്. അതായത് ജാതി സംവരണം പാടില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് ജ്യോതിബാസു ഭരിക്കുന്ന വെസ്റ്റ് ബംഗാളിൽ യാതൊരു കാരണവശാലും ഇത് വേണ്ടായെന്ന് 29 ദിവസംകൊണ്ട് റിപ്പോർട്ട് വരുത്തി അത് അംഗീകരിച്ചു കൊണ്ട് മുന്നോട്ടു പോകുമ്പോഴാണ് ഇവിടെയിരുന്ന് ശ്രീ. കെ. പി. അരവിന്ദാക്ഷൻ ഇത് നടപ്പിലാക്കണമെന്ന് പറയുന്നത്. നാണമുണ്ടോ? പരസ്പര വിരുദ്ധമായി പറയുന്നു. എന്നു മാത്രമല്ല ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞിട്ടുണ്ട് ഇ. എം. എസ്.-ന്റെ 16-11-ലെ ദേശാഭിമാനി ലേഖനം ഞാനുദ്ധരിക്കാം. "സംസ്ഥാനതലത്തിൽ സംവരണമേർപ്പെടുത്തണമെന്ന കാര്യം അതാതിടത്തുള്ള ഗവൺമെന്റുകൾക്ക് വിട്ടു കൊടുത്തിരിക്കുകയാണ്". ഇതനുസരിച്ച് ബംഗാളിൽ സംവരണം നടപ്പിലാക്കുന്നില്ലായെന്നാണ് ജ്യോതിബാസു പറഞ്ഞിരിക്കുന്നത്. ഇതാര് പറഞ്ഞിരിക്കുന്നു? സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞിരിക്കുന്നു യാതൊരു കാരണവശാലും ബംഗാളിൽ ജ്യോതി ബാസു നടപ്പാക്കുന്നതല്ല. ഇ. എം. എസ്. അവസാനം പറഞ്ഞത് കേൾക്കണമോ? എന്നെ ഏറ്റവും ദുഃഖിപ്പിക്കുന്ന കാര്യമതാണ്. ഞാൻ ചിന്തയിൽ നിന്ന് വായിക്കുകയല്ല.....

ബഹളം..... ജനുവരി 9-ാം തീയതിയിലെ കേരള കൗമുദിയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് "ജാതി സംവരണത്തെ എതിർക്കുക മാത്രമല്ല ഈഴവ സമുദായമടക്കമുള്ളവർക്ക് സംവരണം കൊടുക്കരുത്". ദീർഘകാലമായി നിലനിന്നുപോരുന്ന സംവരണ വ്യവസ്ഥയുടെ ഫലമായി പട്ടിക ജാതിക്കാരും പട്ടിക വർഗ്ഗക്കാരുമൊഴിച്ചുള്ള മറ്റു പിന്നോക്ക സമുദായങ്ങളിൽ ഒരു വിഭാഗം ക്രമേണ ഉയർന്നു വരുന്നുണ്ട്. സംവരണാനുകൂല്യമില്ലാതെ തന്നെ മുന്നോക്ക സമുദായങ്ങളിലെ യുവതി യുവാക്കളോട് മൽസരിച്ച് ഉദ്യോഗം നേടാനുള്ള കഴിവ് അവർ സമ്പാദിച്ചിട്ടുണ്ട്. ഐ. എ. എസും. ഐ. പി. എസും വരെയുള്ള പല തസ്തികകളിലും അവർക്ക് കയറിപ്പറ്റാൻ കഴിഞ്ഞിട്ടുണ്ട്." അവരെ സംവരണാനുകൂല്യത്തിൽ നിന്നും ഒഴിവാക്കണം. എന്നാണ് സി. പി. എം. ന്റെ അഭിപ്രായം. മി. നായനാർ അങ്ങ് മറുപടി പറയണം. ഈ രാജ്യത്തെ ഈഴവ സമുദായമടക്കമുള്ള പിന്നോക്ക സമുദായക്കാരിൽ ഐ. എ. എസും ഐ. പി. എസും കിട്ടിയവരെ ഒഴിവാക്കണമെന്ന് ഇ. എം. എസ്. ന്റെ അഭിപ്രായം. അങ്ങ് പോളിറ്റ് ബ്യൂറോ ആണ് ഒഴിയാൻ പറ്റില്ല. അപ്പോൾ ഒന്നുകിൽ ഇരട്ടത്താപ്പു നയം സ്വീകരിക്കാം. അതല്ലെങ്കിൽ ഇ. എം. എസിന്റെ തൽക്കാലം തള്ളിപ്പറയും. 30 വെള്ളിക്കാശിന് തള്ളിപ്പറഞ്ഞതുപോലെ 30 വോട്ടിനു വേണ്ടി സ്വന്തം നേതാവിനെ തള്ളിപ്പറയുന്ന ഒരു ജൂദാസായി നിങ്ങൾ മാറേണ്ടി വരും. മി. നായനാരെ, അങ്ങയെ ഞാൻ "ജൂദാസേ" എന്നു വിളിക്കും എന്തുകൊണ്ടാണെന്നറിയാമോ? ഇ. എം. എസ്. എന്നു പറയുന്ന നിങ്ങളുടെ നേതാവിനെ നിങ്ങൾ ഇപ്പോൾ തള്ളിപ്പറയാൻ തുടങ്ങിയിരിക്കുന്നു എന്തിന്? ആ കസേരയിലിരിക്കാനുള്ള കൊതികൊണ്ട് സ്വന്തം നേതാവിനെ പോലും തള്ളിപ്പറഞ്ഞു. അദ്ദേഹം എഴുതിയ ലേഖനങ്ങളേയും അഭിപ്രായങ്ങളേയും പോളിറ്റ് ബ്യൂറോ തീരുമാനത്തേയും നിങ്ങൾ തള്ളിപ്പറഞ്ഞതിനേക്കാൾ അപമാനകരമായി മറ്റൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മാഡം, മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിൽ ഏഴ് പ്രധാനപ്പെട്ട കാര്യങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സാമ്പത്തികമായ പിന്നോക്കാവസ്ഥ. ഞാൻ അതിന്റെ ഭരണഘടനാപരമായ പ്രശ്നങ്ങളിലേക്കൊന്നും പോകുന്നില്ല. സാമ്പത്തികമായ പിന്നോക്കാവസ്ഥയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഭൂപരിഷ്ക്കരണത്തെക്കുറിച്ച് ശ്രീ. അരവിന്ദാക്ഷൻ പറഞ്ഞു. ഫൈനാൻസ് അസിസ്റ്റൻറ്സ്. ഞാൻ അതു മുഴുവൻ വായിക്കുന്നില്ല. അതിൽ പറഞ്ഞിരിക്കുന്ന അഞ്ചാറ് പാരഗ്രാഫ് എന്നു പറയുന്നത്, പിന്നോക്ക സമുദായം, ഹരിജൻ അടക്കമുള്ളവർക്കുള്ള സാമ്പത്തിക സഹായം. അവർക്കുള്ള പരിപാടികൾ എന്താണ് എന്നതാണ്. ഞാൻ സന്തോഷത്തോടുകൂടി പറയുന്നു, ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടി ഈ മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങളാണ്. ഇതിൽ പറഞ്ഞിരിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ ഈ രാജ്യത്ത് ബാങ്കുകളിൽനിന്ന് ലോൺ മേള നടത്തി ശ്രീമാൻ പൂജാരി പതിനായിരക്കണക്കിന് പാവങ്ങൾക്ക് പണം കടം കൊടുത്ത് മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സാമ്പത്തിക വളർച്ചയിലേക്ക് എത്തിച്ചപ്പോൾ 'പൂജാരി മേള' എന്ന് ആക്ഷേപിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. ശ്രീ. രാമകൃഷ്ണ ഹെഗ്ഡേ പുസ്തകമിറക്കി ; പൂജാരി മേള. അപ്പുറത്തിരിക്കുന്ന നേതാക്കൻമാർ ബാങ്ക് യൂണിയൻകാരെക്കൊണ്ട് പ്രസ്താവന ഇറക്കിച്ച് അതിനെ പൊളിക്കാൻ നോക്കി.

അവസാനമായി ഒരു കാര്യംകൂടി പറയട്ടെ. ശ്രീ. ദിനകരൻ ഇവിടെ ഇരിക്കുന്നുണ്ട്. ശ്രീ. ദിനകരൻ ഉൾപ്പെടുന്ന കമ്മ്യൂണിറ്റിയെ, സമുദായത്തെ ഷെഡ്യൂൾഡ് കാസ്റ്റ് ആക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഞങ്ങൾ അതിനെ പൂർണ്ണമായും പിന്താങ്ങുന്നു. അതു വേണമെന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അതിന്റെ അടിസ്ഥാനം എന്താണ്. ഈ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എന്താണെന്നു വച്ചാൽ, സോഷ്യലി, എഡ്യൂക്കേഷണലി ബാക്ക്വേർഡ് എന്നാണ്. സോഷ്യലി ആൻ എഡ്യൂക്കേഷണലി ബാക്ക്വേർഡ് എന്നു പറഞ്ഞാൽ, ഏറ്റവും അടിസ്ഥാനപരമായ രണ്ടു കാര്യങ്ങളിൽ ഒന്നാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ചർച്ച നടക്കുമ്പോൾ, എല്ലാവരുടേയും ധാരണ 27 ശതമാനത്തിൽ എല്ലാം ഒതുങ്ങുന്നു എന്നാണ്. അത് ശരിയല്ല. അത് ഏറ്റവും പ്രധാനപ്പെട്ടതാണ് എന്തുകൊണ്ടെന്നാൽ, ബ്യൂറോക്രസിയാണ് ഇൻഡ്യാ രാജ്യം ഭരിക്കുന്നത്. ബ്യൂറോക്രസി ഇൻഡ്യാരാജ്യം ഭരിക്കുമ്പോൾ, ഉദ്യോഗസ്ഥവൃന്ദം എന്ന നിലയിൽ ഈ രാജ്യം ഭരിക്കാനുള്ള അവകാശം പിന്നോക്കക്കാർക്കും ഉണ്ടാകണം. അതിനുവേണ്ടി റിസർവേഷൻ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. അത കേരളം അടക്കമുള്ള എല്ലാ സംസ്ഥാനങ്ങളിലുമുണ്ട്. ഞങ്ങൾ അതിനെ പിൻതാങ്ങുന്നു. പക്ഷേ എഡ്യൂക്കേഷണലി ബാക്ക്വേർഡിനെപ്പറ്റി മഹാനായ വി.പി. സിംഗ് പറഞ്ഞതു കേൾക്കണമോ ? മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന് ആധാരമായ സോഷ്യലി ആൻറ് എഡ്യൂക്കേഷണലി ബാക്കുവേർഡ് എന്നതിൽ എഡ്യൂക്കേഷൻ രംഗത്ത് വരുത്തേണ്ടതായ സംവരണം നടപ്പിലാക്കുന്നതല്ല എന്നു പ്രഖ്യാപിച്ച വി. പി. സിംഗ് ആണോ മഹാൻ ? മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറയുന്ന ഒരു ഭാഗം നടപ്പാക്കുകയില്ലെന്നു പ്രഖ്യാപിച്ചാൽ അതിനെ ന്യായീകരിക്കുന്നത് ശരിയാണോ ? ഒരു കാര്യം വ്യക്തമാണ്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റു കാര്യങ്ങൾ നടപ്പിലാക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. അത് ഉണ്ടായത് ദുഃഖകരമായ കാര്യമാണ്. ഞാൻ പറയട്ടെ കേരളത്തിലെ എല്ലാ ജനസമൂഹത്തിനും കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ജനങ്ങൾക്കും ഇക്കാര്യത്തിൽ സന്തോഷമേ ഉണ്ടാകേണ്ടതായിട്ടുള്ളു. കാരണം നമ്മുടെ സംസ്ഥാനത്തിന് ഒരിക്കൽപോലും മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് കൊണ്ട് കുറയുന്നില്ല. കാരണം നമുക്ക് 27 ശതമാനത്തിൽ കൂടുതൽ ഉള്ളതാണ്. ബംഗാളിൽ 40 ശതമാനമുണ്ട്. നമ്മെം കേരളത്തിന് പുറത്ത് പോയിട്ടുള്ളവരല്ലേ? ബഹുമാനപ്പട്ട ഡെപ്യൂട്ടി സ്പീക്കറും ഞാനുമൊക്കെ പുറത്ത് ഉണ്ടായിരുന്നു. കേരളത്തിന് പുറത്ത് നമ്മളെയൊക്കെ വിളിക്കുന്നത് 'മദ്രാസി' എന്നാണ്. കേരളക്കാർ എന്നല്ല. അതുകൊണ്ട് കേന്ദ്ര സർവ്വീസിൽ നമുക്കാർക്കും ജോലി കിട്ടുന്നില്ല. കേരളീയർക്ക് ജോലി കിട്ടുത്ത അവസ്ഥ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കേന്ദ്രഗവൺമെന്റിലുമുണ്ട്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് വരുമ്പോൾ ജാതിമത ഭേദമെന്യേ കേരളീയർ എന്ന നിലയിലെങ്കിലും ജോലി കിട്ടാൻ സഹായകരമാകും എന്നുള്ളതുകൊണ്ട് നിശ്ചയമായും ഇതിനെ എല്ലാപേരും ഒരുപോലെ സ്വാഗതം ചെയ്യേണ്ടതാണ്. കേരള സംസ്ഥാനത്തിൽ ഒരു പിന്നോക്ക സമുദായക്കാരനായ ശ്രീമാൻ സി. കേശവൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ചെയ്ത മഹത്തായ സേവനങ്ങളുടെ ചുവടു വച്ചുകൊണ്ടു മുന്നോട്ടു പോകാൻ കഴിയുന്നതിൽ സന്തോഷിക്കുന്നു. 1957-ൽ വന്ന ആദ്യത്തെ കോൺഗ്രസ്സിതര ഗവൺമെൻറിന്റെ മുഖ്യമന്ത്രി സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് അത് എടുത്തു കളയാൻ ശ്രമിച്ചതിൽ ഞാൻ ഖേദിക്കുന്നു. ദുഃഖിക്കുന്നു.

ഞാൻ അവസാനിപ്പിക്കുകയാണ്. ഇൻഡ്യൻ ജനാധിപത്യം പൂർണ്ണമാകണമെങ്കിൽ, അത് ശക്തമാകണമെങ്കിൽ, നിലനിൽക്കണമെങ്കിൽ സാമൂഹ്യനീതി ഉറപ്പു വരുത്തണം. സാമൂഹ്യനീതി ഉറപ്പു വരുത്തുന്നില്ലെങ്കിൽ, അവശത അനുഭവിക്കുന്ന മഹാ ഭൂരിപക്ഷം വരുന്ന പിന്നോക്ക ഹരിജൻ വിഭാഗങ്ങൾക്ക് തുല്യമായ അവകാശങ്ങൾ അനുഭവിക്കാൻ അവസരം കിട്ടുന്നില്ലെങ്കിൽ ജനാധിപത്യത്തിന്റെ നിലനിൽപ്പുപോലും അപകടത്തിലാകും. അതുകൊണ്ട് മഹാത്മഗാന്ധി പഠിപ്പിച്ച പാഠം ഉൾക്കൊണ്ടുകൊണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പഠിപ്പിച്ച പാഠം ഉൾക്കൊണ്ടുകൊണ്ട് പിന്നോക്കം നിൽക്കുന്ന എല്ലാ ജനവിഭാഗങ്ങളുടേയും വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് അതിന്റെ ഒരു ചുവടുവയ്പ് എന്ന നിലയിൽ അതിനെ പൂർണ്ണമായും പിൻതാങ്ങുന്നതോടൊപ്പം അവരുടെ പുരോഗതിക്കും വളർച്ചയ്ക്കുംവേണ്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് എന്നും മുന്നിലുണ്ടാകണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എം. ദാസൻ : ശ്രീ. വയലാർ രവി വളരെ ആവേശഭരിതനായി ഇവിടെ പ്രസംഗിച്ചു. ആ പ്രസംഗത്തിൽ മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിനോട് കോൺഗ്രസ് (ഐ) യ്ക്കുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാൻ ശ്രീ. വയലാർ രവി തയ്യാറായില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നുള്ളത് ശ്രീ വയലാർ രവിയുടെ വ്യക്തിപരമായ അഭിപ്രായമാണ്; കോൺഗ്രസ് (ഐ)യുടെ അഭിപ്രായമല്ല. കോൺഗ്രസ് ഐയുടെ അഭിപ്രായം ശ്രീ. രാജീവ് ഗാന്ധി കഴിഞ്ഞ വർഷം ആഗസ്റ്റ് അവസാനം പാർലമെൻറിൽ പറഞ്ഞിട്ടുണ്ട്. അന്ന് രാജീവ് ഗാന്ധി പറഞ്ഞത് ഞാൻ സംവരണത്തെ അനുകൂലിക്കുന്നില്ല എന്നാണ്. 27 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള വി.പി. സിംഗ് ഗവൺമെൻറിന്റെ തീരുമാനത്തെ അനുകൂലിക്കുന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. സംവരണ തീരുമാനം തെറ്റല്ല എന്നാണ് അന്നത്തെ പ്രധാനമന്ത്രി വി. പി. സിംഗ് പറഞ്ഞത്. 1960-ൽ ആന്ധ്രാപ്രദേശിലും കർണ്ണാടകത്തിലും പെറിയതോതിൽ സംവരണം ഏർപ്പെടുത്തിയിരുന്നുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. സിംഗ് പറഞ്ഞപ്പോൾ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. രാജീവ് ഗാന്ധി പറഞ്ഞത് അന്ന് ഞാൻ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ നടക്കുമായിരുന്നില്ല എന്നാണ്. ഏറ്റവും ഒടുവിലായി കഴിഞ്ഞ മാർച്ച് 21-ാം തീയതി രാജസ്ഥാനിൽ പത്രലേഖകരോട് രാജീവ് ഗാന്ധി പറഞ്ഞത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് ഞാൻ പരിപൂർണ്ണമായും ഏതിരാണെന്നാണ്.

ശ്രീ. വയലാർ രവി പറഞ്ഞില്ലേ 30 വെള്ളിക്കാശിനുവേണ്ടി ക്രിസ്തുദേവനെ ഒറ്റുകൊടുത്ത കാര്യം. 30 വോട്ടിനുവേണ്ടി ശ്രീ. വയലാർ രവി അദ്ദേഹത്തിന്റെ നേതാവിനെ ഒറ്റുകൊടുക്കുകയാണ്. അത് കോൺഗ്രസ് (ഐ)യുടെ അഭിപ്രായമല്ല, ശ്രീ. വയലാർ രവിയുടെ അഭിപ്രായമാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സംവരണ കാര്യത്തിൽ എടുത്തിട്ടുള്ള വ്യക്തമായ നിലപാട് വിശദീകരിച്ചിട്ടുണ്ട്. പ്രസംഗത്തിൽ മാത്രമല്ല, അനുഭവത്തിൽ, 27 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള പ്രഖ്യാപനം പാർലമെന്റിൽ വന്നപ്പോൾ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി പരിപൂർണ്ണമായ പിൻതുണ നൽകി. അത് പ്രവർത്തനത്തിലാണ്, പ്രസംഗത്തിൽ മാത്രമല്ല. കോൺഗ്രസ് (ഐ) എന്തു നിലപാട് സ്വീകരിച്ചു. കോൺഗ്രസ് (ഐ) പരിപൂർണ്ണമായി അതിനെ എതിർത്തു. ഞങ്ങൾ പരിപൂർണ്ണമായി അനുകൂലിച്ചു. സംവരണം ഏർപ്പെടുത്താനുള്ള വി. പി. സിംഗിന്റെ തീരുമാനത്തെ പരിപൂർണ്ണമായി അനുകൂലിച്ചുകൊണ്ട് ഈ രാജ്യത്താകെ പ്രവർത്തനം നടത്തിയ പ്രസ്ഥാനമാണ് ഞങ്ങളുടെ പ്രസ്ഥാനം. അത് മറച്ചുവച്ചു കൊണ്ടാണ് ശ്രീ. വയലാർ രവി ഇവിടെ പ്രസംഗിച്ചത്.

ശ്രീ. വയലാർ രവി വളരെയധികം കാര്യങ്ങൾ പറഞ്ഞു. ഈ രാജ്യത്തെ പിന്നോക്ക ജാതിക്കാർക്കുവേണ്ടി കോൺഗ്രസ് പ്രസ്ഥാനമാണ് പ്രവർത്തിച്ചതെന്ന് പറഞ്ഞ് അദ്ദേഹം ഊറ്റംകൊണ്ടു. ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ് ; ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം പിന്നോക്ക ജാതിക്കാരുടെ ക്ഷേമത്തിനുവേണ്ടി എന്തു പ്രവർത്തനങ്ങളാണ് കോൺഗ്രസ് സംഘടിപ്പിച്ചത്. 1953-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന സമയത്ത് പിന്നോക്ക വിഭാഗക്കാരെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കാക്കാകലേക്കർ കമ്മീഷനെ നിയമിച്ചു. ആ കമ്മീഷൻ 1985-ൽ റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ട് നടപ്പിലാക്കിയോ. ആ റിപ്പോർട്ട് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചോ ? പിന്നോക്ക ജാതിക്കാരെ നിർണ്ണയിച്ച നടപടി ശരിയായില്ല എന്ന് പറഞ്ഞുകൊണ്ട് ആ കമ്മീഷൻ റിപ്പോർട്ട് നെഹറുവിന്റെ ഗവൺമെന്റ് തിരസ്കരിച്ചു. എന്നിട്ട് ഇവിടെവന്ന് പറയുകയാണ് കോൺഗ്രസ് പിന്നോക്കക്കാർക്കുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവെന്ന്. 1977-ൽ ജനതാ പാർട്ടി കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോൾ മണ്ഡൽ ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചു. ആ കമ്മീഷൻ 1980-ൽ റിപ്പോർട്ട് സമർപ്പിച്ചു. 1980-ൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഇൻഡ്യയിലെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ആയിരുന്നു. അവരുടെ ഭരണകാലത്ത് ആ റിപ്പോർട്ട് പുറത്തിറക്കാൻ തയ്യാറായില്ല. പിന്നീട് ശ്രീ. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായി 5 വർഷക്കാലം ഇൻഡ്യ ഭരിച്ചു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പുറത്തെടുത്തോ ? റിപ്പോർട്ട് പുറത്തെടുത്തില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പുറത്തെടുക്കാനോ നടപ്പിലാക്കാനോ ആവശ്യമായ നടപടി സ്വീകരിച്ചില്ല. ഏറ്റവും ഒടുവിൽ ശ്രീ. വി. പി. സിംഗ് പ്രധാനമന്ത്രിയായി അധികാരത്തിൽ വന്നതിനുശേഷം ജനതാദളിന്റെ പ്രകടനപത്രികയിൽ

LIBRARY ARCHIVES Kerala Legislative Assembly

വാഗ്ദാനം നൽകിയതനുസരിച്ച് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ അതിനെ നഖശിഖാന്തം എതിർത്ത പാർട്ടിയാണ് ഇവിടെ ഇപ്പോൾ പതിവ്രത ചമയുന്നത്. പിന്നോക്കക്കാർക്കുവേണ്ടി അവർ ഊറ്റം കൊള്ളുകയാണ്.

ശ്രീ. വയലാർ രവി ഇവിടെ പറഞ്ഞു, വടക്കേ ഇൻഡ്യയിൽ സംവരണത്തിനെതിരായി നടന്ന കലാപം. ആ കലാപത്തിൽ കോൺഗ്രസിന് യാതൊരു പങ്കുമില്ലേ ? എന്റെ അഭിവന്ദ്യനായ സുഹൃത്ത് ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി മാർച്ച് 7-ാം തീയതി ഈ സഭയിൽ ചെയ്ത ഒരു പ്രസംഗത്തിലെ ചില വാക്കുകൾ ഞാൻ ഉദ്ധരിക്കുകയാണ്. അദ്ദേഹം പറഞ്ഞു 'കലുഷമായ കലാപം അഴിച്ചുവിട്ടു' ആര് കോൺഗ്രസ് (ഐ) കലുഷമായ കലാപം അഴിച്ചുവിട്ടു എന്നുമാത്രമല്ല, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നവരെയൊക്കെ തടഞ്ഞുവച്ചു. അതെല്ലാം കഴിഞ്ഞ് ഇപ്പോൾ കുറെ ഭംഗിവാക്ക് പറയുന്നതുകൊണ്ട് വല്ല കാര്യവുമുണ്ടോ ? കലാപകലുഷമായ ഒരു സ്ഥിതി ഈ രാജ്യത്ത് സൃഷ്ടിച്ചുവെന്ന് ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി കഴിഞ്ഞ മാർച്ച് മാസം 7-ാം തീയതി പറഞ്ഞു. എന്നിട്ട് ഇപ്പോൾ വയലാർ രവി പറയുന്നു, സംവരണത്തിനെതിരായ കലാപത്തിൽ അവർക്ക് യാതൊരു പങ്കുമില്ലെന്ന്. സംവരണത്തിനെതിരായി സമരം സംഘടിപ്പിച്ചത് ആരാണ് ? കോൺഗ്രസ് (ഐ)യും ബി.ജെ.പി.യുമാണ്. കോൺഗ്രസ് (ഐ)യുടെ സ്വഭാവം ഇതിനുമുമ്പും ഈ രാജ്യത്തിലെ ജനങ്ങൾ മനസിലാക്കിയിട്ടുള്ളതാണ്. മുമ്പ് ഗുജറാത്തിൽ സംവരണത്തെക്കുറിച്ചുള്ള കലാപം നടന്നു. സംവരണത്തെക്കുറിച്ചുള്ള കലാപം വന്നപ്പോൾ മുന്നോക്കക്കാരുടെ കൂടെയും കോൺഗ്രസ് (ഐ), പിന്നോക്കക്കാരുടെ കൂടെയും കോൺഗ്രസ് (ഐ) രണ്ടുഭാഗത്തും നിന്ന് കലാപത്തിന് നേതൃത്വം കൊടുത്തു. കോൺഗ്രസ് (ഐ), കഴിഞ്ഞ കുറെ വർഷങ്ങളിലെ കോൺഗ്രസിന്റെ ചരിത്രമെടുത്ത് നോക്കിയാൽ ഒരുപാട് അനുഭവങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. അതെല്ലാം മറച്ചുവച്ചുകൊണ്ട്, തെരഞ്ഞെടുപ്പ് വരുന്നുവെന്ന് കാണുമ്പോൾ വോട്ട് കിട്ടുന്നതിനുവേണ്ടി ശ്രീ. വയലാർ രവി ഇവിടെവച്ച് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന് പിൻതുണ പ്രഖ്യാപിക്കുന്നതിൽ യാതൊരു അർത്ഥവുമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. കഴിഞ്ഞ നാൽപ്പതുവർഷത്തെ കോൺഗ്രസിന്റെ ചരിത്രം പരിശോധിച്ചാൽ, പിന്നോക്കജാതിക്കാർക്ക് എതിരായി ഒട്ടറെ നടപടികൾ സ്വീകരിച്ചിട്ടുള്ളതല്ലാതെ അവർക്ക് അനുകൂലമായി ഒരു നടപടിയും അവർ സ്വീകരിച്ചിട്ടില്ലെന്ന് കാണാം. പിന്നോക്കജാതിക്കാരെ സംബന്ധിച്ചിടത്തോളം ആരൊക്കെ, ഏതൊക്കെ വിഭാഗങ്ങളാണ് പിന്നോക്കവിഭാഗങ്ങളിൽ പെടുന്നതെന്ന് തീർപ്പുകൽപ്പിക്കുന്നതിനും സ്വാതന്ത്ര്യത്തിനുശേഷം ഇൻഡ്യയിൽ വിവിധങ്ങളായ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. കർണ്ണാടകത്തിൽ അവിടത്തെ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഹവനൂർ കമ്മീഷൻ, തമിഴ്നാട്ടിൽ പിന്നോക്കവർഗ്ഗ കമ്മീഷൻ, കേരളത്തിലെ പിന്നോക്കവർഗ്ഗ കമ്മീഷൻ, ഗുജറാത്തിലെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കവർഗ്ഗ കമ്മീഷൻ, ആന്ധ്രപ്രദേശിലെ പിന്നോക്കവർഗ്ഗ കമ്മീഷൻ ഈ കമ്മീഷനുകളെല്ലാം പിന്നോക്കവർഗ്ഗത്തിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർ ഉൾക്കൊള്ളുന്നു എന്ന് പറഞ്ഞിട്ടുണ്ട്. കർഷകത്തൊഴിലാളികൾ, പങ്കുപാട്ടക്കാർ, ദരിദ്രകർഷകർ, കൈത്തൊഴിലുകാർ ഇവരെല്ലാമാണ് ഈ മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഈ ജനവിഭാഗങ്ങൾക്കുവേണ്ടി കഴിഞ്ഞ നാൽപ്പതുവർഷക്കാലം കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ചെയ്തത് ? ഈ വിഭാഗങ്ങൾക്കുവേണ്ടി കോൺഗ്രസ് ഒന്നും ചെയ്തിട്ടില്ല. കോൺഗ്രസിന്റെ ഭാഗത്തുനിന്നും യാതൊരു ക്ഷേമ പദ്ധതിയും ഉണ്ടായിട്ടില്ല. നേരത്തെ ചീഫ് വിപ്പ് ഇവിടെ സൂചിപ്പിച്ചു, 1957-ൽ കാർഷിക പരിഷ്ക്കരണനിയമം ഇവിടെ കൊണ്ടുവന്നപ്പോൾ അതിനെ നഖശിഖാന്തം എതിർത്ത ആളുകൾ, പുരോഗമന നടപടികളെയെല്ലാം അതിശക്തമായി എതിർത്തുമാത്രം പാരമ്പര്യമുള്ള ആളുകൾ പിന്നോക്ക വിഭാഗങ്ങളുടെ പേരിൽ ഇപ്പോൾ കണ്ണീരൊഴുക്കുകയാണെന്ന്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, ഇടതുപക്ഷ പ്രസ്ഥാനം പിന്നിട്ട നാല് പതിറ്റാണ്ടു കാലത്ത് കേരളത്തിലേയും ഇൻഡ്യയിലേയും തൊഴിലാളികളുടേയും അധഃസ്ഥിതരുടേയും താൽപ്പര്യങ്ങൾക്കുവേണ്ടി ധീരോജ്വലമായ ഒട്ടേറെ പോരാട്ടങ്ങൾ നടത്തിയിട്ടുണ്ട്. ആ ധീരോജ്വലങ്ങളായ പോരാട്ടങ്ങൾ സംഘടിപ്പിച്ചതിന്റെ ഫലമായി ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ ബംഗാളിനെക്കുറിച്ച് പറഞ്ഞു. കേരളത്തിലും ബംഗാളിലും സമഗ്രമായ കാർഷിക പരിഷ്ക്കരണ നിയമമുണ്ട്. എന്തുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ കാർഷിക പരിഷ്ക്കരണ നിയമം കൊണ്ടുവന്നില്ല. അധഃസ്ഥിതരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി എക്കാലവും ഉണർന്ന് പ്രവർത്തിച്ചത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങളും ജനാധിപത്യ പ്രസ്ഥാനങ്ങളുമാണ് എന്നുള്ളതിന് ഒട്ടേറെ ഉദാഹരണങ്ങൾ പറയാൻ കഴിയും. ഞാൻ അതേക്കുറിച്ച് കൂടുതലായി പറയാനാഗ്രഹിക്കുന്നില്ല.

കഴിഞ്ഞ നാല് ദശകക്കാലത്തെ കോൺഗ്രസിന്റെ അനുഭവമെടുത്താൽ പിന്നോക്കവർഗ്ഗക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് കാണാൻ കഴിയും. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി 27 ശതമാനം സംവരണം പ്രഖ്യാപിക്കാനുള്ള ശ്രീ. വി.പി. സിംഗിന്റെ തീരുമാനത്തിന് പരിപൂർണ്ണ പിന്തുണ നൽകി. കേവലമായ പിൻതുണയല്ല. ശ്രീ. വി. പി. സിംഗിന്റെ ഗവൺമെൻറിനെ കോൺഗ്രസും, ബി. ജെ. പി.യും അട്ടിമറിച്ചത് എന്തുകൊണ്ടാണ് ? അട്ടിമറിക്കാനുള്ള കാരണമെന്താണ് ? സംവരണം പ്രഖ്യാപിച്ചതുകൊണ്ടായിരുന്നു. അതിനെ ഞങ്ങൾ സ്വാഗതം ചെയ്തു, ഞങ്ങൾ വ്യക്തമായ ഒരു നിലപാടാണ് സ്വീകരിച്ചത്. ഞങ്ങൾ രണ്ട് നിലപാട് സ്വീകരിച്ചിട്ടില്ല. ആദ്യം വി. പി. സിംഗിന് പിന്തുണ കൊടുക്കുക, കുറച്ചുകഴിഞ്ഞ് ചന്ദ്രശേഖറിന് പിന്തുണ കൊടുക്കുക എന്ന നിലപാട് സ്വീകരിച്ചിട്ടില്ല. സംവരണം നടപ്പിലാക്കും എന്ന് പ്രഖ്യാപിച്ചിട്ടുള്ള വി. പി. സിംഗിനെ നിലനിറുത്താൻ, അദ്ദേഹത്തിന്റെ ഗവൺമെൻറിനെ പരിരക്ഷിക്കാൻ ആവശ്യമായ രീതിയിലുള്ള നടപടികളാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനവും സ്വീകരിച്ചതെന്ന് അഭിമാനത്തോടുകൂടി ഞങ്ങൾക്ക് പറയാൻ കഴിയും.

സർ, സംവരണത്തെ സംബന്ധിച്ചുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട് ഇവിടെ വിശദീകരിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജാതീയമായ സംവരണം ഒരു കാലഘട്ടംവരെ തുടരണമെന്ന നിലപാടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി എടുത്തിട്ടുള്ളത്. ശ്രീ. ഇ. എം. എസ്സിനേറയും ശ്രീ. ജ്യോതി ബാസുവിനേറയും പ്രസ്താവനകൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു നിശ്ചിത കാലയളവ് വരെ ജാതീയമായ സംവരണം തുടരണമെന്ന്. എന്തുകൊണ്ടാണ് അങ്ങനെ പറയാൻ കാരണം ? നമ്മുടെ രാജ്യത്തിന് ചില പ്രത്യേകതകളുണ്ട്. നൂറ്റാണ്ടുകളായി ജാതിവ്യവസ്ഥ നിലനിൽക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനമാണ് ഇൻഡ്യ. ജാതീയമായ സംവരണം നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്വം ഈ രാജ്യത്ത് അധികാരത്തിൽ ഇരുന്നപ്പോഴേതന്നെ ചില മേഖലകളിൽ പിന്നോക്ക ജനവിഭാഗങ്ങൾക്ക് ചില ആനുകൂല്യങ്ങളും നൽകാൻ നടപടികളും സ്വീകരിച്ചിരുന്നു. 1921 മുതൽക്കുതന്നെ, നിലവിലുള്ള നടപടികളും ബ്രിട്ടീഷ് ഭരണകാലത്ത് സ്വീകരിച്ചിട്ടുള്ളതാണ്. സ്വാതന്ത്ര്യം കിട്ടുന്നതിന് എത്രയോ വർഷങ്ങൾക്ക് മുൻപുതന്നെ സംവരണാനുകൂല്യങ്ങളും ചില ജനവിഭാഗങ്ങൾക്ക് ഇൻഡ്യൻ സാമൂഹ്യവ്യവസ്ഥയുടെ സവിശേഷമായ സാഹചര്യം കണക്കിലെടുത്താണ് നൽകിയിരുന്നത്. ജാതീയമായ സംവരണം ഒരു നിശ്ചിത കാലഘട്ടംവരെ തുടരണമെന്ന തത്വാധിഷ്ഠിതമായ നിലപാടാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചിട്ടുള്ളത്. യാതൊരു ആശയ വ്യക്തതയുമില്ല എന്ന രൂപത്തിൽ ശ്രീ. വയലാർ രവി പറയുന്നത് വസ്തുത മറച്ചുപിടിക്കുന്നതിനു വേണ്ടിയുള്ള ഹീനമായ പരിശ്രമമാണ്. ആശയ വ്യക്തതയോടുകൂടി സത്യസന്ധമായ രൂപത്തിലാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനോടും അതുപോലെതന്നെ സംവരണത്തോടുമുള്ള കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാട് വ്യക്തമാക്കിയിട്ടുള്ളത്. 27 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള തീരുമാനത്തേയും അതുപോലെതന്നെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള തീരുമാനത്തേയും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ശക്തമായ രൂപത്തിൽ പിന്താങ്ങിയിട്ടുണ്ട്. അതിശക്തമായ രൂപത്തിൽ അത് നടപ്പാക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടേയും പരിപൂർണ്ണമായ പിന്തുണ ഉണ്ടായിരിക്കും എന്നുമാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ബഹുമാന്യനായ പ്രമേയാവതാരകൻ ശ്രീ. കെ. പി. അരവിന്ദാക്ഷന്റെ പ്രസംഗം ചീറ്റിപ്പോയി എന്നാണ് ഞാൻ കണ്ടത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് വലിയ ഒരു പ്രമേയം കൊണ്ടുവരാൻ ദിവസങ്ങളായി കാത്തിരുന്നിട്ട് ശ്രീ. അരവിന്ദാക്ഷൻ പറഞ്ഞത് കാർഷിക പരിഷ്ക്കരണം, കശുവണ്ടി നയം, തേങ്ങ എണ്ണക്കുരു ആക്കുന്ന കാര്യം ഇതൊക്കെയാണ്. പകരം ഒരു വാചകം പറഞ്ഞു; ഒന്നും പറഞ്ഞില്ലെന്ന് ഞാൻ പറയുന്നില്ല. ശ്രീ. വി. പി. സിംഗിന് ഞങ്ങൾ എല്ലാ പിന്തുണയും കൊടുക്കുന്നുണ്ടല്ലോ, അങ്ങളുടെ പാർട്ടിയുടെ നയം ഞങ്ങൾ വേറെ പറഞ്ഞിട്ടുണ്ട്. അത് ചർച്ചയ്ക്കായി അവതരിപ്പിച്ചതാണ്" എന്നാണ്. ശ്രീ. വി. പി. സിംഗിന് ഞങ്ങൾ എല്ലാ പിന്തുണയും കൊടുത്തിട്ടുണ്ട് എന്നു പറഞ്ഞാൽ എന്താണ് അർത്ഥം ? സർ, മുസ്ലീംലീഗ് ആണ് എന്റെ പാർട്ടി. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്ന കാര്യത്തിലും വി.പി. സിംഗിന് എല്ലാ പിന്തുണയും ഞങ്ങളും കൊടുത്തിട്ടുണ്ട്. ഇനി നാളെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ആര് നടപ്പിലാക്കിയാലും ശരി അതിന് ഞങ്ങൾ എല്ലാ പിന്തുണയും വീണ്ടും കൊടുക്കുമെന്ന് ഞങ്ങൾക്കും പറയാൻ കഴിയും. എന്റെ പാർട്ടിയുടെ നയം ഞങ്ങൾ വേറെ അവതരിപ്പിച്ചിട്ടുണ്ട്, ഇത് ചർച്ചയ്ക്കായി അവതരിപ്പിച്ചതാണെന്നാണ് ശ്രീ. അരവിന്ദാക്ഷൻ പറഞ്ഞത്. ആ നയത്തിനെക്കുറിച്ചാണ് ശ്രീ. വയലാർ രവി ഇവിടെ സവിസ്തരം പ്രതിപാദിച്ചത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" അതേ നിങ്ങൾക്കുള്ളൂ... .....(ബഹളം) .... സർ, കുഞ്ഞിനോട് തന്നെയാണ് എനിക്ക് ചില കാര്യങ്ങൾ പറയാനുള്ളത്. കാരണം "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" എന്ന് ഞാൻ പറയാൻ കാരണം 2-8-1983-ൽ റൂൾ 58 അനുസരിച്ച് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ അതേക്കുറിച്ച് ശ്രീ. സി. പി. കുഞ്ഞ് നടത്തിയ പ്രസംഗത്തിലെ ഒരു വാചകം ഞാൻ വായിക്കാം. ''ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുകൊണ്ട് ഇന്ത്യാ രാജ്യത്തിന് ഒരു കാര്യവുമില്ല. പിന്നോക്ക വിഭാഗങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്നുള്ള വിശ്വാസവും എനിക്കില്ല'' എന്നാണ്. ഞാൻ നിർത്തുന്നില്ല. (ഒരു നിയമസഭാ പ്രൊസീഡിംഗ്സ് സഭയിൽ ഉയർത്തിക്കാണിച്ചുകൊണ്ട്) ഈ പ്രൊസീഡിംഗ്സ് കുറേക്കൂടി എനിക്ക് വായിക്കാനുണ്ട്. എല്ലാവരുടെയും തൊലി ഒന്ന് പൊള്ളിക്കണമെന്നുണ്ട്. അതുകൊണ്ട് ഈ പ്രൊസീഡിംഗ്സ് കുറച്ചുകൂടി വായിക്കുകയാണ് ; ശ്രീ. കുഞ്ഞ് തുടരുന്നു, ''പിന്നോക്ക ജനവിഭാഗങ്ങളിന്ന് മുന്നോട്ടു വന്നിട്ടുണ്ട്. അവർക്ക് ഈ ആനുകൂല്യം കൊടുക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. മുന്നോക്ക വിഭാഗങ്ങളിൽ ഇന്ന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ധാരാളം പേരുണ്ട്. അവർക്ക് ചില ആനുകൂല്യങ്ങൾ കൊടുക്കണമെന്ന അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുള്ളത്'' എന്നാണ് ശ്രീ. കുഞ്ഞ് പറഞ്ഞത്. അപ്പോൾ ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി ചോദിച്ചു ഇത് സാമ്പത്തിക സംവരണ വാദമല്ലേ എന്ന്. നിങ്ങൾ എന്ത് വാദം എന്നു പറഞ്ഞാലും തരക്കേടില്ല എന്നാണ് പറഞ്ഞത്. ശ്രീ. ദാസൻ ഇവിടെ പറഞ്ഞല്ലോ, മുപ്പത് കാശിന് വിൽക്കരുതെന്ന്. അങ്ങയുടെ നേതാവ് ശ്രീ. നായനാരെ വിൽക്കരുത്. കാരണം അന്നത്തെ ചർച്ചയിൽ മുഖ്യമന്ത്രി ശ്രീ. നായനാർ പറഞ്ഞു, അദ്ദേഹത്തിന്റെ വാചകം ഇതാണ്, ''സർ, എന്താണ് സംവരണം. ഈ സംവരണം എന്നേക്കും വേണോ, വേണ്ട, എന്നേക്കും സംവരണത്തിന്റെ ആവശ്യമില്ല. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണം. അതിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. എന്നാൽ ഇരുപത്തിയഞ്ചും മുപ്പതും കൊല്ലമായി സംവരണം കിട്ടിയ ഒരു വിഭാഗം സാമ്പത്തികമായി വളർന്നിട്ടുണ്ട്, മുകൾത്തട്ടിലായിട്ടുണ്ട്. അതേസമയം മറ്റൊരു സമുദായം പിന്നോക്കം വന്നിട്ടുണ്ട്. അങ്ങനെ മുകൾത്തട്ടിലുള്ളവർക്ക് സംവരണം ഒഴിവാക്കണം. ഈ മാറ്റം കാണാതെ നിങ്ങൾ സംവരണം കൊണ്ടു നടക്കരുത്, അതാണ് ഇ. എം. എസ്. ഉം പറഞ്ഞത്. പിന്നോക്കക്കാരിൽ സാമ്പത്തികമായി ഉയർന്നു വന്നവർക്ക് സാധാരണക്കാരന് കൊടുക്കുന്ന ആനുകൂല്യങ്ങൾ കൊടുക്കേണ്ട ആവശ്യമില്ല. അവർക്ക് ജീവിക്കാൻ പൈസയുണ്ട്. വളരാനും പൈസയുണ്ട്. അതുകൊണ്ട് അവരെ ഒഴിവാക്കുകതന്നെ വേണം. നിങ്ങൾ യോജിച്ചില്ലെങ്കിലും മാറ്റങ്ങൾക്കുവേണ്ടിതന്നെ ഞങ്ങൾ നിൽക്കും''. സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാചകമാണിത്. പിന്നെയും പറയുന്നു. നിങ്ങളുടെ യോജിപ്പൊന്നും ഞങ്ങൾക്ക് ആവശ്യമില്ല.

[4 P. M.] പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഫുൾ റൈറ്റ് കൊടുക്കണം. മറ്റൊരു പാർട്ടിയും പറയുന്നില്ല. പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഫുൾ റൈറ്റ് പറയുകയില്ല. ഈഴവ സമുദായത്തിനൊന്നും ഫുൾ റൈറ്റ് പറയുകയില്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കൊടുക്കാം. ഇതിനെ സാമ്പത്തിക സംവരണം എന്ന് പറഞ്ഞാലും വേണ്ടില്ല എന്നാണ് നായനാർ അന്ന് പറഞ്ഞത്. ''എന്നിട്ട് ഇപ്പോൾ നിങ്ങൾ വി. പി. സിംഗിന്റെ പേരിൽ വോട്ട് തട്ടാൻ ശ്രമിക്കുന്നു. നിങ്ങളുടെ നയം ഇതാണ്. പിന്നേയും പറയുന്നു. ''പണക്കാർ അമേരിക്കയിൽ പോയി പഠിക്കട്ടെ''. അങ്ങയുടെ വാക്കാണ്. പ്രൊസീഡിംഗ്സിൽ ഉണ്ട്. ''പണം ഉള്ളവർ ഇംഗ്ലണ്ടിൽ പോയി പഠിക്കട്ടെ. നിങ്ങളുടെ ശീട്ട് അവർക്ക് വേണ്ട. മണ്ഡലും വേണ്ട'' എന്നു തുടങ്ങി എത്ര ആക്രോശമാണ്. ഈ നിയമസഭയിൽ ഞാൻ റൂൾ 58 അനുസരിച്ച് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നു പറഞ്ഞുകൊണ്ട് ഒരു പ്രമേയം കൊണ്ടുവന്നു. അങ്ങനെ ഒരു പ്രമേയം പാസ്സാക്കാനുള്ള ഒരു റികമ്മന്റേഷൻ കൊണ്ടുവന്നപ്പോൾ ഈ നിയമസഭയുടെ മുമ്പിൽ ഈഴവ സമുദായത്തിൽപ്പെട്ട ശ്രീ. കെ. വി. വാസുദേവൻ

LIBRARY ARCHIVES Kerala Legislative Assembly

19 ദിവസം നിരാഹാരം കിടന്നു. നിങ്ങളെക്കൊണ്ട് ആ പ്രമേയം പാസ്സാക്കിക്കാൻ. അന്ന് അതുകൂടി വച്ചുകൊണ്ടാണ് ഞാൻ ഇവിടെ പ്രമേയം കൊണ്ടുവന്നത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് കേന്ദ്രത്തിലേക്ക് ഒരു പ്രമേയം പാസ്സാക്കി അയയ്ക്കണമെന്ന് ഞാൻ ഇവിടെ പറഞ്ഞപ്പോൾ എന്താണ് നായനാർ പറഞ്ഞതെന്നറിയാമോ ? ഇതാ പ്രൊസീഡിംഗ്സ്. "കുഞ്ഞാലിക്കുട്ടി നോക്കട്ടേ", അദ്ദേഹം പറയുകയാണ്, "അതിവിടെ പാസ്സാക്കുവാനുള്ള നിർദ്ദേശം വയ്ക്കാൻ ഒക്കുകയില്ല". ഇന്ന് അതേ പ്രമേയം ശ്രീ. അരവിന്ദാക്ഷൻ കൊണ്ടുവന്നിരിക്കുന്നു. എന്തിനാണ്. തെരഞ്ഞെടുപ്പ് മുന്നിലാണ്. രാഷ്ട്രീയ കാലാവസ്ഥ മാറി. നിങ്ങൾക്ക് വോട്ട് നേടണം. നിങ്ങളുടെ മനസ്സിലിരിപ്പ് വേറെയാണ്. വി. പി. സിംഗ് അധികാരത്തിൽ വന്നാൽ നിങ്ങൾ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ അനുവദിക്കുകയില്ല എന്ന് ഞാൻ ഉറപ്പിച്ചു പറയുകയാണ്. ഇവിടെ ഇപ്പോൾ ശ്രീ. അരവിന്ദാക്ഷനാണ് പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഈ പ്രമേയം ഞാൻ കൊണ്ടുവന്നപ്പോൾ അദ്ദേഹം പറയുന്നു, "എനിക്ക് സാദ്ധ്യമല്ല, നിവൃത്തിയില്ല" എന്ന്. "നിരാഹാരം കിടക്കുന്ന സുഹൃത്ത് അത് പിൻവലിക്കുകയാണ് വേണ്ടത്" എന്നാണ് നായനാർ പറഞ്ഞത്. എന്റെ സുഹൃത്ത് ശ്രീ. കെ. വി. വാസുദേവനോട് ഈ സെക്രട്ടേറിയറ്റിന്റെ ഗേറ്റിൽ ചെന്ന് ഞാൻ പറഞ്ഞു, അവർ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന പ്രമേയം കേന്ദ്രത്തിന് എഴുതി അയയ്ക്കുകയില്ല എന്ന്. അതുകൊണ്ട് നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഒരു ചർച്ച നടത്തി എന്നുള്ള നിർവൃതിയിൽ അങ്ങ് നിരാഹാര സത്യാഗ്രഹം അവസാനിപ്പിക്കണമെന്ന് പറഞ്ഞു. ആരും ഇല്ലാഞ്ഞിട്ട് എന്റെ കൈകൊണ്ട് കൊടുത്ത ഒരു ഗ്ലാസ് നാരങ്ങാനീര് കുടിച്ചാണ് ശ്രീ. കെ. വി. വാസുദേവൻ അദ്ദേഹത്തിന്റെ നിരാഹാര സത്യാഗ്രഹം അവസാനിപ്പിച്ചത്. നിങ്ങൾ ഇപ്പോൾ ഇങ്ങനെയൊരു പ്രമേയം പാസ്സാക്കാൻ എന്താണ് കാരണമെന്നറിയാമോ ? തെരഞ്ഞെടുപ്പ് മുന്നിൽ വന്നിരിക്കുന്നു. നിങ്ങൾ ഉപജാപവുമായി കാത്തിരിക്കുകയാണ്. വി. പി. സിംഗിന്റെ നിയന്ത്രണത്തിൽ വച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ പറഞ്ഞു കഴിഞ്ഞി വി. പി. സിംഗ് മണ്ഡലവുമായി അധികം പോകേണ്ട എന്ന്. അങ്ങനെ പറഞ്ഞാൽ അതിലുള്ള സൂചന എന്താണ് ? അതുകൊണ്ട് ഈ രാജ്യത്തെ പിന്നോക്ക സമുദായക്കാർക്ക് തെറ്റിദ്ധാരണ വേണ്ട. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്.

രവി പറഞ്ഞു, കോൺഗ്രസ്സിന്റെ സംഭാവന ഭരണഘടനയിൽ ഉള്ളതാണെന്ന്. ഞാൻ അത് അംഗീകരിക്കുന്നു. 1957-ൽ കമ്മ്യൂണിസ്റ്റ് ഭരണം വന്നപ്പോൾ ഭരണ പരിഷ്ക്കാരത്തിന്റെ അടിസ്ഥാനത്തിൽ ഇ. എം. എസ്. നമ്പൂതിരിപ്പാടാണ് ആദ്യമായി കേരളത്തിൽ സാമ്പത്തിക സംവരണ വാദം ഉന്നയിച്ചത് എന്നുള്ളതു് നിസ്തർക്കമായ കാര്യമാണ്. അന്ന് കേരള കൗമുദിയുടെ പത്രാധിപരായിരുന്ന ശ്രീമാൻ സുകുമാരന്റെ കുളത്തൂർ പ്രസംഗം പ്രസിദ്ധമാണ്. കമ്മ്യൂണിസ്റ്റ് അധിപൻമാർ ജനശക്തിക്ക് മുമ്പിൽ മദമിളകിയ മദയാനയാണെങ്കിൽ ആ മദയാനകളെ ഇവിടത്തെ പിന്നോക്കക്കാർ പിടിച്ചുകെട്ടും എന്നു പറഞ്ഞ കാര്യം നിങ്ങൾ ഓർമ്മിക്കണം. ഈ വഞ്ചന ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾ പുറത്തുകൊണ്ടുവരും. കുരുക്ഷേത്രത്തിൽ കാണാം എന്നു പറഞ്ഞുകൊണ്ട്, നിങ്ങളുടെ വെല്ലുവിളിയെ സ്വീകരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ) : സർ, കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗം ഞാൻ വളരെ സന്തോഷത്തോടുകൂടിയാണ് കേട്ടത്. വയലാർ രവിയുടേതും അതേ. എന്തെങ്കിലും കാര്യങ്ങൾ മനസ്സിലാക്കാമെന്ന് വിചാരിച്ചാണിരുന്നത്. കുഞ്ഞാലിക്കുട്ടിയുടെ പുതിയ ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള ആളുകൾ അധികാരത്തിൽ വന്നാൽ എന്തായിരിക്കും എന്നുകൂടി പറയുമെന്നു വിചാരിച്ചു. വി. പി. സിംഗിന്റെ കാര്യം മാത്രമല്ലല്ലോ, രാജീവ് ഗാന്ധിയുടെ കാര്യംകൂടി പറയുമെന്ന് ഞാൻ വിചാരിച്ചു. അദ്ദേഹം അതു പറയാത്തതിൽ ഞാൻ നിരാശനാണ്. വയലാർ രവി അദ്ദേഹത്തിന്റെ നേതാവിനെപ്പോലെതന്നെ ഞാൻ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ പിന്താങ്ങുന്നു എന്ന് പറഞ്ഞുതുടങ്ങിയിട്ടാണ് പ്രസംഗിച്ചത്. ആ പ്രസംഗത്തിലുടനീളം മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ നഖശിഖാന്തം എതിർത്തു. ഒടുവിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ അനുകൂലിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്തു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ പൂർണ്ണമായിട്ടും പിന്താങ്ങുന്ന ഒരു പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. അങ്ങനെ പിന്താങ്ങുന്നതിനുള്ള കാരണം ഞാൻ പറയാം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള അഭിപ്രായം പറയണമെന്ന് എല്ലാ സംസ്ഥാന ഗവൺമെന്റുകളോടും കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടു. ശ്രീ. നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് പറഞ്ഞു, ഞങ്ങൾ ഇതു നടപ്പിലാക്കുന്നതിനെ പൂർണ്ണമായിട്ട് പിന്താങ്ങുന്നു എന്ന്. ആ തീരുമാനം ക്യാബിനറ്റ് എടുത്തതിനുശേഷം വി. പി. സിംഗിനു് അയച്ചുകൊടുത്തു. പക്ഷേ അതിൽ ചില ഭേദഗതികൾ വരുത്തണമെന്നു് ഞങ്ങൾ പറഞ്ഞു. 1. പിന്നോക്ക ജനവിഭാഗങ്ങളെന്നു് കേരളത്തിലെ ഗവൺമെന്റ് കരുതിയിട്ടുള്ള ആളുകളെ അംഗീകരിക്കണം. പിന്നെ ഒന്നു് പുലയരുടെ പ്രശ്നം. മറ്റൊന്നു് മുസ്ലീങ്ങളുടെ പ്രശ്നം. പിന്നോക്ക വിഭാഗക്കാരായ മുസ്ലീങ്ങൾ എന്നുതന്നെ പറയണമെന്നു് ഞങ്ങൾ പറഞ്ഞു. ഞങ്ങളുടെ നിലപാടു് എന്താണെന്നു മനസ്സിലായോ? എന്തുകൊണ്ടാണു് ഞങ്ങൾ അങ്ങനെ ഒരു തീരുമാനമെടുത്തതെന്നു പറയാം. നമ്മുടെ രാജ്യത്തു് വയലാർ രവിയുടെയും മറ്റും പാർട്ടി, അതായതു് പണ്ഡിറ്റ് നെഹ്റു ഉൾപ്പെടെ ഉള്ളവർ അധികാരത്തിൽ വന്ന ഈ കഴിഞ്ഞ അര നൂറ്റാണ്ടിനിടയ്ക്കു് സർക്കാർ അർദ്ധ സർക്കാർ മേഖലയിലെ പതിനായിരക്കണക്കിനു് ജോലി പിന്നോക്കസമുദായങ്ങൾക്കു് നഷ്ടപ്പെട്ടിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ സോഷ്യലി ആൻറ് എഡ്യൂക്കേഷണലി ബാക്കുവേഡ് ആയിട്ടുള്ള ആളുകളുടെ കാര്യം എന്താണെന്നു് മനസ്സിലാക്കാൻ വേണ്ടി പണ്ഡിറ്റ് നെഹ്റു ഒരിക്കൽ നിയമിച്ച കമ്മിഷന്റെ റിപ്പോർട്ടും അതിനുശേഷം കിട്ടിയ ഇപ്പോൾ പറയുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ടും നടപ്പിലാക്കുവാൻ കൂട്ടാക്കിയില്ല. അങ്ങനെ നടപ്പിലാക്കാതിരുന്നതിന്റെ ഫലമായി പിന്നോക്ക സമുദായക്കാർക്കു് വളരെയധികം തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടു. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും നിയമനം കൊടുത്തേ മതിയാകൂ എന്നുള്ളതുകൊണ്ട് അവർക്കു് നിയമനം നൽകി. പിന്നോക്ക വിഭാഗക്കാർക്കു് കിട്ടേണ്ട ജോലികളും മുഴുവനും മുന്നോക്കക്കാർക്കു പോയതിന്റെ ഫലമായി പതിനായിരക്കണക്കിനു് ജോലികളാണു് പിന്നോക്ക സമുദായക്കാർക്കു് നഷ്ടപ്പെട്ടതു്, രവിയുടെ സമുദായത്തിനു് നഷ്ടപ്പെട്ടതു്, കുഞ്ഞാലിക്കുട്ടിയുടെ സമുദായത്തിനു് നഷ്ടപ്പെട്ടതു്. അതു് വീണ്ടെടുക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് വി. പി. സിംഗ് ഇതു നടപ്പിലാക്കുവാൻ തീരുമാനിച്ചതു്. ഇതൊരു സുപ്രഭാതത്തിൽ വന്നതല്ലല്ലോ. ദേശീയമുന്നണി തങ്ങളുടെ മാനിഫെസ്റ്റോയിൽ പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടു് നടപ്പിലാക്കുമെന്നു്. ബി. ജെ. പി. യും പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടു് നടപ്പിലാക്കുമെന്നു്.

2/836/92/V.

നമ്മുടെ രാഷ്ട്രപതി പാർലമെന്റിൽ പ്രസംഗിച്ചപ്പോഴും അദ്ദേഹം പറഞ്ഞു, മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ പോകുകയണെന്ന്. അത് നടപ്പിലാക്കാനാണ് ശ്രീ. വി. പി. സിംഗ് തീരുമാനിച്ചത്; അദ്ദേഹം പ്രഖ്യാപിച്ചത്. അദ്ദേഹം മറ്റൊരു തെറ്റും ചെയ്തില്ലല്ലോ. 27 ശതമാനം പിന്നോക്ക സമുദായക്കാർക്ക് കൊടുക്കാൻ തീരുമാനിച്ചത്, പട്ടികജാതിക്കാർക്ക് കൊടുത്തത് കഴിച്ച് ബാക്കിയാണ്. അങ്ങനെ ആയാലും ബാക്കി 50 ശതമാനമില്ലേ? കുറെ കാലത്തേക്ക് അതുകൊണ്ട് തൃപ്തിപ്പെടരുതോ? ആ 50 ശതമാനത്തിൽ ജോലി കിട്ടുമായിരുന്ന വല്ലവരുമാണോ ഇങ്ങനെ ആത്മാഹൂതി ചെയ്തത്? എന്നാൽ അവരെയെല്ലാം പറഞ്ഞ് ഭ്രാന്ത് പിടിപ്പിച്ച് അവരെയെല്ലാം ഇളക്കിവിട്ട് ഈ സമരത്തിൽ എല്ലാം ചാടിച്ചത് നിർഭാഗ്യവശാൽ ശ്രീ. വയലാർ രവിയുടെ പാർട്ടിയുടെ യൂത്ത് വിംഗും വയലാർ രവിയുടെ വിദ്യാർത്ഥി സംഘടനയും ബി.ജെ.പി. യുടെ വിദ്യാർത്ഥി സംഘടനയുമെല്ലാം കൂടിയല്ലേ? ഈ കുഴപ്പം മുഴുവൻ ഉണ്ടാക്കിയത് അവരല്ലേ? അതിനെല്ലാം ഇഷ്ടംപോലെ പണം കൊടുത്തവരല്ലേ നിങ്ങളും? ആ കുട്ടികളെക്കൊണ്ട് ഈ യുദ്ധം ചെയ്യിക്കുന്നതിന് ഇഷ്ടംപോലെ പണം കൊടുത്തവരല്ലേ? അതിന്റെ ഫലമായിട്ടാണ് അത് നടന്നത്. അങ്ങനെ ഈ രാജ്യത്ത് ഏറ്റവുമധികം കുഴപ്പങ്ങളും നടത്തി തീരുമാനമെടുത്തിട്ടാണ് ഇപ്പോൾ ഇവിടെവന്ന് ഈ ചാരിത്ര്യപ്രസംഗം നടത്തുന്നത്. നിങ്ങളുടെ നേതാവ് പറയുന്നതുപോലെ അതായത് അദ്ദേഹത്തിനോട് ചോദിച്ച്, അങ്ങനെയാണെങ്കിൽ പണ്ഡിറ്റ് നെഹ്റു പറഞ്ഞത് എന്താണെന്ന്. എനിക്ക് നെഹ്റുവിന്റെ അഭിപ്രായമൊന്നും ഇപ്പോൾ സ്വീകാര്യമല്ല, ഞാൻ ഇപ്പോൾ എന്റെ അഭിപ്രായമാണ് പറയുന്നത് എന്നാണ് പാർലമെന്റിൽ പറഞ്ഞത്. ഞാൻ ബിജുപട്നായിക്കിനെയോ മറ്റാരെയോ കുറിച്ച് പറയുന്നില്ല. കഴിഞ്ഞ ദിവസത്തെ മനോരമയാണിത്. സംവരണ ശതമാനം ഉയർത്തുന്നതിൽ കോൺഗ്രസ് (ഐ) എതിരല്ല, പക്ഷേ അത് സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കായിരിക്കണം. പാർട്ടി അദ്ധ്യക്ഷൻ രാജീവ് ഗാന്ധി പറഞ്ഞതാണ്. സംവരണം സംബന്ധിച്ച് കോൺഗ്രസ് ഐ. പ്രമേയം തയ്യാറാക്കിയിട്ടുണ്ട്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിനമേലുള്ള സുപ്രീം കോടതിയുടെ വിധി വന്നതിനു ശേഷം അത് വെളിപ്പെടുത്തും. ആ പ്രമേയത്തിന്റെ കാര്യം ഞാൻ പറയാം. ഇത് ഹിന്ദുസ്ഥാൻ ടൈംസ് ആണ്. ആഗസ്റ്റ് 31-ലേതാണ്.

Accordingly the Indian National Congress proposes the exclusions from the list of beneficiaries individuals belonging to the backward classes who have fee-paying students of public schools, either of whose parents have been or employed in the higher grade (A or B) of Government Service; either of whose parents are qualified professionals such as Doctors, Engineers, Chartered Accountants; either of whose parents are or have been a member of the Council of Ministers either in the Union Government or in the State Government; either of whose parents have been a Judge; either of whose parents are or have been a tax-payer and either of whose parents own more than a specific area of lands or property. ഇത്രയും ആളുകൾക്ക് ഇത് ബാധകമാക്കരുത് എന്നാണ് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി പ്രമേയം പാസ്സാക്കിയത്. അങ്ങനെ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ ആ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് രാജീവ് ഗാന്ധിയുടെ രണ്ടര മണിക്കൂർ നേരത്തെ പ്രസംഗം. അങ്ങനെ വന്നാൽ ഉണ്ടാകാവുന്ന ദോഷത്തെപ്പറ്റി ഞാൻ പറയാം. സാമ്പത്തിക സംവരണവും

LIBRARY ARCHIVES Kerala Legislative Assembly

ജാതി സംവരണവും തമ്മിൽ കൂട്ടിക്കുഴച്ച് ആളുകളെ ആശയക്കുഴപ്പത്തിൽ ആക്കിയിട്ടുണ്ട്. ഇവിടെ ചില അനുഭവങ്ങൾമാത്രം ഞാൻ പറഞ്ഞാൽ കാര്യം മനസ്സിലാകും. ഇവിടെ നാല് തരത്തിലാണ് ജോലിയുള്ളത്. ക്ലാസ് 1, ക്ലാസ്-2, ക്ലാസ്-3, ക്ലാസ്-4. ഇതിൽ പിന്നോക്കക്കാരായിട്ടുള്ള ആളുകൾക്ക് ഇന്നുവരെയുള്ള കണക്കെടുത്ത് നോക്കുകയാണെങ്കിൽ ക്ലാസ്-3, ക്ലാസ്-4 കാറ്റഗറിസിൽ സാമാന്യമായി ജോലി കിട്ടിയിട്ടുണ്ട്. ക്ലാസ്-1, ക്ലാസ്-2 കാറ്റഗറിയിൽ ന്യായമായ, അർഹമായ ജോലി കിട്ടിയിട്ടില്ല എന്തുകൊണ്ടാണ് ഈ കേരളത്തിൽപോലും കിട്ടാത്തത്? അതിനാവശ്യമായിട്ടുള്ള യോഗ്യതയുള്ള ആളുകളെ പബ്ലിക് സർവ്വീസ് കമ്മിഷൻ വിളിക്കുമ്പോൾ ഇല്ലാതെ വരുന്നതുകൊണ്ടാണ്. ഈ യോഗ്യതയുള്ള ആളുകൾ ഈ വിഭാഗത്തിൽ ഇല്ലാതെ വരുമ്പോൾ അത് ജനറൽ കാറ്റഗറിയിലേക്ക് പോകുന്നു. ഈ ആളുകൾക്ക് കിട്ടേണ്ട ജോലികൂടി ജനറൽ കാറ്റഗറിയിലേക്ക് പോകുകയും ഇവർക്ക് കിട്ടാതെവരികയും ചെയ്യുന്നു. അങ്ങനെയാണ് ഇവർക്ക് അർഹപ്പെട്ട ജോലി കിട്ടാതെ വരുന്നത്. അതുകൊണ്ട് നമ്മുടെ ഈ സംസ്ഥാനത്തു പോലും ഇവർ ഇനിയും വിദ്യാസമ്പന്നരായിത്തീരുകയും അവരുടെ social and educational backwardness മാറുകയും ചെയ്യുന്നതുവരെയുള്ള കാലം—അത് എത്ര കാലമെന്നുള്ളതാണ് എനിക്കറിയില്ല— അത്രയും കാലം അവർക്ക് ഈ സംവരണം ആവശ്യമായി വരും. അത് കൊടുക്കണമെന്നുള്ളത് നിർബന്ധമായി എടുക്കണം. അത് കൊടുക്കാനുള്ള തീരുമാനമാണ് വാസ്തവത്തിൽ ശ്രീ. വി.പി. സിംഗ് ഗവൺമെന്റ് എടുത്തത്. അതിനെ എന്നും ഇന്നും ഇനിയും എതിർക്കുന്ന ആളുകൾ അവരുടെ കൂടെ, ഇന്നിപ്പോൾ തൽക്കാലം വേറെ മാർഗ്ഗമില്ലാത്തതുകൊണ്ട് കൂട്ടുകൂടാൻ പോകുന്ന ആളുകളുണ്ട്. ഞങ്ങൾ ഇതിൽ എടുക്കുന്ന നിലപാട് ഇതാണ്, നയപരമായ തീരുമാനം ഇതാണ്. അതിന് ശ്രീ വയലാർ രവി ഇവിടെ പണ്ട് ഗാന്ധിജി രക്തംകൊണ്ടുവന്നു, നെഹ്രു കൊണ്ടുവന്നു എന്നൊക്കെ പറഞ്ഞു. ഞാൻ ഗാന്ധിജിയോടും നെഹ്രുവിനോടും വളരെ ബഹുമാനമുള്ള ആളാണ്. നെഹ്രുവിന് ഇത് നടപ്പിലാക്കണമെന്ന് വളരെ താൽപ്പര്യമുണ്ടായിരുന്നു. ഗാന്ധിജിക്ക് ഇടയ്ക്കൊരിക്കൽ താൽപ്പര്യമുണ്ടായിരുന്നു. എന്നാൽ ഞാൻ വൈക്കത്തുകാരനാണ്. വൈക്കം സത്യാഗ്രഹം നടന്നത് കുറേപേർക്കെങ്കിലും ഓർമ്മയുണ്ടാകും. ആയിരമായിരം വർഷങ്ങളായിട്ട് അമ്പലത്തിന്റെ വഴിയിൽകൂടി മനുഷ്യർക്ക് നടക്കാൻ പാടില്ല, അമ്പലത്തിനകത്ത് കയറുന്ന കാര്യം പോകട്ടേ, പള്ളിക്കൂടത്തിൽ പോകുന്ന കാര്യം പോകട്ടേ, വഴിയിൽ കൂടി നടക്കാൻ വയ്യ. വഴിയിൽകൂടി നടക്കാനുള്ള അവകാശം കിട്ടണമെന്നു പറഞ്ഞുകൊണ്ട് ഒരു പ്രമേയം കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ ശ്രീ. ടി.കെ. മാധവൻ അവതരിപ്പിക്കുകയും ആ പ്രമേയം പാസ്സാക്കുകയും ചെയ്തിട്ട് അത് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് വൈക്കത്ത് സത്യാഗ്രഹം ആരംഭിച്ചത്. ആ സത്യാഗ്രഹത്തിന് നേതൃത്വം കൊടുക്കാൻവേണ്ടി അവിടെ മഹാത്മാഗാന്ധി ഉൾപ്പെടെയുള്ളവർ വന്നു. അങ്ങനെ ഇത്രയും കാലം ഈ കഷ്ടപ്പാടുകളും പ്രയാസങ്ങളും അനുഭവിച്ചവർക്ക്—വഴിയിൽകൂടി പോകാൻ വയ്യാതിരുന്നവർക്ക്, സ്കൂളിൽ പോകാൻ വയ്യാതിരുന്നവർക്ക്, വിദ്യാഭ്യാസം കിട്ടാതിരുന്നവർക്ക്—അങ്ങനെ ഒന്നും ചെയ്യാൻ കഴിയാതെ ആയിരക്കണക്കിനു വർഷങ്ങളായി മാറ്റിനിർത്തിയിരുന്ന ആളുകൾക്ക് എല്ലാ ഭൗതിക സമ്പത്തുക്കളും ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒന്നിലും ഒരവകാശവും ഇല്ലാതിരുന്ന ആളുകളെ കൈക്ക് പിടിച്ച് കയറ്റാനും അവർക്ക് അധികാരത്തിൽ പങ്ക് കൊടുക്കാനുംവേണ്ടിയാണ് ഈ മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് കൊണ്ടുദ്ദേശിച്ചത്. അവർ

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നെങ്കിൽ മാത്രമേ രക്ഷയുള്ളു. അവർ അധികാരത്തിൽ വന്നിട്ടില്ല ഇത് ഒരു തൊഴിൽപ്രശ്നമാക്കി മാറ്റാൻ പാടില്ല. 33 ലക്ഷം പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലില്ലാതെ നിൽക്കുകയാണ് കേരളത്തിൽ ഓരോ വർഷവും പത്തു, പതിനയ്യായിരവും ഇരുപതിനായിരവും പുതുതായി തൊഴിലില്ലായ്മയുമായി വരികയല്ലേ. അതിൽ ഒരു വർഷം വരുന്ന പത്തോ പന്ത്രീരായിരമോ സർക്കാർ ജോലി എന്തെങ്കിലും ഒരു സമുദായത്തിനുതന്നെ കൊടുത്താലും ഇവിടത്തെ തൊഴിലില്ലായ്മ പ്രശ്നം തീരുമോ ? തീരുകയില്ല. അതുകൊണ്ട് ഇതൊരു തൊഴിൽപ്രശ്നമായി കൂട്ടിക്കുഴക്കാൻ പാടില്ല. ഇത് അധികാരത്തിൽ പങ്ക് കൊടുക്കുന്ന ഒരു പ്രശ്നമാക്കി മാറണം. അധികാരത്തിൽ പങ്ക് കൊടുക്കുന്ന ഒരു പ്രശ്നമാക്കി മാറണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് Socially backward ആയിട്ടുള്ള ആളുകളോട് സോഷ്യൽ ജസ്റ്റീസ് കാണിക്കാൻവേണ്ടി നടപ്പിലാക്കുന്ന ഒരു കാര്യമാണെന്ന്.

സർ, രാജീവ് ഗാന്ധി എടുക്കുന്ന തീരുമാനമല്ലോ ഇവരുടെ തീരുമാനം. രാജീവ് ഗാന്ധി പറഞ്ഞ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ആ കണക്കാണെങ്കിൽ ഇവിടെ ഒരുത്തർക്കും ജോലി കിട്ടില്ല. സർക്കാർ ജോലി പിന്നോക്കക്കാരന് കിട്ടില്ല. വൈക്കം സത്യാഗ്രഹം നടന്നപ്പോൾ പങ്ങനാശേരി പരമേശ്വരൻ പിള്ളയും മന്നത്തു പത്മനാഭനുമെല്ലാം പിന്നോക്കക്കാരെ വഴിയേ നടക്കാൻ സമ്മതിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു സവർണ്ണ ജാഥ നയിക്കുകയുണ്ടായി. അതുപോലൊരു നിലപാട് സ്വീകരിക്കാൻ മുന്നോക്കക്കാരായുള്ള ആളുകൾ തയ്യാറാകണം. നമ്മുടെ നാട്ടിലെ കോടിക്കണക്കിന് വരുന്ന, 60 ശതമാനത്തോളം വരുന്ന പിന്നോക്കക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി എടുക്കുന്ന ഒരു നടപടിയെന്നുള്ള നിലയിൽ ഒരു പ്രധാനപ്പെട്ട സ്റ്റെപ്പാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക എന്നുള്ളത്. ആ നിലയിൽ കാണുന്നതിനു പകരം മുന്നോക്കക്കാരായിട്ടുള്ള ആളുകളെ ഭ്രാന്ത് പിടിപ്പിക്കാനാണ് നിർഭാഗ്യവശാൽ കോൺഗ്രസ് (ഐ.)ഉം ബി.ജെ.പി.യും ശ്രമിച്ചത്. ബി.ജെ.പി. അയോദ്ധ്യയിലേക്ക് രഥവുമായി പോയത് അമ്പലം പണിയാനാണോ ? അല്ല. മണ്ഡൽ കമ്മീഷനും രാമജന്മഭൂമിയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് പൊളിക്കാനുള്ള ശ്രമമാണ് അവർ നടത്തിയത്. രാമൻ എല്ലായിടത്തുമില്ലേ ? നമ്മുടെ വീടുകളിലൊക്കെ രാവിലെ രാമനാമം ജപിക്കാറില്ലേ ? ശ്രീരാമൻ കാട്ടിലേക്ക് പോകാൻ നേരത്ത് ലക്ഷ്മണൻ ചെന്ന് അമ്മയോട് പറഞ്ഞു. "അമ്മേ ഞാനുംകൂടി ചേട്ടനോടൊപ്പം പോകുകയാണ്". അപ്പോൾ സുമിത്ര പറഞ്ഞു. നീ പൊയ്ക്കൊള്ളു.

രാമം ദശരഥം വിദ്ധി
മാം വിദ്ധി ജനകാത്മജ
അയോദ്ധ്യാം അടവീം വിദ്ധി
ഗച്ഛതാ തത യഥാ സുഖം

രാമനെ നീ ദശരഥനായി കരുതിക്കൊള്ളണം. സീതയെ നീ അമ്മയായോ ലക്ഷ്മീ ദേവിയായോ കരുതിക്കൊള്ളണം. വനത്തെ അയോദ്ധ്യയായി കരുതണം. അങ്ങനെ സുഖമായി നീ പോയി വരുക എന്നാണ് സുമിത്ര പറഞ്ഞത്. അപ്പോൾ ശ്രീരാമൻ എവിടെയൊക്കെ ഉണ്ടോ അവിടെയാണ് അയോദ്ധ്യ എന്നാണ് സങ്കല്പം. അല്ലാതെ ഇപ്പോഴത്തെ യു.പി.യിലെ കുറച്ചു മണ്ണാണോ അയോദ്ധ്യ ? അവിടെ പോയി ആളുകളെ കൊല്ലിക്കുകയാണോ വേണ്ടത് ? എങ്ങനെയും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് പൊളിക്കുന്നതിനുവേണ്ടിയായിരുന്നു ഈ ബഹളമൊക്കെ.

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി. ഉണ്ടാക്കിയത്. ഇപ്പോൾ ആർക്കും പള്ളി പൊളിക്കണ്ട കോടതി വിധി കാത്തിരിക്കുന്നു, മദ്ധ്യസ്ഥതയ്ക്കുവേണ്ടി കാത്തിരിക്കുന്നു, ചുരുക്കത്തിൽ പഴയ വീര്യമെല്ലാം പോയി. വി. പി. സിംഗിനെ താഴെ ഇറക്കുവാൻ വേണ്ടിയാണ് ബി. ജെ. പി. യും കോൺഗ്രസ്സും കൂടി ആലോചിച്ച് ഇതൊക്കെ ചെയ്തത്. അത് ഡയറക്ടായിട്ടാണോ ഇൻഡയറക്ടായിട്ടാണോ ആലോചിച്ചത് എന്ന് എനിക്ക് അറിഞ്ഞുകൂടാ.

ശ്രീ. എം. എം. ഹസ്സൻ : വി. പി. സിംഗ് പ്രധാനമന്ത്രി ആയത് ബി.ജെ.പി. യുടെ പിന്തുണയോടെ അല്ലേ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : അത് ശരിയാണ്. നിങ്ങളുടെ ആപത്ത് ഈ രാജ്യത്ത് വരാതിരിക്കാൻവേണ്ടി അവരവിടെ ഇരുന്നോട്ടെ എന്ന് ഞങ്ങളും വച്ചു. നിങ്ങളും ഒന്ന് പഠിക്കണം. നിങ്ങളുടെ അഹങ്കാരം കുറയണം. അതിന് നിങ്ങളും കുറെക്കാലം വെളിയിൽ നിൽക്കണം. നിങ്ങളും കുറച്ച് വനവാസം നടത്തണം. അതിനുവേണ്ടി എടുത്ത നിലപാടായിരുന്നു അത്.

സർ, ഇപ്പോൾ മണ്ഡൽ കമ്മീഷന്റെ അവകാശവാദങ്ങളുമായിയൊന്നും വയലാർ രവി വരണ്ട. സി. കേശവനെ പിടിച്ച് ആണയിടണ്ട. സി. കേശവൻ എന്തിനാണ്, കോൺഗ്രസ്സുകാരനായിട്ടാണോ ജയിലിൽ പോയത് ? അല്ല. പിന്നോക്കക്കാരായ ഈഴവർ, മുസ്ലീങ്ങൾ, ലാറ്റിൻ ക്രിസ്ത്യൻസ് തുടങ്ങിയവർക്ക് അസംബ്ലി പ്രതിനിധ്യവും ഉദ്യോഗ പ്രാതിനിധ്യവും ലഭിക്കുന്നതിനുവേണ്ടി നടത്തിയ വമ്പിച്ച ഒരു പ്രക്ഷോഭത്തിന്റെ നേതാവായി പോയി പ്രസംഗിച്ചതിന്റെ പേരിലാണ് സി. കേശവനെ അസ്സറ്റ് ചെയ്തത് അകത്താക്കിയത്. അതിനുശേഷം ഇവിടെ തിരുവിതാംകൂറിൽ വന്ന ദിവാനായിരുന്നു സംവരണം നടപ്പിലാക്കിയത്. അല്ലാതെ വയലാർ രവിയുടെ കോൺഗ്രസ് ഒന്നുമല്ല. അന്ന് രവിയുടെ കോൺഗ്രസ് ഇവിടെയുണ്ടായിരുന്നില്ല. സർ, ഈ പ്രമേയം പാസാക്കണമെന്നും ഐക കണ്ഠ്യേന അംഗീകരിക്കണമെന്നും ഞങ്ങൾ പറയുന്നത് തികഞ്ഞ ആത്മാർത്ഥതയോടുകൂടിയാണ്. നമ്മുടെ രാജ്യത്തിലെ കോടാനുകോടി ജനങ്ങളുടെ താൽപ്പര്യമാണിത്. അതുകൊണ്ട് ഈ പ്രമേയത്തെ സർവ്വാത്മനാ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി : സർ, അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും വരുത്താതെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കണമെന്നുള്ളതാണ് എന്റെ പാർട്ടിയുടെ നിലപാട്. വൈകിയാണെങ്കിലും ശ്രീ. കെ. പി. അരവിന്ദാക്ഷൻ കൊണ്ടുവന്ന ഈ പ്രമേയത്തെ ഞങ്ങളും പിന്താങ്ങുകയാണ്. നേരത്തെ എന്റെ സ്നേഹിതൻ പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ, 1988-ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നുള്ള പ്രമേയം കൊണ്ടുവന്നപ്പോൾ 'വേല മനസ്സിലിരുന്നാൽമതി' എന്നു പറഞ്ഞു ആക്ഷേപിച്ചവർ നിയമസഭ പിരിയുന്ന അവസാനനിമിഷം ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്നതിൽ എനിക്ക് അൽഭുതം തോന്നിപ്പോവുകയാണ്. ശ്രീ. കെ പി. അരവിന്ദാക്ഷന്റെ പ്രസംഗത്തിൽ ഒരു കുറ്റബോധം നിഴലിച്ചിരുന്നു. എല്ലാവരും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് തങ്ങളുടേതാണെന്ന് പറഞ്ഞ് അതിന്റെ സംരക്ഷകരായി മാറിയിരിക്കുന്നു. എന്നിട്ട് പ്രതിപക്ഷം അതിനെതിരാണെന്ന് പ്രചരിപ്പിക്കുന്നു. കെ. പി. അരവിന്ദാക്ഷന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയത് 'എന്നെ കണ്ടാൽ കിള്ളും കുട്ടു എന്ന് തോന്നുമോ' എന്ന പോലെയാണ്. 'മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പൂർണമായും നടപ്പിലാക്കണമെന്ന' ഉപക്ഷേപമാണ് അരവിന്ദാക്ഷൻ അവതരിപ്പിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ചോദിക്കട്ടെ ഇത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായമാണോ ? എന്നാൽ അങ്ങയുടെ പാർട്ടിയുടെ നിലപാട് വ്യക്തമാക്കാനുള്ള ഉത്തരവാദിത്വവും ചുമതലയും അങ്ങേക്ക് ഉണ്ടായിരുന്നു. പാർട്ടിയുടെ നിലപാട് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. 'ബീഹാർ മാതൃകയാക്കിക്കൊണ്ടുള്ള സംവരണം വേണം' എന്നതാണ് ഇ. എം. എസ്സിന്റെ നിലപാട്. 31-8-1990-ലെ പത്രറിപ്പോർട്ട് അനുസരിച്ച്, '1978-ൽ കർപൂരി ഠാക്കൂർ നടപ്പിലാക്കിയ സംവരണ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംവരണ നയം മാറണം' എന്ന് സി. പി. എം. കേന്ദ്രസമിതി യോഗത്തിലെ തീരുമാനം വിശദീകരിച്ചുകൊണ്ട് പത്രസമ്മേളനത്തിൽ ഇ. എം. എസ്. വ്യക്തമാക്കി. 'ബീഹാറിൽ കഴിഞ്ഞ 12 വർഷമായി വിജയകരമായി നടപ്പിലാക്കി വരുന്ന സംവരണനയം ഇതാണെന്ന്'' അദ്ദേഹം ചൂണ്ടിക്കാട്ടി. ''അവിടെ പിന്നോക്കവിഭാഗങ്ങളെ രണ്ടായിതിരിച്ചിട്ടുണ്ട്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗവും മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ള മറ്റൊരു വിഭാഗവും. കൂടാതെ മൂന്നു ശതമാനം സംവരണം മുന്നോക്ക ജാതികളിലെ സാമ്പത്തികശേഷിയില്ലാത്തവർക്കും വനിതകൾക്കുമായി നൽകുന്നുണ്ട്.'' ഈ രീതിയിൽ ഇ. എം. എസ്. വിശദീകരിച്ചിട്ടുണ്ട്. ഞാൻ മി. നായനാരോട് ചോദിക്കുകയാണ് ബീഹാർ മോഡൽ സംവരണം നടപ്പിലാക്കുകയാണോ നിങ്ങളുടെ നിലപാട് ? ഇതാണ് നിങ്ങളുടെ പാർട്ടിയുടെ നിലപാടെങ്കിൽ അത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വിഭാവന ചെയ്യുന്നതല്ല. ഇത് നിഷേധിക്കുവാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിയുമോ എന്ന് ഞാൻ ചോദിക്കുകയാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ വെള്ളം ചേർത്തുകൊണ്ട് അതിനെ വികലമാക്കിക്കൊണ്ട്, അതിന്റെ അന്തസത്തയ്ക്ക് വിപരീതമായ നിലയിൽ ബീഹാർ മോഡൽ സംവരണം ഏർപ്പെടുത്തണം എന്നതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാട്. നമ്മളൊരു തെരഞ്ഞെടുപ്പിലേക്ക് പോകുകയാണെന്ന് ഇന്ന് രാവിലെ മുഖ്യമന്ത്രി പ്രസ്താവിച്ചു. ആ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് സ്വന്തം പാർട്ടിയുടെ തീരുമാനത്തെ മറച്ചുവയ്ക്കുന്നത് ആത്മവഞ്ചനയാണ്. മാർക്സിസ്റ്റ് ബഞ്ചിൽനിന്നും ഒരു ബഹുമാനപ്പെട്ട അംഗം പറഞ്ഞു 'അത് ഇ. എം. എസിന്റെ അഭിപ്രായം ആണ് മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം അല്ല എന്ന്. എന്നാൽ ഈ പത്ര റിപ്പോർട്ടിൽ പറയുന്നത് 'കേന്ദ്രകമ്മിറ്റി തീരുമാനം വിശദീകരിച്ചുകൊണ്ട് ഇ. എം. എസ്. പറഞ്ഞു' എന്നാണ്.

അതോടൊപ്പം തന്നെ ശ്രീ. ജ്യോതിബാസു എന്താണ് പറഞ്ഞിരിക്കുന്നത് ? അതിൽ നിങ്ങൾക്ക് ഉത്തരവാദിത്വമൊന്നുമില്ലേ ? അദ്ദേഹം പോളിറ്റ് ബ്യൂറോ മെമ്പറല്ലേ ? അദ്ദേഹം വെസ്റ്റ് ബംഗാൾ മുഖ്യമന്ത്രിയാണ്. അദ്ദേഹം പറഞ്ഞത്, 'എന്റെ സംസ്ഥാനമായ പശ്ചിമബംഗാളിൽ മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കേണ്ടതില്ല, ഞാൻ നടപ്പിലാക്കില്ല' എന്നാണ്. എന്നു പറഞ്ഞാൽ ശ്രീ. ജോതിബാസു മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിനെതിരെ നിൽക്കുകയാണ്, അതിനെ അനുകൂലിക്കുന്നില്ല, എതിർക്കുന്ന വ്യക്തിയാണ്. നിങ്ങളുടെ കേന്ദ്ര സമിതി തീരുമാനം മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന്റെ അന്തസത്തയ്ക്ക് വിപരീതമാണ്. അങ്ങനെയിരിക്കെ ഈ പ്രമേയത്തിന്റെ ഉദ്ദേശശുദ്ധിയെത്രമാത്രമുണ്ടെന്ന് ഞാൻ ചോദിച്ചുപോവുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ പോളിറ്റ് ബ്യൂറോ മെമ്പറായ ഹർകിഷൻസിംഗ് സുർജിത് ഏറ്റവും ഒടുവിലായി പറഞ്ഞത്, സംയുക്ത പ്രചരണത്തിന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഇപ്പോഴും ഒരിക്കലും എടുക്കാൻ പാടില്ലെന്നാണ്. ഇതിനെയെടുത്ത് ഒരു ഇഷ്യൂവാക്കാൻ പാടില്ല. അങ്ങനെ ഇഷ്യൂവാക്കിയാൽ, സമുദായ സംഘർഷമുണ്ടാകും, ഞങ്ങളും അതിനെതിരാണ്. അതുകൊണ്ട് ദേശീയ മുന്നണിയുടേയും ഇടതുപക്ഷപാർട്ടിയുടേയും സംയുക്ത പ്രചരണത്തിന് മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് തടസ്സമാകും. റിപ്പോർട്ട് നടപ്പിലാക്കുന്നതിനോട് ഇടതുപക്ഷപാർട്ടിക്ക് എതിർപ്പില്ലെങ്കിലും അനുകൂലമല്ല. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോഴും ചില കാര്യങ്ങളും പരിഗണിക്കണമെന്ന് ഞങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്, പത്തു വർഷക്കാലമായി ബീഹാറിൽ നിലനിൽക്കുന്ന കർപ്പൂരിഠാക്കൂർ ഫോർമുലയാണ് ആവശ്യപ്പെട്ടത്. ശ്രീ. നായനാർ, നിങ്ങളിന്ന് എന്തു പറഞ്ഞാലും നിങ്ങളുടെ കേന്ദ്രകമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയായ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും പോളിറ്റ് ബ്യൂറോ മെമ്പർ ഹർകിഷൻസിംഗ് സുർജിത്തും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ശ്രീ. ജ്യോതിബാസുവും ഇക്കാര്യത്തിലെടുത്തിരിക്കുന്ന നിലപാടല്ല നിങ്ങളെടുത്തിരിക്കുന്നത്. നിങ്ങൾ വെറുതെ ജനങ്ങളെ പറഠിക്കാൻവേണ്ടി, തെരഞ്ഞെടുപ്പ് വരുന്നതുകൊണ്ട് ഇങ്ങനെയൊരു പ്രമേയവുമായിട്ടിറങ്ങിയിരിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളും അത് മനസ്സിലാക്കുന്നുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. പി. എസ്. ശ്രീനിവാസൻ സംസാരിച്ചപ്പോഴും പറയുകയുണ്ടായി.....

ശ്രീ. വി. ദിനകരൻ : ബഹുമാനപ്പെട്ട മന്ത്രി പി. എസ്. ശ്രീനിവാസൻ സംസാരിച്ചയവസരത്തിൽ മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിനെ ഞങ്ങളും പൂർണ്ണമായി സ്വാഗതം ചെയ്യുന്നുവെന്ന് പറഞ്ഞു. മണ്ഡൽ കമ്മിഷൻ ശുപാർശയിലെ ഒരു പ്രധാനപ്പെട്ട കാര്യമാണ് ഈ രാജ്യത്തെ മൽസ്യതൊഴിലാളി വിഭാഗത്തെ പട്ടികജാതിയിൽപ്പെടുത്തണമെന്നുള്ളത്. അങ്ങനെ കേരളത്തിലെ മൽസ്യത്തൊഴിലാളി വിഭാഗമായ ധീവര സമുദായത്തെ പട്ടികജാതിയിൽപ്പെടുത്താൻവേണ്ടി ശുപാർശയുള്ളതാണ്. ആ ശുപാർശ നടപ്പിലാക്കാൻ പാടില്ലെന്ന് ഒരു മന്ത്രിയായ ശ്രീ. പി കെ. രാഘവൻ പരസ്യമായിട്ട് പ്രസംഗിച്ചത് മെമ്പർക്കറിയാമോ ?

ശ്രീ. കെ. എം. മാണി : അദ്ദേഹത്തോട് ചോദിക്കാമായിരുന്നു. ഞാൻ പറയുന്നത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്, മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പാലാക്കണമെന്ന് മന്ത്രിസഭ തീരുമാനമെടുത്ത് ശ്രീ. വി. പി. സിംഗിനെ അറിയിച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞത്, സംവരണത്തിന് കേരളം പുതിയ കമ്മിഷനെ വയ്ക്കണമെന്നാണ്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ടല്ല, കേരളം സംവരണത്തിന് വേറെ കമ്മിഷനെ വയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം പറഞ്ഞത്, ശ്രീ. ഇ. എം. എസ്. പറഞ്ഞിരിക്കുന്നത്. അദ്ദേഹം പറഞ്ഞത്, സാമ്പത്തികമായും ജാതിപരമായും അടിസ്ഥാനമാക്കിയുള്ള സംവരണത്തെ ചൊല്ലി ഉയരുന്ന സംവാദം അവസാനിപ്പിക്കുന്നതിനുവേണ്ടി ഒരു പുതിയ കമ്മിഷനെ നിയമിക്കണമെന്നാണ്. അപ്പോഴും മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിൽനിന്നുമൊക്കെ പോയി. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് ഈ രാജ്യത്ത് സാമുദായിക സംഘർഷമുണ്ടാക്കും, ജാതിപ്പോരുണ്ടാക്കും.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അതുകൊണ്ട് ഇതു രണ്ടും വേണ്ട, ഒരു പുതിയ കമ്മിഷനെ സംവരണത്തിനുവേണ്ടി ഏർപ്പെടുത്തണമെന്ന് പറഞ്ഞു [ശ്രീ. ഇ. എം. എസ്. പ്രസ്താവന ഇറക്കിയിരിക്കെ കേരള മന്ത്രിസഭ മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് പറഞ്ഞുകൊണ്ട് ശ്രീ. വി. പി. സിംഗിനെ എഴുതി അറിയിച്ചുവെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. ഇതിൽ നിങ്ങൾ പരസ്പര വിരുദ്ധമായ, അവസരവാദപരമായ നിലപാടാണെടുത്തിരിക്കുന്നത്, ഇവിടെയൊരു നയം, ബംഗാളിൽ ഒരു നയം, കേന്ദ്രത്തിൽ മറ്റൊരു നയം അതുകൊണ്ട് എനിക്ക് ശ്രീ. കെ. പി. അരവിന്ദാക്ഷനോട് ചോദിക്കാനുള്ളത്, ആത്മാർത്ഥതയോടുകൂടിയാണ് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതെങ്കിൽ, നിങ്ങൾ ചില കാര്യങ്ങൾകൂടി ഇതിൽക്കൂട്ടിച്ചേർക്കണം. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പിലാക്കണം. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് ശ്രീ. വി. പി. സിംഗ് പോലും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിൽ 27 ശതമാനം ഉദ്യോഗ സംവരണമാണ് പിന്നോക്ക ജാതിക്കാർക്കുള്ളത്. അതിനു പുറമേ വിദ്യാഭ്യാസ രംഗത്തുള്ള സൗജന്യങ്ങളുമുണ്ട്. വിദ്യാഭ്യാസരംഗത്ത്, In view of this, it is recommended that seats should be reserved for OBC students in all Scientific, Technical and Professional institutions run by the Central as well as State Governments.

മി. സ്പീക്കർ : ശ്രീ. മാണി സമയം കഴിഞ്ഞിരിക്കുന്നു. ഇപ്പോൾതന്നെ എത്ര മിനിറ്റായിയെന്നറിയാമോ ?

ശ്രീ. കെ. എം. മാണി : അങ്ങനെ വളരെയധികം പറയാനുണ്ട്. ഓരോരുത്തരും സംസാരിച്ചപ്പോൾ വളരെയധികം സമയമെടുത്തു. അങ്ങ് പേഷ്യൻസ് കാണിക്കണം. എത്രയോ നിഷ്പക്ഷനായ സ്പീക്കറാണെന്ന് ഞങ്ങളൊക്കെ അങ്ങയെ പുകഴ്ത്തിയല്ലോ. ആ നിഷ്പക്ഷത മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന്റെ ചർച്ച നടക്കുമ്പോഴും കാണിക്കണം. അതുകൊണ്ട് എന്റെ പാർട്ടിയുടേ നിലപാട്.....

മി. സ്പീക്കർ : അനുവദിച്ച സമയത്തിൽ കൂടുതൽ തരുന്നത് നിഷ്പക്ഷതയ്ക്ക് വിപരീതമാണ്.

ശ്രീ. കെ. എം. മാണി : പക്ഷേ മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന്റെ ചർച്ച നടക്കുമ്പോൾ തീർച്ചയായിട്ടും ഒരു സ്പീക്കർ സൻമനസ്സു കാണിക്കും. അങ്ങയെപ്പോലുള്ള ഒരാളാണെങ്കിൽ സൻമനസ്സു കാണിക്കും. വേറൊരാളാണെങ്കിൽ അങ്ങനെ ചെയ്യുകയില്ല.

ശ്രീ. വി. പി. സിംഗ് പോലും മണ്ഡൽ കമ്മിഷൻ ശുപാർശകളുടെ ഒരു ഭാഗം മാത്രമാണ് നടപ്പിലാക്കാൻ തീരുമാനിച്ചത്. വിദ്യാഭ്യാസ രംഗത്ത് മണ്ഡൽ കമ്മിഷൻ നടത്തിയിട്ടുള്ള ശുപാർശകൂടി നടപ്പിലാക്കണമെന്നുള്ളതാണ് എന്റെ പാർട്ടിയുടെ നിലപാട്.

ഇവിടെ പിന്നോക്ക സമുദായങ്ങളെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. പി. എസ്. ശ്രീനിവാസൻ പറയുന്നത് കേട്ടപ്പോൾ എനിക്ക് ചിരിവന്നുപോയി. ശ്രീ. ഇ. എം. എസ്. എന്നെങ്കിലും സത്യം പറയുമോ ? സംവരണമുന്നണിയുടെ പ്രസിഡന്റായ ശ്രീ. കെ. കെ. വിശ്വനാഥൻ പറഞ്ഞിട്ടുണ്ട്, പിന്നോക്ക വിഭാഗങ്ങളെ കൊലയ്ക്ക് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

നയമാണ് ശ്രീ. ഇ. എം. എസും മാർക്സിസ്റ്റ് പാർട്ടിയും സ്വീകരിച്ചിരിക്കുന്നതെന്ന്. ഇതു തന്നെ ശ്രീ. എം. കെ. രാഘവനും പറഞ്ഞിരിക്കുന്നു. നിങ്ങൾക്ക് പറയിയ മറുപടി അവർ തന്നെ നൽകിയിട്ടുണ്ട്. ഞാനൊരു കാര്യം പറയട്ടെ, കേരളത്തിലെ പിന്നോക്ക വിഭാഗങ്ങൾക്ക് ഇന്ന് 40 ശതമാനം സംവരണമുണ്ട്. ഹരിജനങ്ങൾക്ക് 10 ശതമാനം സംവരണമുണ്ട്. എന്നാൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 27 ശതമാനം സംവരണം കേന്ദ്ര സർവ്വീസിലും പൊതുമേഖലാസ്ഥാപനങ്ങളിലും നൽകണമെന്നാണ്. ഇതിനോട് എതിർപ്പ് പ്രകടിപ്പിച്ചിട്ട് കാര്യമുണ്ടോ ? വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങൾക്ക് 40 ശതമാനം സംവരണം അനുവദിച്ചിരിക്കെ അവർ അനുഭവിച്ചുകൊണ്ടിരിക്കെ, 27 ശതമാനം സംവരണം കേന്ദ്ര സർവ്വീസിലും പൊതുമേഖലാസ്ഥാപനങ്ങളിലും ഏർപ്പെടുത്തണം എന്നു പറയുന്ന ഒരു പ്രമേയത്തെ, ഒരു റിപ്പോർട്ടിനെ ആരാണ് എതിർക്കുന്നത്, ഒരാളും എതിർക്കില്ല. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പിലാക്കണം ; അതിലെ മുഴുവൻശുപാർശകളും നടപ്പിലാക്കണം ; വിദ്യാഭ്യാസ ആനുകൂല്യങ്ങളും നടപ്പിലാക്കണം എന്നാണ്. അല്ലാതെ ഏതെങ്കിലും പീസ്മീൽ ആയിട്ട് ഒരു കാര്യം മാത്രം ചെയ്താൽ പോരാ ; ഒരു ശുപാർശ മാത്രം നടപ്പിലാക്കിയാൽ പോരാ. ഈ രാജ്യത്തെ മാർക്സിസ്റ്റ് പാർട്ടി ഇക്കാര്യത്തിൽ ഒരു വ്യക്തമായ നിലപാടെടുക്കേണ്ടതായിരുന്നു. അങ്ങനെ വ്യക്തമായ ഒരുനിലപാടെടുക്കാതെ, പരസ്പരവിരുദ്ധമായ നിലപാടെടുത്തു വെന്നുള്ളള കുറ്റം ഞങ്ങൾ ആരോപിക്കുകയാണ്. ഇന്ന് വിടെ ഈ പ്രമേയം അവതരിപ്പിക്കുമ്പോഴും നിങ്ങൾ വ്യക്തമായ ഒരു നിലപാടെടുക്കുകയുണ്ടായില്ല. അതുകൊണ്ട് ശ്രീ. കെ. പി. അരവിന്ദാക്ഷന്റെ സബ്സ്റ്റാൻറീവ് മോഷൻ ഞങ്ങൾ എഗ്രി ചെയ്യുന്നില്ല. സബ്സ്റ്റാൻറീവ് മോഷനിൽ പറഞ്ഞിരിക്കുന്നത് തുരങ്കം വയ്ക്കലാണ് എന്നാണ്. ഇത് പൊളിറ്റിക്സാണ്. ഇതിൽ രാഷ്ട്രീയം കൊണ്ടുവരരുതായിരുന്നു. ഞാൻ വായിച്ച് അവസാനിപ്പിക്കാം.

മി. സ്പീക്കർ : വേണ്ട. ഇവിടെ വായിച്ചുകഴിഞ്ഞതാണ്.

ശ്രീ. കെ. എം. മാണി : ഒരുവാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

മി. സ്പീക്കർ : അതു വേണ്ട. പ്രമേയം സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. You need not read.

ശ്രീ. കെ. എം. മാണി : സബ്സ്റ്റാൻറീവ് മോഷനിൽ പറഞ്ഞിരിക്കുന്നത്, തുരങ്കം വയ്ക്കാൻ ശ്രമിച്ചിരിക്കുന്നുവെന്നാണ്. 'കള്ളൻ കപ്പലിൽ തന്നെയാണ്'. തുരങ്കം വയ്ക്കാൻ ശ്രമിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തന്നെ, പ്രതിപക്ഷം തുരങ്കം വയ്ക്കാൻ ശ്രമിച്ചുവെന്നുള്ള ആരോപണവുമായി ഇപ്പോൾ ഇറങ്ങിയിരിക്കുന്നതുതന്നെ രാഷ്ട്രീയമാണ്. ഇത് തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള പ്രചരണമാണ്. അതുകൊണ്ട് ഞങ്ങളാരും ഇതിനെ തുരങ്കംവയ്ക്കാൻ ശ്രമിച്ചിട്ടില്ല. ഞങ്ങൾ ആത്മാർത്ഥമായി പറയുന്നു, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും, നൂറുശതമാനവും നടപ്പിലാക്കണമെന്ന്. അതാണ് എന്റെ പാർട്ടിയുടെ നിലപാട്. ഞാൻ ആദ്യത്തെ പ്രമേയത്തോട് യോജിക്കുകയാണ്.

മി. സ്പീക്കർ : ആദ്യത്തെ പ്രമേയമൊന്നുമില്ല, ഒറ്റ പ്രമേയമേയുള്ളൂ. ഉപക്ഷേപമില്ല, പ്രമേയം വോട്ടെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഉപക്ഷേപം തന്നെയാണ്.

മി: സ്പീക്കർ : ഉപക്ഷേപം എന്നു പറഞ്ഞാൽ Intention to move a resolution. ആശയത്തിൽ യോജിക്കുന്നില്ലെങ്കിലും പ്രമേയത്തിന് വോട്ടു ചെയ്താൽമതി. കുഴപ്പമൊന്നുമില്ല. സബ്സ്റ്റൻറീവ് മോഷൻ വരുമ്പോഴും വോട്ടു ചെയ്താൽമതി.

ശ്രീ.പി. ജെ.ജോസഫ് : സർ, ശ്രീ. കെ. പി. അരവിന്ദാക്ഷൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനു് അനുകൂലമാണ്, പ്രതികൂലമാണ് എന്നുള്ള വാദഗതി ഉയരാൻ തുടങ്ങിയതെന്നാണ് ? വി. പി. സിംഗ് ഗവൺമെൻറ്, കേന്ദ്രത്തിലും കേന്ദ്രഗവൺമെൻറിൻെറ അധീനതയിലുള്ള സ്ഥാപനങ്ങളിലും 27 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള തീരുമാനം കൈക്കൊണ്ടപ്പോഴാണ് ഇതിന് അനുകൂലമായും പ്രതികൂലമായുമുള്ള അഭിപ്രായ പ്രകടനങ്ങളും ആരംഭിച്ചത്. മണ്ഡൽ കമ്മീഷൻ ശുപാർശ അതേപടി നടപ്പിലാക്കുക, നടപ്പിലാക്കാതിരിക്കുകയെന്നുള്ള വിഷയമല്ല. അന്ന് ഇതിനെതിരായിട്ട് വന്നവർ ആരൊക്കെയാണ് ? ഇൻഡ്യയിലെ പ്രധാനപ്പെട്ട പാർട്ടികളെല്ലാം തന്നെ ഇതു സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി. ഇവിടെ സൂചിപ്പിച്ചതുപോലെ ബി ജെ.പി.യും കോൺഗ്രസ് പാർട്ടിയും എല്ലാം ഈ തീരുമാനത്തെ എതിർത്തു. കോൺഗ്രസ് പാർട്ടി ഇതിന് അനുകൂലമാണെന്നു പറയുമ്പോഴും, യു.പി.യിലെ നാടകങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ കോൺഗ്രസ് പിന്തുണ പിൻവലിച്ചു, ഗവൺമെൻറ് നിയമസഭ പിരിച്ചുവിട്ടു. പിന്തുണ പിൻവലിക്കാൻ ശ്രീ. എൻ.ടി.തിവാരി പറഞ്ഞിരിക്കുന്ന കാരണങ്ങളെന്തൊക്കെയാണ് ? 27 ശതമാനം സംവരണം ഏർപ്പെടുത്തിയിരിക്കുന്നത് പിൻവലിക്കുന്നില്ലെങ്കിൽ ഞങ്ങൾ പിന്തുണ പിൻവലിക്കുമെന്നാണ് ശ്രീ. തിവാരി പറഞ്ഞിരിക്കുന്നത്.

സർ, ഇന്ന് അവിടെ നടന്ന നാടകം, ശ്രീ. മുലായംസിംഗ് യാദവിന് പിന്തുണ പിൻവലിച്ചിട്ട് ഗവർണ്ണറെ പോയിക്കണ്ട്, തിവാരി പറഞ്ഞു, നിയമസഭ പിരിച്ചു വിടരുത് വേറെ മന്ത്രിസഭ ഉണ്ടാക്കാൻ അവസരം തരണമെന്ന്. ഗവർണ്ണർ നാടകീയമായി നിയമസഭ പിരിച്ചുവിട്ടു, എല്ലായിടത്തും മന്ത്രിസഭയുണ്ടാക്കാനുള്ള ശ്രമമായിരുന്നു. കെയർടേക്കർ ഗവൺമെൻറാക്കിക്കൊണ്ട് അവിടെ ഇലക്ഷനു് ഗവർണ്ണർ തീരുമാനമെടുത്തു. അവിടെ ശ്രീ. തിവാരിയുടെ മുഖ്യ എതിർപ്പ് എന്തായിരുന്നു? 27 ശതമാനം സംവരണം ശ്രീ. മുലായംസിംഗ്യാദവ് അവിടെ നടപ്പാക്കാൻ തീരുമാനിച്ചതാണ്. ഇൻഡ്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും 27-ലധികം ശതമാനം സംവരണം നടപ്പാക്കിയിട്ട് കോൺഗ്രസിൻെറ കേന്ദ്രമായ യു.പി.യിൽ 27 ശതമാനം സംവരണം ഏർപ്പെടുത്തിയത് മുലായം സിംഗ് യാദവ് വന്നതിനുശേഷമാണ്. അതിൽനിന്നും കോൺഗ്രസ് പാർട്ടിയുടെ നിലപാട് വളരെ വ്യക്തമാണ്. അതുകൊണ്ട് ആരാണ് പ്രതികൂലമെന്നത് ഇതിൽനിന്നും വ്യക്തമാണ്. മണ്ഡൽ കമ്മീഷനെ നിയമിച്ചത് ആരാണ് ? 1977-ൽ അധികാരത്തിൽവന്ന ശ്രീ. മൊറാർജി ദേശായിയുടെ ഗവൺമെൻറാണ്. 1980 മുതൽ 1989 വരെ ഇതു വെളിച്ചം കണ്ടിട്ടില്ല. രാഷ്ട്രീയമായിട്ടുള്ള മുതലെടുപ്പിനുവേണ്ടിയാണ് ശ്രീ. വി. പി. സിംഗ് ഇതു നടപ്പാക്കാൻ ശ്രമിച്ചത് എന്നു പറയുമ്പോഴും തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ പറഞ്ഞിരുന്ന ഒരു കാര്യമാണ് ഇതെന്ന കാര്യം മറക്കരുത്. ഇതു നടപ്പാക്കുമെന്നു ഇൻഡ്യൻ പ്രസിഡൻറിനെക്കൊണ്ട് നയപ്രഖ്യാപന പ്രസംഗത്തിൽ പറയിച്ചു. അതിനുശേഷം നടപ്പാക്കാൻ തീരുമാനിച്ചു. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഘട്ടം മാത്രമാണ്, കേന്ദ്ര സർവ്വീസിൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ 27 ശതമാനം സംവരണം നടപ്പാക്കുന്നതെന്ന് ആവർത്തിച്ചു പറഞ്ഞു. അതു മാത്രമാണ് തീരുമാനം ബാക്കിയുള്ളത് സംസ്ഥാനങ്ങൾക്ക് വിട്ടിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് ഇതു നടപ്പാക്കാൻ അവകാശമുള്ളൂ. കേന്ദ്ര ഗവൺമെൻറിലെ ആകെയുള്ള ജോലിയിലെ ഒന്നര ശതമാനം പോലും വരികയില്ല ഇത്. അവിടെ ഇതു നടപ്പാക്കാൻ തീരുമാനിച്ചപ്പോഴുള്ള സ്ഥിതി എന്താണ്? ക്ലാസ് 1-ഉം ക്ലാസ് 2-നും മാത്രമാണ്. ഉന്നത ജോലികളിൽ 52 ശതമാനം വരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് കിട്ടിയിരിക്കുന്നത് നാലു ശതമാനം മാത്രമാണ്. ആ നാലു ശതമാനമെന്നത് 27 ശതമാനമാക്കി ഉയർത്തണം. ഇക്കാര്യത്തിൽ ഇപ്പോൾ ഇവിടെ പറഞ്ഞ ദേശീയ മുന്നണിയുടെ പ്രകടന പത്രികയിൽ സമ്പത്തികമായി പിന്നോക്കം നിലനിൽക്കുന്നവരെ പരിഗണിക്കണമെന്ന് പറഞ്ഞിരിക്കുന്നു. അത് എത്രയാണെന്നു നോക്കാതെ 27 ശതമാനത്തിനു മുകളിൽ മാത്രമാണ് പരിഗണിക്കണമെന്ന് പറഞ്ഞിരിക്കുന്നത്. മറിച്ച് മുഴുവനും പരിഗണിക്കണം. ബഹുമാനപ്പെട്ട പി. എൻ. ശ്രീനിവാസൻ ഇവിടെ പറഞ്ഞതുപോലെ, ആരെയെങ്കിലും ഒഴിവാക്കണമെന്നത് എടുത്താൽ പിന്നെ ആർക്കും കിട്ടുകയില്ല. ആർക്കും കിട്ടാത്ത നിലയിൽ വളരെയേറെ വിഭാഗങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള നിലപാട് കോൺഗ്രസ് എടുത്തിരിക്കുന്നു. 27 ശതമാനത്തിനെറ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. ഞങ്ങൾക്കെല്ലാം ഈ പ്രശ്നത്തെപ്പറ്റി വ്യത്യസ്തമായ അഭിപ്രായമുണ്ടെങ്കിലും, 27 ശതമാനം സംവരണം നടപ്പാക്കാനുള്ള ദേശീയ മുന്നണി ഗവൺമെൻറിൻെറ തീരുമാനത്തിന് പരിപൂർണ്ണമായ പിന്തുണ കൊടുക്കുന്നു എന്നാണ് അന്ന് ബി.ജെ.പി. ഒഴിച്ചുള്ള എല്ലാ പാർട്ടികളും പറഞ്ഞത്. ഓരോ പാർട്ടിക്കും അവരുടേതായ അഭിപ്രായങ്ങളുണ്ടാകാം ഇതു കേരളത്തിൽ നടപ്പാക്കുമ്പോൾ അതിന് പ്രസക്തിയില്ലേ? കേരളത്തിലെ പ്രസക്തി ഇവിടെ പലപ്പോഴും പലരും സൂചിപ്പിച്ചത്, ഐ. എ. എസ്., ലിസ്റ്റ് എടുത്താൽ എനിക്കു തോന്നുന്നത് ഇവിടെ അർഹരായിട്ടുള്ളവർ ഇല്ലാത്തതുകൊണ്ടല്ല, പിന്നോക്ക വിഭാഗങ്ങൾക്ക് ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. എന്നിവയിൽ സംവരണമില്ല. അവിടെ ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബ്സിനു മാത്രമേ സംവരണമുള്ളൂ. അതുള്ളതുകൊണ്ട് 52 ശതമാനം വരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് നാലു ശതമാനം മാത്രമേ സംവരണം കിട്ടിയിട്ടുള്ളൂ. കേരളത്തിലെ ലിസ്റ്റ് എടുത്തു നോക്കിയാൽ ഇതു വളരെ ക്ലിയറാണ്. ഞാൻ മനസ്സിലാക്കുന്നത്, 160 ഓളം വരുന്ന ഐ.എ എസ്. ആഫീസർമാരിൽ ഈഴവ സമുദായത്തിൽനിന്നും ഒന്നരയാളും ഇല്ല. മുസ്ലീം വിഭാഗത്തിൽനിന്നും, രണ്ടുപേർ മാത്രമാണ് ഉള്ളത്. ഉള്ളത് ഇവിടെനിന്ന് ഡെപ്യൂട്ടികളക്ടർമാരായിട്ട് വന്നിട്ടുള്ളവരെ ഐ.എ എസ്. ആയി കൺഫർ ചെയ്തതാണ്. ഡയറക്ട് റിക്രൂട്ട്മെൻറിൽ ഒന്നരയാളും ഇല്ല. 27 ശതമാനം സംവരണം വരണമെന്നു പറഞ്ഞാൽ ഇൻഡ്യ ഭരിക്കുന്നത്, ഇവിടെ പ്രത്യേകിച്ച് ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായതിനുശേഷം പ്രധാനമന്ത്രിയുടെ ആഫീസിൽ നിന്നുള്ള ഭരണമാണ്. ആ ഭരണത്തിൽ മന്ത്രിമാർക്ക് കാര്യമായ പങ്കുണ്ടായിരുന്നില്ല. ആറുമാസത്തിലൊരിക്കലും മൂന്നു മാസത്തിലൊരിക്കലും കാബിനറ്റിൽ വളരെ പവർഫുള്ളായിട്ടുള്ള സെക്രട്ടറിമാരെ വയ്ക്കും. പ്രധാനമന്ത്രിയുടെ ആഫീസിൽനിന്നുള്ള റിമോട്ട് കൺട്രോളാണ്. ആ ഐ. എ. എസ്. കാർ രാജ്യം ഭരിക്കുന്ന സ്ഥിതിയാണ് ഉണ്ടായിരുന്നത്. ആ ഐ. എ. എസ്. കാരിൻ 52 ശതമാനം വരുന്ന പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഒന്നരയാളും ഇല്ലാത്ത സ്ഥിതി ഉണ്ടായിട്ടുണ്ട്. രാജ്യത്തിൻെറ ഭരണം അവർ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വികസന കാര്യങ്ങളിൽ, പൊതുവായ നയങ്ങളിൽ രാജ്യത്തെ മുഴുവൻ ജനങ്ങളും, അവർ നടത്തിക്കൊണ്ടിരിക്കുന്നു. ആ ജനങ്ങളിൽ പങ്കാളിത്തം കൊടുക്കണമെങ്കിൽ ഈ സംവരണം നടപ്പാക്കിയേ തീരൂ. അതിനെതിരായി സംഘടിച്ചവർ-അതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഡൽഹിയിൽ സമരം നടക്കുമ്പോൾ ഞാൻ രണ്ടുമൂന്നു ദിവസം അവിടെയുണ്ടായിരുന്നു. പാർലമെന്റ് ഹൗസിലേക്ക് ഞാൻ നടന്നുപോയി. അവിടെ കണ്ട കാഴ്ച മെറിഡിയൻ ഹോട്ടലിന്റെ വണ്ടിയിൽ കൊണ്ടുവന്ന 100-150 രൂപ വിലയുള്ള ഭക്ഷണപൊതിയും, ബോട്ടിൽസ് ഡ്രിങ്ക്സുമൊക്കെ ഇഷ്ടംപോലെ കൊടുക്കുന്നുണ്ടായിരുന്നു. ഡൽഹിയൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളും അഭിജാതകർ ഒക്കെ സമരത്തിന് ഇറങ്ങിയിരിക്കയാണ്. ഈ സമരത്തിന് പിന്നിൽ ബി. ജെ. പി. യും കോൺഗ്രസ്സും പരസ്യമായിട്ട് പങ്കെടുത്തു. അന്ന് പത്രങ്ങളിൽ വാർത്തവന്നു, അമ്പാനി എന്ന വ്യവസായി ഈ ഹോട്ടലിൽ ക്യാമ്പു ചെയ്തുകൊണ്ട് ഒരു ദിവസം പത്തു ലക്ഷം രൂപ ഈ സമരത്തിനു വേണ്ടി ചെലവഴിച്ചു. ഡൽഹി യൂണിവേഴ്സിറ്റിയിൽ മുഴുവൻ സമരം, സുപ്രീം കോടതിയിൽ സമരം. ബഹുമാനപ്പെട്ട രാജീവ് ഗാന്ധി പറഞ്ഞു, ഈ രാജ്യത്ത് മണ്ഡലെ സെഷനാണ് വർഗ്ഗീയത ഇളക്കിവിട്ടിരിക്കുന്നത്, കുഴപ്പമുണ്ടാക്കുന്നത് എന്ന്. ഇവരെല്ലാം പറഞ്ഞു, ശ്രീ. വി.പി.സിംഗ് 27 ശതമാനം സംവരണം കേന്ദ്ര സർവ്വീസിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പാക്കാൻ തീരുമാനിച്ചതാണ് ഈ കുഴപ്പങ്ങൾക്കു മുഴുവൻ കാരണമെന്ന്. അതിനോട് യോജിക്കാൻ കഴിയുമോ ? ഇപ്പുറത്തുള്ളവർ ഇതിനോട് യോജിക്കുമോ ? ഇതാണ് പ്രത്യേക വിഷയം. താത്വികമായിട്ട് പറഞ്ഞിട്ട് കാര്യമില്ല. പത്തുകൊല്ലം അലമാരിയിൽ വച്ചു പൂട്ടിയിരുന്ന ഒരു കാര്യം, അതിലെ സുപ്രധാനമായ ഒരുഭാഗം, എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കിയത് യു.പി. യിൽ നടപ്പാക്കിയിരുന്നില്ല. യു പി.യിൽ നടപ്പാക്കിയത് ശ്രീ. മുലായൻസിംഗ് യാദവാണ്. അതിനെതിരായി പാരസ്യമായി അവിടത്തെ കോൺഗ്രസ് (ഐ) നേതാവ് ശ്രീ. എൻ. ഡി. തിവാരി പറഞ്ഞു, അത് പിൻവലിക്കുന്നില്ലെങ്കിൽ ഞങ്ങൾ പിന്തുണ പിൻവലിക്കും എന്ന്. അവർ പിന്തുണ പിൻവലിച്ചു. നിയമസഭ പിരിച്ചുവിട്ടു. 27 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള മുലായംസിംഗ് യാദവിന്റെ തീരുമാനം പ്രായോഗത്തിൽ വന്നില്ല. അതുകൊണ്ട് ഇൻഡ്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും നടപ്പാക്കിയിട്ടും യു പി.യിൽ നടപ്പാക്കിയില്ല. അത് കോൺഗ്രസ്സിന്റെ നേതാക്കൻമാരുടെ സ്ഥലമാണ്. അതുകൊണ്ട് ആ സമീപനം വളരെ വ്യക്തമാണ്. അതുകൊണ്ട് കേന്ദ്രസർവ്വീസിൽ ഇൻഡ്യയിലെ ഭരണംകയ്യാളുന്ന ഐ. എ. എസ്., ഐ പി. എസ്., ഐ. എഫ്. എസ്., ഇൻഡ്യൻ റെയിൽവേ സർവ്വീസ്, ഇൻഡ്യൻ ബാങ്കിംഗ് സർവ്വീസ്, രാജ്യത്തെ പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും അവിടെയെല്ലാം ഇതുവരെ നാലുശതമാനംമാത്രം ജോലി കിട്ടിയിരുന്നവർക്ക് 27 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള ഈ തീരുമാനം സാമൂഹ്യനീതി നടപ്പാക്കാനുള്ള തീരുമാനമായികണ്ടു. ഇന്ത്യയിൽ സാമൂഹ്യ നീതി ആഗ്രഹിക്കുന്നവർ എല്ലാം ഇതിനു പിന്തുണ നൽകി. ബാക്കിയുള്ളവർ ഒളിഞ്ഞും തെളിഞ്ഞും ഇതിനെ എതിർത്തു എതിർത്തവർ ഇപ്പോൾ അനുകൂലിക്കുന്നു എന്നു പറയുന്നതാണ് രാഷ്ട്രീയം. ഇന്നലെവരെ എതിർത്തിരുന്നവർ ഇന്ന് അനുകൂലിക്കുന്നു എന്നു പറയുന്നു അനുകൂലി എന്നു പറയുമ്പോഴും പൂർണ്ണമായിട്ടല്ല, അതിന്റെ കള്ളക്കളി വളരെ വ്യക്തമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്ക് കൂടുതൽ പ്രാതിനിധ്യം കിട്ടാനും അവർക്ക് അധികാരങ്ങളിൽ പങ്കുനൽകാനും, കഴിയത്തക്ക നിലയിൽ ഇതു പൂർണ്ണമായും നടപ്പാക്കണം എന്ന ആശയത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്തണമെന്നുള്ള ഒരു പ്രമേയം ഇവിടെ എന്റെ പഴയ പാർട്ടിയിൽപ്പെട്ട ശ്രീ. കെ. പി. അരവിന്ദാക്ഷൻ കൊണ്ടുവരുന്നതിനു പകരം സി. പി. ഐ.ക്കാർ ആരെങ്കിലും അത് കൊണ്ടുവന്നിരുന്നുവെങ്കിൽ ഞാൻ അതിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയില്ലായിരുന്നു. കാരണം സി. പി. ഐ. ക്കാരാണ് ആദ്യം തന്നെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്തണമെന്ന് പറഞ്ഞത്. സി. പി. ഐ (എം) മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്തുന്നത് സാമ്പത്തിക അടിസ്ഥാനത്തിൽ കൂടിയേ പാടുള്ളൂ എന്ന് പറഞ്ഞു. ആ വിവാദത്തിലേക്ക് ഒന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. അവസാനം സെൻട്രൽ കമ്മിറ്റി തീരുമാനം സഖാവ് സുർജിത് ഡൽഹിയിൽ പത്രക്കാരോട് പറഞ്ഞത് ഇവിടെ എല്ലാ പത്രങ്ങളും പ്രസിദ്ധപ്പെടുത്തിയതാണ്. കർപ്പൂരി ഠാക്കൂർ ഫോർമുലയാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ദേശീയമുന്നണി അതിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നില്ലെങ്കിൽ ദേശീയ മുന്നണിയു മായി യോജിച്ചുകൊണ്ട് ഒരു കാംപെയ്ൻ നടത്താൻ തന്നെ ഞങ്ങൾക്ക് വിഷമമുണ്ടെന്നാണ് സഖാവ് സുർജിത് അവസാനം പറഞ്ഞത്. ആ ഫോർമുലയെപ്പറ്റി ഒന്നും ഇവിടെ ഇപ്പോൾ വിശദീകരിക്കാൻ സമയമില്ല. അതൊന്നും പറയേണ്ട ആവശ്യമില്ല. അതിന്റെ അടിസ്ഥാനം സാമ്പത്തി കമാണ്. സെൻട്രൽ കമ്മിറ്റി നവംബറിൽ പാസ്സാക്കിയിട്ടുള്ള പ്രമേ യത്തിലും പറഞ്ഞത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജാതിയിലെ പാവപ്പെട്ടവനു കൊടുക്കണം, ഈഴവ സമുദായത്തിന് നീക്കിവെച്ച സീറ്റ് ഈഴവനിൽ പാവപ്പെട്ടവനുണ്ടെങ്കിൽ കൊടുക്കണം, അല്ലെങ്കിൽ അത് ജനറൽ കോട്ടയിൽ നിന്ന് എടുക്കണമെന്നാണ്. സാമ്പത്തികമാണ് അതിന്റെ അടിസ്ഥാനം. അതിന്റെ വേറൊരു പതിപ്പായ കർപ്പൂരി ഠാക്കൂർ ഫോമുലയെക്കുറിച്ചും നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുമാണ് ഇ. എം. എസ് എഴുതിയത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇവർക്ക് ആത്മാർത്ഥതയില്ലാ എന്ന്. ഈ പ്രമേയം കൊണ്ടുവന്നത് മുസ്ലീം ലീഗും കോൺഗ്രസും തമ്മിൽ തെറ്റിയ സമയം നോക്കിയിട്ടാണ്. പക്ഷെ ഇതിപ്പോൾ നിയമസഭയിൽ വന്നപ്പോൾ സംഗതി മാറിപ്പോയി. അതാണ് ഇതിന്റെ സ്ഥിതി. ഈ വേള രണ്ട് ആഴ്ച മുമ്പായിരുന്നു വെങ്കിൽ കുറച്ച് ഏശുമായിരുന്നു. ഇപ്പോൾ ഇതുകൊണ്ട് വല്ല കാര്യവുമുണ്ടോ ബേബി ജോൺ? വടി കൊടുത്തിട്ട് അടി വാങ്ങുന്ന പണിയാണ് നിങ്ങൾ എടുത്തിട്ടുള്ളത്. ഇപ്പോൾ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ ആരും എതിർക്കുന്നില്ല. ഇപ്പോൾ നായനാരുടെ ക്യാബിനറ്റ് പാസ്സാക്കുന്നതിനു പി. എസ്. ശ്രീനിവാസന്റെ പരിപൂർണ്ണ പിന്തുണയും കൊടുക്കുന്നുണ്ട്. ഇപ്പോൾ ശ്രീ. പി. എസ്. ശ്രീനിവാസൻ പറയുന്നത് ഞങ്ങളുടെ ക്യാബിനറ്റ് പാസ്സാക്കി അയച്ചു എന്നാണ്. നിങ്ങളുടെ ക്യാബിനറ്റ് അല്ല. ഇൻഡ്യാ ഗവൺമെന്റാണ് ഇത് നടപ്പിൽ വരുത്തേണ്ടത്. ഇവിടെ ഷെഡ്യൂൾഡ് കാസ്റ്റ് അടക്കം 50 ശതമാനം സംവരണം ഉണ്ട്. ഇത് ഇൻഡ്യയിൽ ഒരു സ്റ്റേറ്റിലും ഇല്ല. ഇത് നിങ്ങളുടെ ക്യാബിനറ്റല്ല തീരുമാനിക്കേണ്ടത്. സി. പി. ഐ (എം) സെൻട്രൽ കമ്മിറ്റിയുടെ തീരുമാനമാണ് ഞാൻ പറഞ്ഞത്. അല്ലാതെ പി. എസ്. ശ്രീനിവാസന്റെ ക്യാബിനറ്റിന്റെ തീരുമാനമല്ല. അവസര വാദികളാണ് നിങ്ങൾ.

വനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ) : സെൻട്രൽ ഗവൺമെന്റ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള ഓരോ സംസ്ഥാന ഗവൺമെന്റു കളുടേയും അഭിപ്രായം ആരാഞ്ഞപ്പോൾ ആ അഭിപ്രായം ഈ ഗവൺമെന്റും അറിയിച്ച കാര്യമാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : നിങ്ങളുടെ ആത്മാർത്ഥതയെ ഒന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. നിങ്ങളുടെ ഈ കാര്യത്തിലുള്ള അഭിപ്രായം ആദ്യം തന്നെ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ കുത്തകയുമായിട്ട് നടക്കുന്ന ആളുകളുടെ ഔചിത്യബോധത്തേയും ആത്മാർത്ഥതയേയും കുറിച്ചാണ് ഞാൻ പറയുന്നത്. അല്ലാതെ ഞാൻ സി. പി. ഐ. ക്കാരെ ചോദ്യം ചെയ്തിട്ടില്ല. നിങ്ങൾ ആദ്യം തന്നെ ഇത് നടപ്പിൽ വരുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. എം. പി. വീരേന്ദ്രകുമാർ ഇപ്പോൾ അവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തോട് ഈ പ്രമേയം അവതരിപ്പിക്കാൻ പറഞ്ഞിരുന്നെങ്കിൽ ഭംഗിയായിട്ട് അവതരിപ്പിക്കുകയെങ്കിലും ചെയ്യുമായിരുന്നു. അതിന്റെ കുത്തകയും നിങ്ങൾ എടുക്കേണ്ട ആവശ്യമില്ല. ഞാൻ ശ്രീ. വീരേന്ദ്രകുമാറിനോട് ചോദിക്കട്ടേ, നിങ്ങളുടെ പാർട്ടിയിലെ പ്രധാനപ്പെട്ട ഒരു നേതാവാണ് ശ്രീ. ബിജു പട്നായിക്. അദ്ദേഹം മിനിഞ്ഞാന്നും കൂടി പറഞ്ഞതെന്താണെന്നറിയാമോ ? രാജ്യത്തെ നശിപ്പിച്ച കുറേവാളിയാണ് വി പി. സിംഗ് എന്ന്. മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്താൻ വേണ്ടി അനുവദിക്കുകയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. രാജീവ്ഗാന്ധിയും അദ്വാനിയും വി.പി.സിംഗിനെപ്പറ്റി പറയാത്തതാണ് നിങ്ങളുടെ പാർട്ടിയിലെ പ്രമുഖ നേതാവ് പറഞ്ഞത്. ദേശീയമുന്നണിയുടെ ചെയർമാൻ ശ്രീ. എൻ. ടി. രാമറാവു പറഞ്ഞതെന്താണ് ? മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പഴഞ്ചനാണ്, ഇതൊന്നും നടപ്പിൽ വരുത്താൻ വേണ്ടി ഞാൻ അനുവദിക്കുകയില്ലാ എന്നാണ്. അതുകൊണ്ട് അങ്ങേ ഭാഗത്തും ഇരിക്കുന്ന ജനതാദൾ ആയാലും പ്രത്യേകിച്ച് സി.പി.ഐ. (എം) ആയാലും എല്ലാ പാർട്ടികളും ഇതിനെപ്പറ്റി അഭിപ്രായം പറഞ്ഞത് ഈ റിപ്പോർട്ട് നടപ്പിൽ വരുത്താനുള്ള ആത്മാർത്ഥതയോടു കൂടിയല്ല. ഈ റിപ്പോർട്ടിൽ വെള്ളം ചേർക്കാനുള്ള തട്ടിപ്പാണ് ഇവിടെ നടക്കുന്നത്. അതുതന്നെയാണ് ഈ പ്രമേയത്തിലും വന്നിട്ടുള്ളത്. ഈ രാജ്യത്തിലെ അധഃസ്ഥിതരായിട്ടുള്ള ആളുകളെ ഉദ്ധരിക്കാൻ ഉദ്ദേശിച്ച് കൊണ്ടുവന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് എന്തുകൊണ്ട് കോൺഗ്രസ്സുകാർ നടപ്പിൽ വരുത്തിയില്ല എന്ന് അവരോട് ചോദിക്കുന്നത് ന്യായമാണ്. കോൺഗ്രസ്സ് അതിൽ ഉത്തരവാദിയാണെങ്കിൽ വി. പി. സിംഗ് ഉത്തരവാദിയല്ലേ ? രാജീവ്ഗാന്ധിയെക്കാളും വി. പി. സിംഗ് അല്ലേ ഉത്തരവാദി. വി. പി. സിംഗ് ആ സമയത്ത് എവിടെ പോയി ? വി. പി. സിംഗ് അല്ലേ യു.പി. യിലെ കോൺഗ്രസ്സിന്റെ അന്നത്തെ മുഖ്യമന്ത്രി. അന്ന് അദ്ദേഹം എന്ത് ചെയ്തു ? വി. പി. സിംഗ് അല്ലേ രാജീവ്ഗാന്ധിയുടെ കൂടെ ധനകാര്യമന്ത്രി ആയിരുന്നത് ? അപ്പോൾ വി. പി. സിംഗും ദേവിലാലിനെ പുറത്താക്കി തന്റെ പാർട്ടിയിൽ കുഴപ്പം വന്നപ്പോൾ എടുത്ത ഒരു നടപടിയാണിത്. ആത്മാർത്ഥതയൊന്നും ഞാൻ ഇപ്പോൾ ചോദ്യം ചെയ്യുന്നില്ല. ഞാൻ പറയുന്നത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്തണം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽവരുത്തുമ്പോൾ കേരളത്തിലെ 'മാപ്പിള' എന്നുള്ളത് പോര 'മുസ്ലീം' എന്നു വേണം. പുലയൻ ബേക്കറി വേഡ് ആയിക്കൂടാ, ഷെഡ്യൂൾഡ് കാസ്റ്റ് തന്നെ ആകണം. ആ രീതിയിലുള്ള ഒരു പ്രമേയം നിയമസഭ പാസാക്കി അയയ്ക്കണം. അതിൽ ആത്മാർത്ഥത അവർ തെളിയിക്കണമെന്നു മാത്രമേ ഞാൻ ഈയവസരത്തിൽ പറയുന്നുള്ളൂ.

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ) : സർ, ഇൻഡ്യയിലെ 52 ശതമാനം വരുന്ന ജനങ്ങൾ പിന്നോക്ക വിഭാഗങ്ങളാണ്. ആ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പാടാക്കി കൊടുക്കുക,

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ ആനുകൂല്യങ്ങളും ചെയ്തു കൊടുക്കുക, മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാം വേണമെന്നുണ്ടെങ്കിൽ അതെല്ലാം ചെയ്തുകൊടുക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം എന്ത് ഉദ്ദേശത്തിലുള്ളതാണ്. ഈ രാജ്യത്ത് ഇത്രയും കാലമായി 52 ശതമാനം ജനവിഭാഗങ്ങൾക്ക് നിഷേധിക്കപ്പെട്ടതായിട്ടുള്ള നീതി, അവർക്ക് നിഷേധിക്കപ്പെട്ടതായിട്ടുള്ള തുല്യത, അതിൽ നിന്നും ഇൻഡ്യൻ ജനസമൂഹത്തിൽ നിലനിൽക്കുന്നതായിട്ടുള്ള അസുന്തലിതാവസ്ഥ ഇതിനെ നിർമ്മാർജ്ജനം ചെയ്യുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം തന്നെ നടപ്പിലാക്കുമെന്ന് ദേശീയ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ടായിരുന്നത്. അതിനുശേഷം ദേശീയ മുന്നണി അധികാരത്തിൽ വന്നപ്പോഴും അതിന്റെ പ്രധാനമന്ത്രി ശ്രീ. വി. പി. സിംഗ് പ്രഖ്യാപിച്ചു അത് നടപ്പിലാക്കുമെന്ന്. ഇൻഡ്യൻ സമൂഹത്തിലെ ജാതിവിഭാഗങ്ങളെ സംബന്ധിച്ച് രണ്ട് പഠനങ്ങളും അടുത്തു നടത്തുകയുണ്ടായി. അതിൽ ഒരാൾ Robert Erric Rickenberg, Professor of History and South Asian studies, University of Wisconsil, Maddison ആണ്. He described caste as a social class to which person belongs by birth. He goes on to observe: "Caste prejudice remains an important factor interfering with India's social integration and economic progress". സാമൂഹ്യമായിട്ടുള്ള ഐക്യം സാമ്പത്തികമായിട്ടുള്ള പുരോഗതി ഇതാണ് ഈ 52 ശതമാനം വിഭാഗങ്ങളെ എല്ലാം തന്നെ സ്തംഭനാവസ്ഥയിൽ ഇരുത്തിയതുകൊണ്ട് ഇൻഡ്യയിൽ നഷ്ടമായത്. Seymor Martin Lipset Professor of Political Science and Sociology, Staford University പറയുന്നു, In india, people are born into a certain social class and change to another class is difficult if not impossible. A class with such rigid barriers is called a caste. അതിനേറെതായിട്ടുള്ള റിപ്പോർട്ടിൽ കുറെ അധികം ജാതികളെ നോട്ടിഫൈ ചെയ്തു. മുസ്ലീം വിഭാഗത്തിൽ വരുന്നതായിട്ടുള്ള ആളുകളെ എല്ലാം തന്നെ പിന്നോക്ക വിഭാഗങ്ങളാണെന്നാണ് കണ്ടുപിടിച്ചിട്ടുള്ളത്. ആ കണ്ടുപിടുത്തം ഇൻഡ്യയുടെ ചരിത്രപരമായ കാര്യങ്ങളും നോക്കുമ്പോഴും ശരിയാണ്. ഈ ചരിത്രപരമായിട്ടുള്ള വ്യത്യാസങ്ങളെ എല്ലാം തന്നെ അവസാനിപ്പിക്കണമെങ്കിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയേ മതിയാവൂ. ശ്രീമാൻ മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്ന കാലത്ത് ജനതാ പാർട്ടിയുടെ ഗവൺമെൻറായിരുന്നു 1-1-1979-ൽ ബി. പി. മണ്ഡൽ ചെയർമാനായിട്ടുള്ള കമ്മീഷനെ നിയമിച്ചത്. കമ്മീഷന്റെ റിപ്പോർട്ട് 31-12-1980-ൽ ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് കേന്ദ്രസർക്കാരിന് സമർപ്പിച്ചു. റിപ്പോർട്ടിലെ ശുപാർശകൾ ലഭ്യമാക്കിക്കൊണ്ട് അതിൻമേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കാൻ ഈ സർക്കാരിനേയും മറ്റു സംസ്ഥാന സർക്കാരുകളേയും 2-12-1982-ലും 28-2-1983-ലും കത്തുകളും മുഖാന്തിരം ശ്രീ. പി. സി. സേഠി ആവശ്യപ്പെടുകയുണ്ടായി. എല്ലാ സംസ്ഥാന ഗവൺമെൻറുകളും മറുപടി കൊടുത്തു. ഈ സംസ്ഥാന ഗവൺമെൻറും അന്ന് മറുപടി കൊടുത്തിട്ടുണ്ട്. അതിനുശേഷം യാതൊരു നടപടിയും ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറ് ഇതിൻമേൽ എടുക്കുകയുണ്ടായില്ല. സർ, അതിനുശേഷം ആഭ്യന്തരവകുപ്പു മന്ത്രിയായിരുന്ന ശ്രീ. എസ്. ബി. ചവാൻ 25-5-1985-ൽ ഒരു കത്ത് സംസ്ഥാന ഗവൺമെൻറുകൾക്കെല്ലാം അയച്ചു. കേന്ദ്ര ഗവൺമെൻറ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ തീരുമാനങ്ങൾ എടുക്കുന്നതുവരെ അത്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കേണ്ടതെന്നും ഇന്നത്തെ നില സംവരണകാര്യത്തിൽ തുടരണമെന്നും നിർദ്ദേശിച്ചുകൊണ്ട് കത്തുകൾ അയയ്ക്കുകയുണ്ടായി. 1985 മുതൽ 1990 വരെ ശ്രീമാൻ രാജീവ് ഗാന്ധി ഇൻഡ്യ ഭരിച്ചിരുന്ന കാലത്ത് ഇതിനെ സംബന്ധിച്ച് ഒരുകാര്യവും നടന്നിട്ടില്ല എന്നു മാത്രമല്ല ഒരു നടിപടിയും എടുത്തിട്ടില്ല. എന്നിട്ടാണ് ശ്രീ. വയലാർ രവി പറയുന്നത് കോൺഗ്രസ്സിന്റെ വ്യക്തമായ നയമാണിതെന്ന്. 1980 മുതൽ 1990 വരെ നീണ്ട 10 കൊല്ലക്കാലത്ത് ഇതിൻമേൽ യാതൊരു നടപടിയും ക്രിയാത്മകമായി ചെയ്യേണ്ടതില്ലെന്നാണ് അവർ പറഞ്ഞത്. തീർച്ചയായിട്ടും അത് സൂചിപ്പിക്കുന്നത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ കോൺഗ്രസ്സിനു യാതൊരു വ്യഗ്രതയുമില്ല, ഒരു തരത്തിലുള്ള അനുകൂല മനോഭാവവും ഈ റിപ്പോർട്ടിന്റെ കാര്യത്തിൽ പ്രടിപ്പിക്കുന്നില്ലെന്നാണ്. ബഹുമാനപ്പെട്ട മാണി ഇത് ഒന്നടങ്കം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു. ഇത് പടിപടിയായി നടപ്പിലാക്കേണ്ടതാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് താത്വികമായി സ്വീകരിച്ചു ആദ്യപടിയായി, രണ്ടാമത്തെ പടിയായി നടപ്പിലാക്കേണ്ട കാര്യങ്ങളെല്ലാം തീരുമാനിച്ച സമയത്താണ് ഈ ബുദ്ധിമുട്ടുകളെല്ലാം നമ്മുടെ രാജ്യത്തുണ്ടായത്. അങ്ങനെ ഉണ്ടായതിന്റെ പേരിൽ വളരെയധികം ബുദ്ധിമുട്ടുകൾ ഇത് നടപ്പിലാക്കുന്ന കാര്യത്തിലുണ്ടായി. വാസ്തവത്തിൽ മറെറല്ലാകാര്യങ്ങളും രണ്ടാമതേയുള്ളൂ. ഇതാണ് പ്രധാനമായിട്ടുള്ളത്, ഇതാണ് പ്രസക്തമായിട്ടുള്ളത്, ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറിനെ പുറത്താക്കാനുള്ള തീരുമാനം കോൺഗ്രസ് (ഐ) യും ബി. ജെ. പി. യും കൂടി എടുത്തതിന്റെ ഫലമായിട്ടാണ് വി. പി. സിംഗിന്റെ ഗവൺമെൻറ് പോയത്. അങ്ങ് ഒന്ന് ശ്രദ്ധിക്കണം. ക്ലാസ് 1, ക്ലാസ് 2, ഉദ്യോഗങ്ങളിൽ 90 ശതമാനവും സവർണ്ണവർഗ്ഗങ്ങളുടെ കീഴിലാണ്. ഇതിലേക്ക് വെളിച്ചം വീശുന്ന ഉദ്യോഗത്തിന്റെ കണക്കുകൾ കമ്മീഷൻ നിരത്തിവയ്ക്കുന്നുണ്ട്. രാഷ്ട്രപതിയുടെ സെക്രട്ടേറിയറ്റിൽ ആകെയുള്ള 49 ക്ലാസ് 1 ഉദ്യോഗസ്ഥൻമാരിൽ എല്ലാം സവർണ്ണവർഗ്ഗക്കാരാണ്. അതിൽ 20-ഓളം ഉദ്യോഗസ്ഥൻമാർ ബ്രാഹ്മണരാണ്. ഉപരാഷ്ട്രപതിയുടെ സെക്രട്ടേറിയറ്റിൽ 7 പേരിൽ ഒരാൾപോലും പിന്നോക്കക്കാരനല്ല. പ്രധാനമന്ത്രിയുടെ സേക്രട്ടേറിയറ്റിലെ 35 ക്ലാസ് 1 ഉദ്യോഗസ്ഥൻമാരിൽ ഒരാൾ മാത്രമാണ് പിന്നോക്കക്കാരൻ. 25 ക്യാബിനറ്റ് സെക്രട്ടറിയേറ്റ് ഓഫീസർമാരിൽ ഒരാൾ മാത്രമാണ് പിന്നോക്കക്കാരൻ. അറേറാമിക് എനർജി ഡിപ്പാർട്ട്മെൻറിൽ 34 ഓഫീസർമാരിലും കമ്മ്യൂണിക്കേഷൻ മിനിസ്ട്രിയിലുള്ള 52 ഓഫീസർമാരിലും ഒരൊറെറ പിന്നോക്കവർഗ്ഗക്കാരനില്ല. ഇങ്ങനെ 11,707 ക്ലാസ് 1 ഓഫീസർമാരിൽ 303 പേരും 71,325 സബോർഡിനേറ്റ് ഓഫീസർമാരിൽ 3,219 പേരും മാത്രമേ പിന്നോക്ക വിഭാഗങ്ങളിൽ നിന്ന് വരുന്നവരുള്ളൂ എന്നും കമ്മീഷൻ എടുത്തു കാണിക്കുന്നുണ്ട്. ജനസംഖ്യാടിസ്ഥാനത്തിൽ 52 ശതമാനം വരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് ഇൻഡ്യാഗവൺമെൻറിൽ ക്ലാസ് 1 തസ്തികകളിൽ 4.69 ശതമാനവും ക്ലാസ് 2 തസ്തികകളിൽ 10.63 ശതമാനവും ഉദ്യോഗങ്ങളാണ് അവർക്കുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ കുറെ ശുപാർശകൾ ചെയ്തത്. സമൂഹത്തിലെ 22.5 ശതമാനം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായി 22.5 ശതമാനം ഉദ്യോഗ സംവരണം നിലനിറുത്തണം. 52 ശതമാനം വരുന്ന പിന്നോക്കവിഭാഗങ്ങൾക്ക് കേന്ദ്ര ഗവൺമെൻറിൽ 27 ശതമാനം ഉദ്യോഗ സംവരണം ഏർപ്പെടുത്തണം. മെരിറ്റിൽ പിന്നോക്കക്കാർക്ക് സീറ്റ് കിട്ടിയാലും അത് 27 ശതമാനത്തെ ബാധിക്കുകയില്ല. അർദ്ധസർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളിലും, സർക്കാർ സഹായം നൽകുന്ന എല്ലാ സ്ഥാപനങ്ങളിലും, സർവ്വകലാശാലകളിലും, അഫിലിയേറഡ് കോളേജുകളിലും 27 ശതമാനം ഉദ്യോഗ സംവരണം വേണം. ഇതാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ. ആ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ഇന്ന് ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ പരിശ്രമിക്കുന്നത്. ഇവിടെ പറയുകയുണ്ടായി കോൺഗ്രസ്സാണ് ഇതെല്ലാം നടപ്പിലാക്കാൻ മുൻകൈയെടുത്തതെന്ന്. അത് ചരിത്രപരമായിട്ട് ശരിയല്ല. 1921-ലാണ് ഇതിന്റെ ആദ്യ നടപടികൾ ജസ്റ്റീസ് പാർട്ടിൽ മദ്രാസ് സംസ്ഥാനത്തിൽ എടുത്തത്. 1936-ൽ ഒരു പ്രക്ഷോഭണത്തുടർന്ന് തിരുവിതാംകൂർ മഹാരാജാവ് ആണ് സംവരണത്തെ സംബന്ധിച്ച് ആദ്യത്തെ ഉത്തരവ് നടപ്പിലാക്കിയത്. ബീഹാറിൽ സോഷ്യലിസ്റ്റ് മുഖ്യമന്ത്രിയായിരുന്ന ശ്രീ. കർപ്പൂരി ഠാക്കൂർ ആണ് നടപ്പിലാക്കിയത്. യു. പി. യിൽ ഇതിന്റെ ആദ്യനടപടികൾ 1977 മുതൽ അന്നത്തെ ജനതാ പാർട്ടി ഗവൺമെന്റ് എടുക്കാൻ തുടങ്ങിയിരുന്നു. അതുകൊണ്ട് ഈ പ്രവർത്തനങ്ങളെല്ലാം കോൺഗ്രസ് ആണ് ചെയ്തതെന്ന് പറയുന്നത് ശരിയല്ല. കോൺഗ്രസിന് യാതൊരു തരത്തിലും ഒരു കാലത്തും ഇതിന് മുൻകൈ എടുക്കാൻ അവസരമുണ്ടായിരുന്നില്ലെന്നുള്ളതാണ് സത്യം. തെക്കേഇൻഡ്യൻ സംസ്ഥാനങ്ങളിൽ മിക്കതിലും മുസ്ലീംങ്ങൾ പിന്നോക്കസമുദായമാണ്. ബീഹാറിലെ മുസ്ലീംങ്ങൾ പിന്നോക്കസമുദായക്കാരല്ല. യു. പി. യിൽ പിന്നോക്കമല്ല. ഹിന്ദി ഭാഷാ സംസ്ഥാനങ്ങളിൽ പിന്നോക്കക്കാരല്ല. ഈ ഒരു കാതലായ വ്യത്യാസമാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനാടിസ്ഥാനത്തിൽ മുസ്ലീംങ്ങളെ പിന്നോക്ക സമുദായമായി കണക്കാക്കണമെന്നും സംവരണത്തിന് അവർക്ക് അർഹതയുണ്ടെന്നും ഇൻഡ്യൻ സ്വാതന്ത്ര്യത്തിനുശേഷം, 43 കൊല്ലങ്ങൾക്കുശേഷ ഇദംപ്രഥമമായി മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലാണ് മുസ്ലീങ്ങളെ പിന്നോക്ക സമുദായമായി അംഗീകരിച്ചിരിക്കുന്നുവെന്ന് പറയാനുള്ള ധൈര്യം പ്രകടിപ്പിച്ചത്. അത് വി. പി. സിംഗ് പ്രധാനമന്ത്രിയിലൂടെയാണ് എന്നുള്ളത് കാണുമ്പോൾ ഞാൻ ബഹുമാനപ്പെട്ട മുസ്ലീം ലീഗുകാരോട് ചോദിക്കുകയാണ് നിങ്ങൾ മുട്ടുകുത്തേണ്ട; നിങ്ങൾ അദ്ദേഹത്തെ വന്ദിക്കേണ്ട എന്ന് സ്വയം ചോദിക്കാനായി, നിങ്ങളുടെ ഹൃദയത്തോട് ചോദിക്കാനായി വിനയപൂർവ്വം നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ഈ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള ഭരണമായിരുന്നു ഇവിടെ നടന്നിരുന്നത്. ഈ രാജ്യത്തുള്ള 52 ശതമാനം പിന്നോക്കക്കാരെ കവച്ചു വെച്ചുകൊണ്ട്, അവരുടെ അവകാശങ്ങളെയെല്ലാം നിഷേധിച്ചുകൊണ്ട് ഈ രാജ്യത്ത് കൊല്ലങ്ങളായി ഭരിച്ച കോൺഗ്രസ് ഭരണം മാറിയതിനു ശേഷം ദേശീയ മുന്നണി ഗവൺമെന്റ് വന്നപ്പോഴാണ് ഇത് ഉണ്ടായത്. ഇനി വരുന്നതായ എല്ലാ കാര്യങ്ങളിലും, എന്ത് പൊതുകാര്യം വന്നാലും. അതിൽ ഏറ്റവും സുപ്രധാനമായ ഒരു പൊതുകാര്യം, പൊതുപ്രശ്നം ഈ 52 ശതമാനത്തിന്റെ കാര്യമായിരിക്കും. 52 ശതമാനത്തിന്റെ കാര്യത്തിൽ ആര് എതിർക്കും ? ഇൻഡ്യയിലെ ഈ അവസ്ഥ ആര് ഇല്ലാതാക്കും ? ഇൻഡ്യയിൽ സമത്വം ആര് ഉണ്ടാക്കും ? ഇത് തെളിയിക്കാനുള്ള അവസരം 1990-91 കാലഘട്ടത്തിൽ ശ്രീ വി. പി. സിംഗിന് ഉണ്ടായിരുന്നുവെങ്കിൽ ആ അവസരം ഇനിവരുന്നതായിട്ടുള്ള രണ്ട് മാസത്തിനകത്ത് ഇൻഡ്യയിലെ ജനകോടികൾ വി. പി. സിംഗിന് വീണ്ടും കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

2/836/92/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, ഇത് നൊയമ്പ് സമയമാണ്. അതുകൊണ്ട് 6 മണിക്കെങ്കിലും തീർത്തില്ലെങ്കിൽ ഞങ്ങൾക്ക് ഇരിക്കാൻ പ്രയാസമുണ്ട്.

മി. സ്പീക്കർ ; What can I do ! നിങ്ങളെല്ലാവരും സമയം നീട്ടി പ്രസംഗിച്ചാൽ എന്ത് ചെയ്യും ? എനിക്ക് അതിൽ പ്രയാസമുണ്ട്. ഞാൻ അല്ല ഉത്തരവാദി. ആരും നിറുത്തുകയില്ല നിങ്ങൾ ഇഷ്ടം പോലെ സംസാരിച്ച് തീർന്നപ്പോൾ അവർക്ക് സംസാരിക്കണ്ടേ ?

ശ്രീ ടി. പി. പീതാംബരൻ മാസ്റ്റർ : സർ, മണ്ഡൽ കമ്മീഷൻ ശുപാർശകൾ പൂർണ്ണമായി നടപ്പിലാക്കാൻ ആവശ്യപ്പെടുന്ന ശ്രീ. കെ.പി. അരവിന്ദാക്ഷൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു. 1980-ൽ സമർപ്പിക്കപ്പെട്ട കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കണമെന്ന് അന്നു മുതൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. ശ്രീ. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് 1989 സെപ്റ്റംബറിൽ നാഗ്പൂരിൽ ചേർന്ന .....

മി. സ്പീക്കർ : ഇതിന് സബ്സ്റ്റാൻറീവ് മോഷൻ ഒന്നേയുള്ളു. തെറ്റായിട്ട് രണ്ടാമത് ഒരു സബ്സ്റ്റാൻറീവ് മോഷൻ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അതു ഭേദഗതിയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ശ്രീ. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് 1989 സെപ്റ്റംബറിൽ നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് (എസ്)-ന്റെ ദേശീയ സമ്മേളനം അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിലെ പ്രധാന ആവശ്യങ്ങളിൽ ഒന്ന് മണ്ഡൽ കമ്മീഷൻ ശുപാർശകൾ അടിയന്തിരമായി നടപ്പിലാക്കണമെന്നുള്ളതാണ്. 1989 ഡിസംബറിൽ നടന്ന പാർലമെൻറ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ മണ്ഡൽ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കണമെന്ന കാര്യം ഞങ്ങളുടെ പാർട്ടി എടുത്തു പറഞ്ഞിരുന്നതാണ്. കോൺഗ്രസ് (എസ്) ഘടകകക്ഷിയായിട്ടുള്ള ദേശീയ മുന്നണിയുടെ പ്രകടന പത്രികയിലും മണ്ഡൽ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്ന കാര്യം പ്രത്യേകം പ്രഖ്യാപിച്ചിരുന്നു എന്നുള്ളകാര്യം നിങ്ങൾ ഓർക്കുമെന്ന് ഞാൻ വിചാരിക്കുന്നു. തെരഞ്ഞെടുപ്പു കഴിഞ്ഞ് അധികാരത്തിൽ വന്ന വി. പി. സിംഗിന്റെ ഗവൺമെൻറ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ഇനമായ, പിന്നോക്ക സമുദായങ്ങൾക്ക് 27 ശതമാനം ഉദ്യോഗ സംവരണം നൽകുന്ന ഉത്തരവ് 1990 ആഗസ്റ്റ് 13-ന് പുറപ്പെടുവിക്കുകയും ചെയ്തു.

സർ, സാമൂഹ്യനീതി കൈവരിക്കുന്നതിനുള്ള ഈ നടപടിക്കെതിരെ കോൺഗ്രസ്സും ബി.ജെ.പി. യും ആവിഷ്ക്കരിച്ച രക്തരൂക്ഷിതമായ സമരം സ്വതന്ത്ര ഇൻഡ്യയുടെ ചരിത്രത്തിലെ ഏറ്റവും കറുത്ത അദ്ധ്യായമാണ്. പിന്നോക്ക വിഭാഗക്കാർക്ക് പ്രഖ്യാപിച്ച 27 ശതമാനം ഉദ്യോഗ സംവരണം പിൻവലിക്കുന്നതിനും അതിനെ പിൻവലിപ്പിക്കുന്നതിനും കഴിയാതെ വന്നപ്പോൾ അതിനു സാമ്പത്തിക പരിഗണന സ്വീകരിപ്പിച്ച് അതിനെ പരാജയപ്പെടുത്തുവാനും വേണ്ടി നടത്തിയ സമ്മർദ്ദത്തിനും വഴങ്ങാതിരുന്നതാണല്ലോ വി. പി. സിംഗിനെ അട്ടിമറിക്കാൻ തന്നെ കാരണം. പിന്നോക്ക വിഭാഗക്കാരുടെ 27 ശതമാനം ഉദ്യോഗസംവരണം നടപ്പിലാക്കുന്ന കാര്യത്തിലും അതിനെതിരെ നടന്ന സമരത്തിലും വി. പി. സിംഗിന്റെ ഗവൺമെൻറിന് ശക്തമായ പിൻതുണ നൽകിയ പ്രസ്ഥാനമാണ് സർ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി എന്ന കാര്യം ഓർമ്മിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഈയവസരത്തിൽ ഞാനാഗ്രഹിക്കുകയാണ്. ഇവിടത്തെ പ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. വയലാർ രവി ആദ്യന്തം രണ്ടു വാചകങ്ങളിൽ ഈ പ്രമേയത്തിന് പൂർണ്ണ പിൻതുണ പ്രഖ്യാപിച്ചതിൽ രവിയോട് എനിക്ക് പ്രത്യേകം നന്ദിയുണ്ട്. പക്ഷേ കോൺഗ്രസ്സിന്റെ പ്രമേയമോ നിലപാടോ പ്രഖ്യാപിക്കാനുള്ള അവകാശം രവിക്ക് ഉണ്ടെന്നോ ഈ രാജ്യത്ത് ആരെങ്കിലും കരുതുന്നുണ്ടെന്നോ ഞാൻ വിചാരിക്കുന്നില്ല. ഇവിടെ വയലാർ രവിയുടെ കാര്യമായാലും ശ്രീ. കരുണാകരന്റെ കാര്യമായാലും ശരി നമുക്കറിയാം. കരുണാകരനും രവിയുമൊക്കെ മന്ത്രിസഭയിൽ ഉണ്ടായിരുന്ന കാലത്ത് 15 ശതമാനം സാമ്പത്തിക സംവരണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പാർട്ടിയാണ് ശ്രീ. വയലാർ രവിയുടെ പാർട്ടി. ഇപ്പോഴും ഈ പ്രമേയം ഇവിടെ ചർച്ചചെയ്യുമ്പോഴും ആ സാമ്പത്തിക സംവരണം തീരുമാനത്തിന്റെ പ്രണേതാവ് ആയിരുന്ന ശ്രീ. കരുണാകരന്റെ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാതിരിക്കാൻ വേണ്ടിയല്ലേ ഇന്നീ സഭയിൽനിന്ന് അദ്ദേഹം വിട്ടുനിൽക്കുന്നതെന്ന് വാസ്തവത്തിൽ ഞാൻ സംശയിച്ചുപോവുകയാണ് സർ. അദ്ദേഹത്തിന്റെ സംവരണക്കാര്യത്തിലുള്ള നിലപാടും അഭിപ്രായവും എന്താണെന്നറിയുവാൻ ഞങ്ങൾക്ക് അവകാശമുണ്ടായിരുന്നു. ഏതായാലും രവിയേക്കാളും കൂടുതൽ പ്രസക്തമായി അഭിപ്രായം ആ പാർട്ടിയിൽ അദ്ദേഹത്തിന്റേതാണല്ലോ. സർ രവിയുടെ നേതാവ് ശ്രീമാൻ എ. കെ. ആന്റണി സാമുദായിക സംവരണവും സാമ്പത്തിക സംവരണവുംകൂടി കൂട്ടിക്കുഴച്ച് ആളുകളെ മുഴുവൻ ആശയക്കുഴപ്പത്തിലാക്കുന്ന ഒരു പ്രവൃത്തിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. അപ്പോഴും ഇതൊന്നും കോൺഗ്രസ്സിന്റെ അഭിപ്രായമല്ല. 1990 ഓഗസ്റ്റ് മാസം 13-ാം തീയതിലാണല്ലോ, ഈ മണ്ഡൽകമ്മീഷൻ റിപ്പോർട്ടിൻമേലുള്ള ശുപാർശകളും നടപ്പിലാക്കാനുള്ള ഉത്തരവുണ്ടായത്. എന്നാൽ ഓഗസ്റ്റ് 31-ാം തീയതി ചേർന്ന കോൺഗ്രസ് (ഐ)-യുടെ വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനം എന്താണെന്ന് ഇവിടെ വിശദീകരിച്ചു കഴിഞ്ഞതാണ്. അവരുടെ അന്നത്തെ ആ തീരുമാനം ഇന്നും നിലനിൽക്കുകയാണ്. അതിനു യാതൊരു വ്യത്യാസവും ഇതേവരെ വരുത്തിയിട്ടില്ല. സർ, ഇവിടെ കോൺഗ്രസ്(ഐ) വർക്കിംഗ് കമ്മിറ്റി പറഞ്ഞിരിക്കുന്നത്''...

The Congress Working Committee has rejected the concept of caste as a sole criterion for reservation.

എന്നാണ് ഓഗസ്റ്റ് 30-ാം തീയതി കോൺഗ്രസ് (ഐ) വർക്കിംഗ് കമ്മിറ്റി പാസ്സാക്കിയ പ്രമേയത്തിൽ പറയുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ : അത് മാറ്റി, ആ നിലപാടൊക്കെ മാറ്റിയിട്ടുണ്ട്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഇല്ല, അത് ഇതുവരെ മാറ്റിയിട്ടില്ലായെന്നുള്ളതാ വസ്തുതയാണ്. അത് മാറ്റിയെങ്കിൽ അത് മാറ്റിയ വിവരം പത്രങ്ങളിലൊക്കെ വരേണ്ടതല്ലേ ? നിങ്ങൾ ആ നിലപാട് മാറ്റിയതിനെക്കുറിച്ച് വാർത്തയൊന്നും വന്നിട്ടില്ല. ശ്രീ. കരുണാകരൻ ലീഗിലെ ചില നേതാക്കൻമാരെ വിളിച്ച് സ്വകാര്യമായി അത് മാറ്റിക്കൊടുക്കാമെന്ന് പറയുന്നതല്ലാതെ ഇതേവരെ ആ നിലപാട് അവർ മാറ്റിയിട്ടില്ലായെന്നുള്ളതാണ് വസ്തുത. രാജീവ് ഗാന്ധിയുടെ ഏറ്റവും ഒടുവിലത്തെ ഒരു പ്രഖ്യാപനവും വ്യക്തമാക്കുന്നത് ഇപ്പോഴും സാമ്പത്തിക സംവരണമാണ് കോൺഗ്രസ് (ഐ)-യുടെ പ്രഖ്യാപിതനയം എന്നുതന്നെയാണ്. പിന്നെ എന്താണ് സർ ഇപ്പോഴും ഈ ജാട കാണിക്കുന്നത് ? മുസ്ലീം ലീഗിനെ

LIBRARY ARCHIVES Kerala Legislative Assembly

മാറി ഒറ്റയ്ക്ക് മൽസരിക്കണമെന്ന് പ്രമേയം പാസ്സാക്കിയ യൂത്ത് കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. പന്തളം സുധാകരൻ അപ്പിടെ ഇരിപ്പുണ്ട്. പക്ഷേ തെരഞ്ഞെടുപ്പ് അടുത്തുവന്നപ്പോൾ അദ്ദേഹം വീണ്ടും മുസ്ലീം ലീഗിന്റെ പിന്നാലെ നടക്കുകയാണ്. ഈ രാജ്യത്തെ പിന്നോക്കവിഭാഗത്തെ വീണ്ടും വഞ്ചിച്ച് കുറെ വോട്ടുകൾ ശേഖരിക്കാൻ സാധിക്കുമോയെന്നുള്ള തല്പാതെ കോൺഗ്രസ് (ഐ) ക്ക് ഇക്കാര്യത്തിൽ മറ്റെന്തെങ്കിലും ഉദ്ദേശം ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ 10 കൊല്ലക്കാലം ഈ റിപ്പോർട്ട് കൈവശംവച്ചിരുന്ന അല്ലെങ്കിൽ പെട്ടിയിൽ സൂക്ഷിച്ചിരുന്ന കോൺഗ്രസ്–ഐ യുടെ ഗവൺമെന്റുകൾക്ക് എന്തായിരുന്നു അത് നടപ്പിലാക്കാനുള്ള തടസ്സമെന്ന് ഞാൻ ചോദിക്കുകയാണ്. 4/5 ഭൂരിപക്ഷം പാർലമെന്റിലുണ്ടായിരുന്ന രാജീവ്ഗാന്ധിക്ക് കഴിഞ്ഞ 5 കൊല്ലക്കാലം അദ്ദേഹം ഇൻഡ്യ ഭരിച്ചിട്ട് ഈ റിപ്പോർട്ട് പുറത്തെടുക്കാത്തവരാണ് തങ്ങൾക്ക് ഇക്കാര്യത്തിൽ മാറ്റമുണ്ട്, തങ്ങൾ പിന്നോക്ക വിഭാഗക്കാർക്കുവേണ്ടിയാണ് വാദിക്കുന്നത്, നിലകൊള്ളുന്നത് എന്നും പ്രചരിപ്പിക്കുന്നതിന്റെ പൊള്ളത്തരം നമുക്ക് മനസ്സിലാകും.

ശ്രീ. വയലാർ രവി : ഇവിടെ പ്രസംഗിച്ചപ്പോൾ മണ്ഡൽ കമ്മീഷൻ പിന്നോക്കവിഭാഗക്കാർക്ക് സംവരണം അനുവദിച്ചതൊക്കെ കോൺഗ്രസ്സുകാരാണ് എന്നുപറയുന്നു. കേരളത്തിലും തമിഴ്നാട്ടിലും കർണ്ണാടകത്തിലുമൊക്കെ സാമുദായിക സംവരണം നടപ്പിലാക്കിയത് ഒരു കക്ഷിയുടെയും ഔദാര്യംകൊണ്ടല്ല അവിടത്തെ പിന്നോക്കവിഭാഗങ്ങളുടെ സംഘടനകൾ സംഘടിതമായി, ശക്തമായി, ഒത്തൊരുമിച്ച് നടത്തിയ സമരത്തിൽ, അവർക്ക് അത് അനുവദിക്കുകയല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ലെന്ന് കണ്ടപ്പോൾ അന്ന് ഭരണാധികാരത്തിലിരുന്ന അധികാരികൾ അത് നടപ്പിലാക്കിയതാണ്. അല്ലാതെ കോൺഗ്രസ് ഐ - യുടെ സൗജന്യമൊന്നും അതിനകത്തില്ല. കോൺഗ്രസ്–ഐ - യ്ക്ക് ഈ താല്പര്യമുണ്ടായിരുന്നുവെങ്കിൽ ഈ 40 കൊല്ലക്കാലം ഭരിച്ചതിനിടയിൽ എന്തുകൊണ്ട് അവർ ഇവിടെയൊക്കെ നടപ്പിലാക്കി എന്നുപറയുന്ന ആ സംവരണം കേന്ദ്രഗവൺമെന്റ് ഉദ്യോഗങ്ങൾക്ക് എന്തുകൊണ്ട് നൽകുന്ന കാര്യം പരിഗണിച്ചില്ല, അത് നടപ്പിലാക്കിയില്ലായെന്ന കാര്യത്തെപ്പറ്റി വയലാർ രവിക്ക് ഒരക്ഷരം പറയാനുണ്ടായിരുന്നില്ലല്ലോ. അതിനുള്ള ന്യായം അദ്ദേഹത്തിന് പറയാമായിരുന്നില്ലേ സർ ? എന്തുകൊണ്ടാണ് അന്ന് നടപ്പിലാക്കാതിരുന്നതെന്നാണ് ഞാൻ ചോദിക്കുന്നത് ? രാജീവ്ഗാന്ധി പാർലമെന്റിൽ രണ്ടരമണിക്കൂർ നേരം മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് സംസാരിച്ചു.

മി. സ്പീക്കർ : സമയമില്ല, ഇതൊക്കെ പറഞ്ഞുകഴിഞ്ഞ കാര്യങ്ങളല്ലേ, വേഗം പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, അതിനെക്കുറിച്ച് രാജീവ്ഗാന്ധി പാർലമെന്റിൽ പ്രസംഗിച്ചപ്പോൾ അതിനെ ആദ്യന്തം നഖശിഖാന്തം എതിർക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. എന്നിട്ട് ഇപ്പോൾ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നു. സാമുദായിക സംവരണത്തിനു പകരം സാമ്പത്തികസംവരണമാണ് വേണ്ടതെന്നാണ് ചിലർ വാദിക്കുന്നത്. സാമൂഹ്യാവശതയും സാമ്പത്തികാവശതയും തിരിച്ചറിയാൻ കഴിയാത്തവരാണ് ഇത്തരം വാദഗതികളുന്നയിക്കുന്നത്. അവർ അതെല്ലാം കൂട്ടിക്കുഴച്ച് ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം ഉണ്ടാക്കാൻവേണ്ടി ശ്രമിക്കുന്നവരാണ്. അത്തരക്കാരാണ് ഈ വിധത്തിലുള്ള പ്രചരണങ്ങളും പ്രചാരവേലകളുമൊക്കെ നടത്തിക്കൊണ്ടിരിക്കുന്നത്. അവരാണ് ഇതൊക്കെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹ്യാവശതയും

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികാവശതയും വ്യത്യസ്ത കാരണങ്ങളാൽ ഉണ്ടാകുന്നതാണ്. തൊഴിലില്ലായ്മയും രാജ്യത്തെ സാമ്പത്തിക വിതരണത്തിലുള്ള അപാകതയുമാണ് സാമ്പത്തിക പരാധീനതയ്ക്കു കാരണം. എന്നാൽ ഇവിടെ സാമൂഹ്യമായ അവശത ഇൻഡ്യയിൽ നിലവിലുണ്ടായിരുന്ന ചാതുർവർണ്ണ്യ വ്യവസ്ഥയുടെ സൃഷ്ടിയാണ്. ജാതിയുടെ പേരിൽ ഭൂരിപക്ഷം വരുന്ന പിന്നോക്കവിഭാഗക്കാർക്ക് സമുദായത്തിൽ നൽകിയ സ്ഥാനവും വിദ്യാഭ്യാസത്തിനുള്ള അനുവാദം നിഷേധിച്ചതും ആ വിഭാഗത്തിന്റെ മേൽ അടിച്ചേൽപ്പിച്ച ഭരണാധിപത്യവും ആണ് അവരിൽ സാമൂഹ്യ പിന്നോക്കാവസ്ഥ സൃഷ്ടിച്ചത്. ഇൻഡ്യയിൽ തലമുറകളായി, നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ശ്രേഷ്ടവിഭാഗത്തിന്റെ ഭരണകുത്തകയാണ് സാമൂഹ്യനീതിക്ക് ഏറ്റവും വലിയ തടസ്സം. അത് മാറ്റാൻ പിന്നോക്കവിഭാഗക്കാർക്ക് വിദ്യാഭ്യാസയോഗ്യത കൈവരിക്കാനുള്ള അവസരം അവർക്ക് ലഭ്യമാകാനും സമൂഹത്തിലെ മറ്റു വിഭാഗക്കാരോടൊപ്പം വിദ്യാഭ്യാസത്തിലും സമൂഹത്തിലും അവർക്ക് ഉയരാനും ഈ ഭരണകുത്തക മുൻപ് അവരെ അനുവദിച്ചിരുന്നില്ല. ഇൻഡ്യ സ്വതന്ത്രമായി 41 വർഷത്തിനുശേഷവും ഇൻഡ്യയിലെ ഭൂരിപക്ഷം വരുന്ന ജനത എഴുതുവാനും വായിക്കാനും കഴിയാത്തവരാണ്. അവരിൽ 95 ശതമാനം ആളുകളും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ജാതി വിഭാഗങ്ങളിൽപ്പെടുന്നവരാണ്. ജനസംഖ്യയുടെ 85 ശതമാനത്തിലധികം വരുന്ന ഈ ജനവിഭാഗത്തിന് പ്രാഥമിക വിദ്യാഭ്യാസംപോലും നൽകാൻ ഇതേവരെ നടപടിയെടുക്കാതെ പോയത് നിർണ്ണായക തീരുമാനങ്ങളെടുക്കുന്ന ഉദ്യോഗതലങ്ങളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് പങ്കില്ലാതിരിക്കുന്നതുകൊണ്ടു തന്നെയാണ്. അതുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നോക്ക സമുദായങ്ങൾക്കും സാമുദായിക സംവരണം നൽകി അവരെ അധികാരത്തിൽ പങ്കുകൊള്ളിപ്പിച്ച് അവർക്ക് ഉദ്യോഗങ്ങളിൽ സംവരണം നൽകുക മാത്രമാണ് സാമൂഹ്യനീതി കൈവരിക്കാൻ ഫലപ്രദമായ, കരണീയമായിട്ടുള്ള മാർഗ്ഗം. ആ മാർഗ്ഗമാണ് സർ വി. പി. സിംഗിന്റെ ഗവൺമെന്റ് സ്വീകരിച്ചത്. ആ വി. പി. സിംഗ് സ്വീകരിച്ച മാർഗ്ഗത്തിന് ഈ രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും പിന്തുണ ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനാധിപത്യമെന്ന് പറയുന്നത് ഭൂരിപക്ഷത്തിന്റെ ഭരണമാണ്. ജനസംഖ്യയുടെ 85 ശതമാനം ആളുകളും പിന്നോക്ക വിഭാഗക്കാരാണ്. അവർക്ക് ഇന്ന് ഭരണത്തിൽ പങ്കില്ല. ആ പങ്ക് അവർക്ക് നൽകിയത് വി. പി. സിംഗാണ്. ആ വി. പി. സിംഗിനെ തട്ടിത്തെറിപ്പിച്ചുകൊണ്ട് ഇവർ അദ്ദേഹത്തിന്റെ ഭരണത്തെ അട്ടിമറിച്ചു. എന്നാൽ ആ ഭരണത്തെ അട്ടിമറിച്ചവരെ കാറിൽ പാഞ്ഞിച്ചുകൊണ്ട് വി. പി. സിംഗിന് പിൻതുണ നൽകുന്ന, പിന്നോക്ക സമുദായക്കാരുടെ പിൻതുണ നൽകുന്ന ഈ പ്രമേയം നമുക്ക് ഏകകണ്ഠമായി പാസ്സാക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : സർ, എനിക്കും എന്റെ പാർട്ടിക്കും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പാക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പല കാര്യങ്ങളും സജസ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ പ്രധാനമായിട്ടുള്ളത് ജോലിയിൽ 27 ശതമാനം സംവരണമെന്നുള്ളതാണ്. സംവരണത്തെക്കുറിച്ച് എന്റെ പാർട്ടി കാണുന്നത് ഇൻഡ്യയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി കുറച്ചാളുകൾക്ക് ഉദ്യോഗം കൊടുക്കുന്നതിനല്ല. ഇൻഡ്യയിലെ ജനസംഖ്യയിൽ ഒരു ശതമാനത്തിനുമാത്രമേ ഉദ്യോഗമുള്ളു. അപ്പോൾ സംവരണം കൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതല്ല അതിന്റെ ഉദ്ദേശം. അധികാരത്തിൽ നിന്ന് പുറന്തള്ളപ്പെട്ടിരുന്ന വിഭാഗത്തിന് അധികാരത്തിൽ പങ്കു ലഭിക്കുകയെന്നുള്ളതാണ് ഈ സംവരണം കൊണ്ടുദ്ദേശിക്കുന്നത്. നമുക്കറിയാം ചാതുർവർണ്ണ്യത്തിന്റെ പാരമ്പര്യമാണ് നമ്മുടെ സമൂഹത്തിൽ ഇപ്പോഴുമുള്ളത്. അത് നിലനിർത്തിക്കൊണ്ട് ഭരണവർഗ്ഗം എന്നും പിന്നോക്ക വിഭാഗത്തെയും അധഃസ്ഥിതവർഗ്ഗത്തെയും ഭരണത്തിൽനിന്ന് ഒഴിച്ചുനിർത്തുന്ന ഒരേർപ്പാടാണുണ്ടായിരുന്നത്. ബഹുമാനപ്പെട്ട വയലാർ രവി ഇവിടെ അവകാശപ്പെട്ടു. ഞാൻ തർക്കിക്കാനൊന്നും പോകുന്നില്ല. കോൺഗ്രസ്സിന്റെ ഭരണകാലത്താണ് ഭരണഘടനയുണ്ടായതെന്ന് ശ്രീ. വയലാർ രവി അവകാശപ്പെട്ടു. അന്നത്തെ 340-ാം വകുപ്പിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ശരിയാണ്. ഭരണഘടനയിൽ, വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ആളുകളെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കണമെന്നുണ്ടായിരുന്നു. പുസ്തകത്തിലെ പശു പുല്ല് തിന്നുമോയെന്ന് ഞാൻ ചോദിക്കുകയാണ്. ഈ 340-ാം വകുപ്പുണ്ടായിട്ട് ആദ്യം ഒരു കമ്മീഷനെ നിയമിച്ചു. കലേക്കർ കമ്മീഷൻ. ആ കമ്മീഷൻ റിപ്പോർട്ടിന് എന്തുപറ്റി ? അന്ന് കോൺഗ്രസ് ഗവൺമെന്റായിരുന്നു. ആ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന അത്യാവശ്യം ഒന്നുരണ്ടു കാര്യങ്ങൾ ഞാൻ പറയാം. അതിൽ പറയുന്നത്—

Reservation of 70% seats in technical and professional institutions for qualified students of the backward classes .... Minimum reservation of vacancies in Government Services and Local bodies for other backward classes on the following scale :

Class—1	25%
Class—2	33.13%
Class—3 and 4	40%

ഒന്നാമത്തെ കമ്മീഷൻ റിപ്പോർട്ടാണിത്. കോൺഗ്രസ്സ് ഭരണകാലവുമായിരുന്നു. 1977-ലാണ് പിന്നെ മൊറാർജി ദേശായി വന്നത്. 1955-ലാണ് ഈ ആദ്യ റിപ്പോർട്ട് സമർപ്പിച്ചത്. 1955 മുതൽ 1977 വരെ ഇൻഡ്യാ രാജ്യം ഭരിച്ചിരുന്ന കോൺഗ്രസ്സ് ഒന്നാമത്തെ ഈ കമ്മീഷൽ റിപ്പോർട്ടിൽ എന്ത് നടപടി സ്വീകരിച്ചു ? ഒന്നും ചെയ്തില്ല. അതാണ് വസ്തുത. ശ്രീ. വയലാർ രവി ഇവിടെ അവകാശപ്പെടുന്നത് കേട്ടു, ഏതാണ്ട് ഒരുപാട് ചെയ്തുവെന്ന്. ഒന്നും ചെയ്തില്ല.

ശ്രീ. വയലാർ രവി : ആ കമ്മീഷൻ ചെയർമാൻ ശ്രീ. കലേക്കർ നടപ്പിലാക്കരുതെന്ന് എഴുതിക്കൊടുത്തതിനുശേഷമല്ലേ ഇതുണ്ടായത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : സർ, ആ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് അന്നത്തെ കോൺഗ്രസ്സ് ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് എഴുതിയ ഒരു കത്തിലെ പ്രസക്തമായ ഭാഗം വായിക്കാം.

The Government of India also consider that while the State Governments have the discretion to choose their own criteria for defining backwardness in view of the Government of India.....

It would be better to apply economic test than to go by caste.

LIBRARY ARCHIVES Kerala Legislative Assembly

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ ഈ കലേക്കർ കമ്മീഷന്റെ റിപ്പോർട്ടിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റുകൾക്ക് എഴുതിയത് സാമുദായിക സംവരണമല്ല.

It would be better to apply economic test than to go by caste.

അന്നുമുതൽ ഇന്നുവരെ കോൺഗ്രസ്സിന്റെ നയം അതാണ്. പ്രസംഗത്തിൽ പറയും പിന്നോക്ക വിഭാഗത്തെ ഉദ്ധരിക്കുമെന്ന്. അതേ സമയത്ത് പ്രവൃത്തിയിൽ അതിന് വിരുദ്ധമായി സാമ്പത്തിക സംവരണമാണ് കോൺഗ്രസ്സ് അന്നും ഇന്നും സ്വീകരിച്ചിരിക്കുന്നത്. ശ്രീ. വയലാർ രവി ഇവിടെ പറഞ്ഞു, ഇതെല്ലാം ചെയ്തത് കോൺഗ്രസ്സാണെന്ന്. ചരിത്രത്തെ ഇങ്ങനെ വളച്ചൊടിക്കാമോ സർ? അങ്ങേയ്ക്ക് ഓർമ്മയില്ലേ, തിരുവിതാംകൂറിൽ എന്നാണ് കോൺഗ്രസ്സ് വന്നത്? നിവർത്തന പ്രക്ഷോഭണത്തിന്റെ ഫലമായി അന്നത്തെ മഹാരാജാവ് ഏർപ്പെടുത്തിയതല്ലേ സംവരണ സംവിധാനം. എന്നിട്ട് ശ്രീ. രവി ഇവിടെവന്ന് പറയുകയാണ് കോൺഗ്രസ്സാണ് ചെയ്തതെന്ന്. കൊച്ചിയിൽ 1921-ൽ അല്ലേ സംവരണം വന്നത്? ഇന്ന് കോൺഗ്രസ്സുണ്ടോ ഭാരതത്തിലെന്ന് ഞാൻ ചോദിക്കുകയാണ്. മദ്രാസ്സിൽ ജസ്റ്റിസ് പാട്ടേൽ അല്ലായിരുന്നോ? അന്നല്ലേ ഇത് വന്നത്? ബീഹാറിൽ കർപ്പൂരി ഠാക്കൂർ അല്ലായിരുന്നോ; അല്ലാതെ കോൺഗ്രസ്സ് ഗവൺമെന്റായിരുന്നോ? നിങ്ങൾക്ക് പറയാൻ കഴിയുമോ ഇൻഡ്യയിൽ ഏതെങ്കിലും ഒരു സംസ്ഥാനത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സംവരണം ഏർപ്പെടുത്താൻ കഴിഞ്ഞുവെന്ന്. ഇല്ലെന്ന് ഞാൻ പറയുന്നു.

ശ്രീ. പി. സീതിഹാജി: ഈ കൊള്ളരുതാത്ത കോൺഗ്രസ്സിന്റെ കൂടെ അഖിലേന്ത്യാ പാർട്ടിവിട്ട് ആറേഴുകൊല്ലം മന്ത്രിയായി അങ്ങ് ഇരുന്നത് മറന്നുപോയോ?

ശ്രീ. ബേബി ജോൺ: സർ, ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇപ്പോൾ ഇതെല്ലാം കോൺഗ്രസ്സാണ് ചെയ്തതെന്ന് പറയുന്നു. ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് കേന്ദ്രം അഭിപ്രായം അറിയിക്കണമെന്ന് പറഞ്ഞിട്ട് ശ്രീ. വയലാർ രവി കൂടെയുണ്ടായിരുന്ന മന്ത്രിസഭ അറിയിച്ചോ? ഞങ്ങൾ അറിയിച്ചു. അന്ന് ശ്രീ. കരുണാകരൻ പറഞ്ഞു കേന്ദ്രത്തിൽനിന്ന് ഒരു നിർദ്ദേശം വന്നുവെന്ന്. ആ നിർദ്ദേശം മറ്റൊന്നുമായിരുന്നില്ല. ''ഇപ്പോൾ സംസ്ഥാനങ്ങളിൽ നിലവിലിരിക്കുന്ന സംവരണത്തിൽ മാറ്റം വരുത്തരുത്, അവസാന തീരുമാനമെടുക്കരുത്''. ഇതായിരുന്നു നിർദ്ദേശം. അതിന്റെ മറവിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം നിങ്ങൾ എഴുതി അയച്ചില്ല. അന്ന് നിങ്ങൾ ഒളിച്ചുകളിച്ചതല്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. എവിടെയാണ് നിങ്ങൾ ചെയ്തിട്ടുള്ളത്? പിന്നെ കോൺഗ്രസ് പിൻതുണ നൽകുന്നുവെന്നു പറഞ്ഞു. വയലാർ രവി ഇവിടെ നിന്ന് പറയുമ്പോൾ പറയാം. ശ്രീ. വസന്ത് സാഠേ ആരാണ്? കോൺഗ്രസ്സിന്റെ നേതാവാണോ? ....ബഹളം..... ..... അല്ല, അല്ലേ? എന്നാൽ പിന്നെ രവിയാണോ നേതാവ്?

.....ബഹളം. .....

പാർലമെന്റിൽ വി. പി. സിംഗിന്റെ ഗവൺമെന്റ് നടപ്പാക്കാൻ ശ്രമിച്ച, ഉത്തരവ് പുറപ്പെടുവിച്ച ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ സംവരണ വ്യവസ്ഥയ്ക്കെതിരായി പാർലമെന്റിന്റെ മുൻപിൽ നിരാഹാര സത്യാഗ്രഹം നടത്തിയത് ആരാണ്? വസന്ത് സാഠേയാണ്, കോൺഗ്രസ്സാണ് എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെവന്ന് പറയുന്നു, ഞങ്ങൾ പിൻതുണ പ്രഖ്യാപിക്കുന്നുവെന്ന്. അതുപോലെതന്നെ അദ്ദേഹം എങ്ങനെയാണ് പിൻവലിച്ചതെന്ന് നോക്കണം. സുപ്രീംകോടതി സ്റ്റേ ചെയ്തപ്പോഴാണ് പിൻവലിച്ചത്. അങ്ങനെ കോൺഗ്രസ്സിന്റെ ചരിത്രം പരിശോധിച്ചാൽ ഭരണഘടനയിൽ 340-ാം വകുപ്പ് എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും ആ ഭരണഘടനയുടെ അന്തസത്ത കണക്കിലെടുത്തുകൊണ്ട് ഇതുവരെ പ്രവർത്തിച്ചില്ലെന്നു മാത്രമല്ല അതിനെതിരായ പ്രവർത്തനമാണ് കോൺഗ്രസ് (ഐ) ഇത്രയും കാലം ചെയ്തതെന്ന് നിങ്ങൾ മനസ്സിലാക്കണം. അതാണ് നാം കാണേണ്ടത്. അതുകൊണ്ട് സാമ്പത്തിക സംവരണമല്ല വേണ്ടത്. 1987-ൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോൾ സാമുദായിക സംവരണത്തിന്റെ കൂടെ 15 ശതമാനം സാമ്പത്തിക സംവരണവും കൂടെ കൊടുക്കുമെന്ന് പറഞ്ഞിരുന്നില്ലേ ? അത് നിങ്ങൾ ഓർക്കുന്നില്ലേ ? എവിടെപ്പോയി അത് ? ആരെ കബളിപ്പിക്കാനായിരുന്നു അത് ചെയ്തതെന്ന് ഞാൻ ചോദിക്കുകയാണ്. അതിനെ സംബന്ധിച്ച് ഒരു കടലാസ്സുമില്ല. പക്ഷെ ഇതൊക്കെ ആളുകളെ പറഞ്ഞിക്കാൻവേണ്ടി മാത്രമാണ്. കോൺഗ്രസ്സ് എന്നും പിന്നോക്കവിഭാഗത്തിന് എതിരായിരുന്നു. കോൺഗ്രസ് ഭരണവർഗ്ഗം സവർണ്ണ മേധാവിത്വത്തിൽ നിൽക്കുകയാണ്. സവർണ്ണമേധാവിത്വത്തിന്റെ ആധിപത്യംകൊണ്ട് പിന്നോക്കവിഭാഗങ്ങളെ ദ്രോഹിക്കുന്ന നടപടിയിലാണ് കോൺഗ്രസ്സ് ഏർപ്പെട്ടിരിക്കുന്നത്. ഈ രാജ്യത്തെ പിന്നോക്കവിഭാഗങ്ങൾക്കും ഹരിജനങ്ങൾക്കും ഈ സ്ഥിതിയിൽനിന്ന് മോചനം വേണമെങ്കിൽ കോൺഗ്രസിനെ പരാജയപ്പെടുത്തിയാൽ മാത്രമേ കഴിയുകയുള്ളൂ. തൊഴിലാളി വർഗ്ഗത്തിന്റെയും മതേതര ശക്തിയുടെയും പിൻതുണയുള്ള ഒരു സംവിധാനത്തിന് സാധാരണ ജനങ്ങൾ പിൻതുണ നൽകുകയാണെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ റിപ്പോർട്ടിനെ പൂർണ്ണമായി അംഗീകരിക്കുന്നു.

മുഖ്യമന്ത്രി [ശ്രീ. ഇ. കെ. നായനാർ : സർ, ശ്രീ. വയലാർ രവി പ്രസംഗിച്ച സത്യവിരുദ്ധമായ മുഴുവൻ കാര്യങ്ങൾക്കും ശ്രീ. ബേബിജോൺ മറുപടി പറഞ്ഞു. എവിടെയെങ്കിലും സംവരണം നടപ്പിലാക്കിയിട്ടുണ്ടോ ? ഇപ്പോൾ ഇൻഡ്യാ രാജ്യത്ത് കേരളത്തിലൊഴികെ എവിടെയെങ്കിലും മുസ്ലീംങ്ങൾക്ക് അനുകൂലമായി അവരെ ബാക്ക്വേഡ് ക്ലാസ്സായി അംഗീകരിച്ചിട്ടുണ്ടോ ? 42 കൊല്ലം കോൺഗ്രസ് ഭരിച്ചു. എവിടെയും അംഗീകരിച്ചിട്ടില്ല. ഇപ്പോൾ വലിയ ധൃതിയാണ്. 42 കൊല്ലമായി കോൺഗ്രസ് അംഗീകരിക്കാത്തത് നല്ല കാര്യം. ഇപ്പോൾ കോൺഗ്രസിനോട് വലിയ പ്രിയമാണ് കുഞ്ഞാലിക്കുട്ടിക്ക്. 1987-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ സംവരണത്തെപ്പറ്റി ഞങ്ങൾ അംഗീകരിച്ച പ്രകടനപത്രികയിൽ പ്രസ്താവിച്ചിട്ടുള്ളത് ഇങ്ങനെയാണ്. സാമ്പത്തിക സംവരണവാദികളും സാമുദായിക സംവരണവാദികളും അടങ്ങുന്ന കരുണാകരഭരണം പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ഫലത്തിൽ നിറുത്തിവച്ചുകൊണ്ട് അഴിമതി നിയമനങ്ങൾ വഴി ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. (ഇപ്പോഴും ഇവരുടെകൂടെ എൻ. ഡി. പി. ക്കാരുണ്ട്. എൻ. ഡി. പി. യുടെ വാദം സാമ്പത്തികമാണ്. മുസ്ലീം ലീഗിന്റെ നേതാക്കൻമാരും അതിനോട് അനുകൂലിച്ചിരിക്കുകയാണ്) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള ആനുകൂല്യം തുടരുന്നതാണ്. യഥാർത്ഥത്തിൽ അനുവദിച്ചിട്ടുള്ള സംവരണ ആനുകൂല്യങ്ങൾ പൂർണ്ണമായി അവർക്ക് ലഭിക്കത്തക്ക പോരായ്മ പരിഹരിക്കുന്നതാണ്. പിന്നോക്കസമുദായങ്ങൾ അനുഭവിക്കുന്ന സാമുദായിക സംവരണ സമ്പ്രദായം തുടരുന്നതാണ്."

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇപ്പോൾ കുഞ്ഞാലിക്കുട്ടി പ്രസംഗിച്ചല്ലോ, അദ്ദേഹത്തിന്റെ പ്രസംഗമെടുക്കാം. അദ്ദേഹത്തിന്റെ പ്രസംഗം ഫെബ്രുവരിമാസം 28-ാംതീയതിയിലെ ചന്ദ്രികയിൽ കൊടുത്തിരിക്കുകയാണ്. ഇതിലെന്താണ് പറയുന്നത് ? ''ജാതി'' സംവരണത്തോടുള്ള പല രാഷ്ട്രീയപാർട്ടികളുടെ സമീപനവും നിർഭാഗ്യവശാൽ വളരെയൊന്നും ആത്മാർത്ഥത നിറഞ്ഞതല്ല''. ഇത് ചന്ദ്രികയാണ് പറയുന്നത്. ദേശാഭിമാനിയാണെങ്കിലല്ലേ കുഴപ്പമുള്ളൂ. 'ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഇക്കാലമത്രയും 42 കൊല്ലം ഭരിച്ചിട്ട് ഒരുപിടി ജാതി കോമരങ്ങൾക്ക് എല്ലാ അവസരങ്ങളും ഉദ്യോഗങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞുവെന്നല്ലാതെ ചവിട്ടിമെതിക്കപ്പെട്ട പിന്നോക്ക വിഭാഗങ്ങൾക്ക് യാതൊരു നീതിയും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി കോൺഗ്രസ്സിനെപ്പറ്റി പ്രസംഗിച്ചതാണിത്. (തടസം) നിങ്ങൾ കുറച്ച് ഇതിനെപ്പറ്റി മനസിലാക്കിയാൽ തരക്കേടില്ല. മനസിലാക്കാൻ ശ്രമിച്ചാൽ നന്ന്. അതേയുള്ളൂ. മറെറാന്ന് നമ്മുടെ ഇബ്രാഹിം സുലൈമാൻ സേട്ട് പ്രസംഗിച്ചതാണ്. അദ്ദേഹം പ്രസംഗിച്ചത് എന്താണ്. ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബ് ഫറൂക്കിൽ വച്ച് പ്രസംഗിച്ചത് ഫെബ്രുവരി മാസം 16-ാം തീയതി മാതൃഭൂമി പബ്ലിഷ് ചെയ്തതു നോക്കാം. ''കോൺഗ്രസിന് മുസ്ലീം ലീഗുമായുള്ള രണ്ടു പതിറ്റാണ്ടു കാലത്തെ ബന്ധം മൂന്നുവട്ടം മൊഴിചൊല്ലി എന്നന്നേക്കുമായി വേർപെടുത്തി'' എന്ന് മുസ്ലീംലീഗ് അഖിലേന്ത്യാ പ്രസിഡൻറ് ഇബ്രാഹിം സുലൈമാൻ സേട്ട് പ്രസംഗിച്ചു. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന് ലീഗുമായിട്ടുള്ള രണ്ടുപതിറ്റാണ്ടു കാലത്തെ ബന്ധം മൂന്നുവട്ടം മൊഴിചൊല്ലി എന്നെന്നേക്കുമായി അവസാനിപ്പിച്ചു. ''മുസ്ലീം സമുദായത്തിന്റെ അന്തസ്സും അഭിമാനവും പണയപ്പെടുത്തിക്കൊണ്ടാണ് ഇക്കാലമത്രയും ഞങ്ങൾ കോൺഗ്രസ് സർക്കാരിന് പിൻതുണ നൽകിയത്. ഇവിടെ അഭിമാനവും ഒന്നുമില്ല. ഇവിടെ മുസ്ലീം ലീഗിന് കോൺഗ്രസിനെക്കൂടെ ചേർന്നുകൊണ്ട് വലിയ സന്തോഷമാണ്. ഉത്തരേന്ത്യയിൽ പരക്കെ സാമുദായിക കലാപം പൊട്ടിപുറപ്പെട്ടപ്പോൾ അതിനെതിരായി കോൺഗ്രസ് സർക്കാർ കൈക്കൊണ്ട നയം തികച്ചും പക്ഷപാതപരമായിരുന്നു. ആഭ്യന്തര കലാപങ്ങളിൽ പട്ടാളവും പോലീസും വരെ കക്ഷിചേർന്നാണ് കാര്യങ്ങൾ നീക്കിയത്. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവരെ ചേർത്തുകൊണ്ട് സംരക്ഷണസേന രൂപീകരിക്കണമെന്ന ആവശ്യം ചെവിക്കൊണ്ടില്ല. ബാബരിമസ്ജിദ്, മണ്ഡൽ കമ്മീഷൻ പ്രശ്നങ്ങളിൽ കോൺഗ്രസ് ഡബിൾ റോളാണ് കളിച്ചത് എന്ന് ഇബ്രാഹിം സുലൈമാൻ സേട്ട് കുറെപ്പെടുത്തി. വേറൊന്നുകൂടി ഉണ്ട്. 1947-ലെ സ്വാതന്ത്ര്യ ദിനത്തിലെ സ്ഥിതി നിലനിറുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബനാത്തുവാല എം. പി. കൊണ്ടുവന്ന ബില്ല് തള്ളിക്കളഞ്ഞ് 1950-ലെ സ്ഥിതി നിലനിറുത്തണമെന്ന രാജീവ്ഗാന്ധിയുടെ ഇപ്പോഴത്തെ അഭിപ്രായം കുതന്ത്രമാണ്. പിന്നെ ഇതിൽപ്പരം എന്താണ് വേണ്ടത്. ശ്രീ. വയലാർ രവിക്ക് എന്തൊരു ആവേശമാണ്. മാർക്സിസ്റ്റുകാരുടെ നയമെന്താണെന്ന് ഞാൻ പറയാം. മണ്ഡൽ കമ്മീഷനെപ്പറ്റിയും ബാബരിമസ്ജിദിനെ സംബന്ധിച്ചും ആയിരക്കണക്കിന് മുസ്ലീംങ്ങളെ കൊലചെയ്യപ്പെട്ടപ്പോൾ കോൺഗ്രസും ബി. ജെ. പി.യും കൂടി ചേർന്ന് ആ കലാപത്തിന് കൂട്ടുനിൽക്കുകയാണ് ചെയ്തത്. എന്നിട്ട് കേരള അസംബ്ലിയിൽ വന്ന് ന്യായീകരിക്കുകയാണ്. ഹൈദ്രാബാദിൽ നൂറുകണക്കിന് മുസ്ലീം സ്ത്രീകളെ ബയണറ്റുകൊണ്ടല്ലേ കുത്തിക്കൊന്നത്. അതുപോലെ കോലാർ സ്വർണ്ണഖനിയിൽ ആയിരക്കണക്കിന് മുസ്ലീംങ്ങളെയല്ലേ നിങ്ങൾ കശാപ്പു ചെയ്തത്? അന്ന് നിങ്ങളുടെ കോൺഗ്രസ് എവിടെയായിരുന്നു. .....(ബഹള) (തടസം)

2/836/92/V.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് ഇപ്പോഴും നടക്കുന്നത്.....യു. പി.-യിൽ നടക്കുന്നത് വല്ലതും സീതിഹാജിക്ക് അറിയാമോ. ഇപ്പോഴും കൊലപാതകം നടക്കുന്നുണ്ട്. അങ്ങനെ രാജ്യത്തിന്റെ പല ഭാഗത്തും കലാപമുണ്ടാകുമ്പോഴും അതിനെ ഊതി വീർപ്പിക്കാനാണ് വയലാർ രവിയും കൂട്ടരും ശ്രമിച്ചത്. വയലാർ രവി 1980-ൽ എന്റെ കൂടെ ആയിരുന്നല്ലോ; അതിന്റെ കഥകളൊന്നും ഞാൻ ഇപ്പോഴും പറയുന്നില്ല. വിമോചന സമരകാലത്തെ കഥ പറയണോ. ശ്രീ. രാജീവ് ഗാന്ധിയുടെ 1990 സെപ്തംബർ 6-ാം തീയതിയിലെ ലോകസഭയിലെ പ്രസംഗം 149 മിനിറ്റ് നീണ്ടുനിന്നത് സെപ്തംബർ 7-ാം തീയതി പത്രത്തിൽ വന്നു. ആ പ്രസംഗത്തിൽ പറയുന്നത് Mr. Gandhi quoted from his Party Working Committee's resolution. ... Seeking reservations only for the lesser privileged within the backward group and exclusion of those who were wanting their children's education in Public School."

സാമ്പത്തിക സംവരണമാണ് പറഞ്ഞത്; മനസ്സിലായില്ലേ ? എന്താണ് നിങ്ങളുടെ പ്രമേയം. നിങ്ങൾ സാമ്പത്തിക സംവരണത്തിന് കോൺഗ്രസിന് സപ്പോർട്ടു ചെയ്തോ. ഞങ്ങൾക്ക് ആക്ഷേപമില്ല. ഞങ്ങൾ അതൊക്കെ ജനങ്ങളോട് പറഞ്ഞുകൊള്ളാം. ശ്രീ. രാജീവ് ഗാന്ധി രാജസ്ഥാനിൽ നടത്തിയ പ്രസംഗം കേരളകൗമുദി പ്രസിദ്ധീകരിച്ചു. സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കാണ് സംവരണം ഏർപ്പെടുത്തേണ്ടതെന്ന് രാജീവ് ഗാന്ധി വ്യക്തമാക്കിയിരിക്കുന്നു. രാജസ്ഥാനിലെ സ്പീച്ചാണിത്.

കേരള ഗവൺമെന്റിന് 1990 ഫെബ്രുവരി 12-ാം തീയതി കേന്ദ്ര ഗവൺമെന്റിൽനിന്നും ഒരു കത്തു കിട്ടി. മുൻമുഖ്യമന്ത്രി വി.പി. സിംഗ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം അറിയണമെന്നാവശ്യപ്പെട്ടു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് 'പുലയ' സമുദായത്തെ ഒ.ബി.സി. ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 'പുലയ' സമുദായത്തെ പട്ടികജാതിയിൽ നിലനിറുത്തണമെന്ന് ഞങ്ങൾ 1990 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. മണ്ഡൽകമ്മീഷൻ ലിസ്റ്റിൽ 208 ജാതികളുണ്ട്. സ്റ്റേറ്റ് ലിസ്റ്റിൽ 78 ജാതികളുണ്ട്. മുസ്ലീം വിഭാഗത്തെ മണ്ഡൽ കമ്മീഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ലിസ്റ്റ് പാലിക്കണമെന്നും അത് അംഗീകരിക്കണമെന്നും കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഈ അടിസ്ഥാനത്തിൽ മുസ്ലീങ്ങളെ സംബന്ധിച്ചും പിന്നോക്ക സമുദായത്തിൽപ്പെടുത്തിയിട്ടുള്ള പുലയ സമുദായത്തെ സംബന്ധിച്ചും ; ഇത് രണ്ടും ഞങ്ങൾ അംഗീകരിച്ചു.

ഇവർ മാർക്സിസ്റ്റ് പാർട്ടിയെപ്പറ്റി പറഞ്ഞു. ഇ. എം എസ്.-ന്റെ ലേഖനം വായിക്കുകയാണ് ഇപ്പോഴും വയലാർ രവിയുടെ ജോലി. ഇ. എം.എസ്. നിങ്ങളെ കളിപ്പിക്കുന്ന കളി ചെറുതൊന്നുമല്ല..... (ബഹളം) .....ഇ.എം.എസ്. എഴുതിയത് വായിച്ചാൽ മനസിലാകണമെങ്കിൽ കുറച്ച് ബുദ്ധിയും അറിവും ഒക്കെ വേണം. വെറുതെ വക്കീൽ വാദം പഠിച്ചാലൊന്നും അത് മനസ്സിലാവുകലില്ല. അത് പാർട്ടിസവും ഫണ്ടമെന്റലിസവുമാണ്. വയലാർ രവിക്ക് അത് മനസ്സിലാക്കാൻ പ്രയാസമാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഞങ്ങൾ, തെറ്റുപറ്റിയാൽ തിരുത്തും.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് ഒരിക്കലും തെറ്റു പറ്റുകയില്ല. തെറ്റുപറ്റിയാലുടനെ കുഴിയിലേക്ക് വീഴുകയും ചെയ്യും. അതാണ് നിങ്ങളുടെ സ്ഥിതി. ഞങ്ങൾക്ക് തെറ്റുപറ്റിയാൽ ഞങ്ങളത് തിരുത്തും. അതാണ് ഞങ്ങളുടെ നയം. കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവായ, റഷ്യൻ വിപ്ലവം നയിച്ച ലെനിൻപോലും ഉപദേശിച്ചിട്ടുള്ളത് മനുഷ്യനായി പിറന്നാൽ തെറ്റു പറ്റും. തെറ്റുപറ്റിയെന്നു മനസ്സിലാക്കിയാൽ അത് ജനങ്ങളോട് പറയണമെന്നാണ്. അങ്ങനെ ജനങ്ങളോട് പറഞ്ഞു തിരുത്തി നിങ്ങൾ നല്ല വഴിക്കു പോകണം. അതാണ് ഞങ്ങൾ അംഗീകരിച്ച തത്വശാസ്ത്രം. അതുപോലെ ഭരണഘടനയിലും ഭരണസമ്പ്രദായത്തിലും ഞങ്ങൾക്ക് തെറ്റുപറ്റിയപ്പോൾ ഞങ്ങൾ അത് തിരുത്തി. ഇലക്ട്രിസിറ്റി വകുപ്പിൽ ഞങ്ങൾക്ക് തെറ്റ് പറ്റിയപ്പോൾ ഞങ്ങൾ തിരുത്തി. ഞങ്ങൾക്ക് തെറ്റ് പറ്റിയെന്ന് ഞങ്ങൾ നിങ്ങളോട് പറഞ്ഞു, നാട്ടുകാരോട പറഞ്ഞു, എന്നിട്ട് ഞങ്ങൾ ആ തെറ്റ് തിരുത്തി. ഇതാണ് ഞങ്ങളുടെ ശക്തി. നിങ്ങൾക്ക് തെറ്റില്ല.....(തടസ്സം)..... .പയ്യൻമാരൊന്നും ഇതിൽ ഇടപെടണ്ട. വിവരം എന്നുള്ളത് വേണ്ടേ? ഞാൻ പറയുന്നത് .....(തടസം) ഡൽഹിയിൽ കരുണാകരന്റെ ചങ്ങാത്തി ഒരു പാവം പയ്യനുണ്ട്. നമ്മുടെ സുഹൃത്ത് മാണി, ഇ എം.എസ്.-ന്റെ ലേഖനം എടുത്ത് ഉദ്ധരിക്കുകയാണ്. അതാണ് ഞാൻ പറയുന്നത്. ഇ.എം.എസിന്റെ ലേഖനം ഇതാണ്. മാർച്ച് 16-ാം തീയതിയിലെ പത്രത്തിൽ അദ്ദേഹം എഴുതിയിട്ടുള്ളത് എന്താണ് ? "മതനിരപേക്ഷ ജനാധിപത്യം കേരളത്തിലും-അഖിലേന്ത്യാ തലത്തിലും." എന്നുള്ളതാണ് ഇ.എം.എസിന്റെ ഏറ്റവും ഒടുവിലത്തെ ലേഖനം. ഞങ്ങളുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയുടെ ലേഖനമാണിത്. അഖിലേന്ത്യാ തലത്തിലാകട്ടെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാനാണ് ദേശീയമുന്നണി ഗവൺമെന്റ് തീരുമാനിച്ചത്. ഇത് എന്റെയും നിങ്ങളുടേതുമല്ല, ഇ.എം.എസിന്റെ ലേഖനമാണ്. "കർപ്പൂരി ഠാക്കൂർ കമ്മീഷന്റെ അടിസ്ഥാനത്തിൽ ചില ഭേദഗതികളം വരുത്തണമെന്ന് ഞങ്ങൾ ആണ് ആവശ്യപ്പെട്ടുവെങ്കിലും അത് സ്വീകരിക്കപ്പെട്ടില്ല. അത് അംഗീകരിക്കാതെയാണെങ്കിലും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ദേശീയമുന്നണി ഗവൺമെന്റ് എടുത്ത തീരുമാനത്തിന് സി.പി.ഐ. (എം.) പൂർണ്ണമായ പിന്തുണ നൽകുന്നുണ്ട്". കഴിഞ്ഞ യോഗത്തിൽ പാർട്ടി സെൻട്രൽ കമ്മിറ്റി പാസാക്കിയ റെസല്യൂഷൻ എന്റെ കയ്യിലുണ്ടായിരുന്നു. ഞാൻ അതിനെക്കുറിച്ച് പറഞ്ഞു. അതിനുശേഷമാണ് ഇ.എം.എസിന്റെ ആർട്ടിക്കിളം വരുന്നത്. അതുമാത്രമല്ല, നിങ്ങൾ പറയുന്ന സുർജിത്... .... ഞങ്ങളുടെ സെൻട്രൽ കമ്മിറ്റിക്കുശേഷം വന്നത് മുഴുവൻ ഇതാണ്. നിങ്ങളുടെ പത്രമായ മലയാള മനോരമയിൽ സുർജിത്സിംഗ് പറയുന്നത് ഞാൻ വായിക്കാം. മാർച്ച് 14-ാം തീയതിയിലെ മലയാള മനോരമയിൽ പറയുന്നത് "തെരഞ്ഞെടുപ്പിൽ ബി.ജെ.പി.ക്ക് തിരിച്ചടി ലഭിക്കും. പഞ്ചാബിൽ തെരഞ്ഞെടുപ്പ് നടത്തരുതെന്നാണ് സി.പി.ഐ. (എം.) നിലപാട്, മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനു പാർട്ടി പിന്തുണയ്ക്കും.". ഇതാണ് മാണിയുടെ പത്രമായ മനോരമയിൽ എഴുതിയിരിക്കുന്നത്. അപ്പോൾ ഈ രാജ്യത്ത് സഖാവ് സുർജിത്തും.....(തടസ്സം) നിങ്ങളുടെ പാർട്ടിയുടെ സമീപനമെന്താണ് ? ഇതാണ് രാജീവിന്റെ ലോക്സഭാ പ്രസംഗം. ഇതുവച്ചാണ് ബഹുമാനപ്പെട്ട വയലാർ രവി ഇവിടെ പ്രസംഗം നടത്തിയത്. കോൺഗ്രസ് എപ്പോഴെങ്കിലും ഈ രാജ്യത്തിലെ പിന്നോക്ക സമുദായത്തിന് പിന്തുണ നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെതിരെ സൽഹിയിലും, യു.പി.യിലും കശാപ്പ് രാഷ്ട്രീയം നടത്തുമ്പോഴും അതിന് പിന്തുണ കൊടുക്കുകയും ഒടുവിൽ ബി.ജെ.പി.യും കോൺഗ്രസും കൂടിച്ചേർന്ന് ചന്ദ്രശേഖറിന് പിന്തുണ കൊടുത്തിട്ട് നവംബർ മാസം 6-ാം തീയതി വിശ്വാസ പ്രമേയത്തെ പരാജയപ്പെടുത്തുകയും ചെയ്തു.

ശ്രീ. ടി.എം.ജേക്കബ് : ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ നിയമസഭയിൽ ചെയ്ത പ്രസംഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ഇവിടെ പറഞ്ഞല്ലോ, ഇപ്പോഴും അതിനെക്കുറിച്ച് അങ്ങ് എന്താണ് പറയുന്നത് ?

ശ്രീ.ഇ.കെ.നായനാർ : അത് തന്നെയാണോയെന്ന് പരിശോധിക്കാതെ പറയാൻ കഴിയുകയില്ല. ഞാൻ ഒടുവിൽ പറയുന്നതാണ് ഞങ്ങളുടെ നയം. ഞാൻ കഴിഞ്ഞ തവണ ഞങ്ങളുടെ സെൻട്രൽ കമ്മിറ്റിയുടെ പ്രമേയത്തെക്കുറിച്ച് പറഞ്ഞു. നിങ്ങൾ പറയുന്നത് തെറ്റാണ്. "Generally accepted and agreed" എന്ന വാചകം ഞാൻ ഇവിടെ വായിച്ചു. ഞങ്ങളുടെ സെൻട്രൽ കമ്മിറ്റിയുടെ മീറ്റിംഗിനുശേഷം ഇ. എം. എസിന്റെ ലേഖനവും, സുർജിത്തിന്റെ ലേഖനവുമൊക്കെ കറക്ടായി അംഗീകരിച്ചു. ഒരു കൊല്ലവും രണ്ടു കൊല്ലവും 5 കൊല്ലവും പഴക്കമുള്ള ആർട്ടിക്കിളെടുത്ത് നിങ്ങളെ കളിപ്പിക്കാൻ ഇ. എം. എസിന് അറിയാം. നിങ്ങൾക്ക് വിവരമില്ലെന്നുള്ളത് അദ്ദേഹത്തിനറിയാം. പാർട്ടി അംഗീകരിച്ചാൽ സി. പി. ഐ.-ക്ക് സി. പി. ഐ. യുടെ കൗൺസിൽ, ഞങ്ങൾക്ക് ഞങ്ങളുടെ സെൻട്രൽ കമ്മിറ്റി, കോൺഗ്രസിന് കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റി. ഇപ്പോഴും ത്ധാക്കർ വന്നിട്ട് വാഗ്ദത്തം കൊടുത്തല്ലോ. ത്ധാക്കറും രാജീവും ഒന്നാണ്. കരുണാകരനും ത്ധാക്കറും പറയും പിടിച്ചോ ; എന്തു വേണം ചായയെന്നു പറയുമ്പോഴും ചായ. ചോറെന്നു പറയുമ്പോഴും നെയ്ച്ചോറ്. ത്ധാക്കറും കരുണാകരനും രാജീവും ഒന്നാണ്. നിങ്ങളുടെ വർക്കിംഗ് കമ്മിറ്റിയുടെ റെസല്യൂഷൻ മാറ്റിയോ? ബാബറിമസ്ജിദിന്റെ കാര്യത്തിൽ 1947 ആഗസ്റ്റ് 15 നിങ്ങൾ അംഗീകരിച്ചോ ? ഞങ്ങളുടെ ഫൈറ്റ് അവിടെയാണ്. ലീഗ് എന്ത് നയം സ്വീകരിച്ചാലും ശരി, ഈ രാജ്യത്തിലെ മുസ്ലീങ്ങളുടെ ഇടയിലും മറ്റുള്ളവരുടെ ഇടയിലും 1947 ആഗസ്റ്റ് 15 അംഗീകരിച്ചില്ലെങ്കിൽ വടക്കേ ഇൻഡ്യയിൽ കോൺഗ്രസ് ഉണ്ടാവുകയില്ലെന്ന് ഞങ്ങൾക്കറിയാം. ഇന്നു തന്നെ മൂലായംസിംഗ് തെറ്റി, യു.പി. തെറ്റി, ബീഹാർനിങ്ങളുടെ കയ്യിലില്ല. ഇന്നുച്ചയ്ക്കാണ് മൂലായംസിംഗ് തെറ്റിയത്. ബീഹാർ നിങ്ങളുടെ കയ്യിലുമില്ല. ബി.ജെ.പി.ക്കും വിശ്വഹിന്ദു പരിഷത്തിനുമെതിരായി ഞങ്ങൾ പറയും, 1947 ആഗസ്റ്റ് 15-ന് ആയിരുന്നു അമ്പലം, ക്ഷേത്രം, പള്ളികൾ, മധുരക്ഷേത്രം പൊളിക്കണം, അതുപോലെ കാശി വിശ്വനാഥന്റെ ക്ഷേത്രം പൊളിക്കണം, അതുപോലെ ബാബറിമസ്ജിദ് പൊളിക്കണം എന്ന്.

ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി : 1947 ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം കട്ട് ഓഫ് ഡേറ്റായി അംഗീകരിക്കാമെന്ന് ത്ധാക്കർ പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആരാധനാലയങ്ങളെ സംബന്ധിച്ചുള്ള കട്ട് ഓഫ് ഡേറ്റ് സ്വാതന്ത്ര്യദിനമായി അംഗീകരിക്കുന്നുവെന്ന കാര്യം പത്രത്തിൽ വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ത്ധാക്കർ പറഞ്ഞതൊന്നും ഞങ്ങൾ വില വച്ചിട്ടില്ല. ത്ധാക്കർ ആരാണെന്ന് ഞങ്ങൾക്കറിയാം. ഹരിയാനക്കാരൻ ത്ധാക്കർ ആരാണെന്ന് നിങ്ങൾക്ക് മുൻപ് ഞങ്ങൾക്കറിയാം. നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ത്ധാക്കറെ വലിയ കാര്യമായിരിക്കും. ഈ രാജ്യത്തിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ ഞങ്ങളുടെ പാർട്ടി സ്വാഗതം ചെയ്തതിന്റെ ഔദ്യോഗികമായ വസ്തുതകളും ഞാൻ ഇവിടെ നിരത്തി. ഇവിടെ കോൺഗ്രസ്സും ബി.ജെ.പി.യും കൂടി ചേർന്ന് ഈ രാജ്യത്തിലെ ന്യൂനപക്ഷ സമുദായത്തെ കശാപ്പുചെയ്യുന്ന രാഷ്ട്രീയത്തിനെതിരായി തീർച്ചയായും പിന്നോക്ക സമുദായങ്ങളും യോജിച്ച് തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി മുന്നേറണം. ഈ പ്രമേയം നിങ്ങൾ പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. അഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി വേറൊരു സബ്സ്റ്റാൻറീവ് മോഷൻ കൊടുത്തു. ഇപ്പോൾ ബഹുമാനപ്പെട്ട അരവിന്ദാക്ഷൻ രണ്ട് സബ്സ്റ്റാൻറീവ് മോഷൻ കൊടുത്തിരിക്കുകയാണ്.

മി. സ്പീക്കർ: അതൊന്നും ഓർഡറിൽ അല്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, 275-ാം ചട്ടം അനുസരിച്ചുള്ള സബ്സ്റ്റാൻറീവ് മോഷനാണിത്. മണ്ഡൽ കമ്മീഷൻ ശുപാർശകളും നടപ്പിലാക്കുന്നതിനുവേണ്ടി വി. പി. സിംഗ് ഗവൺമെൻറ് സ്വീകരിച്ച നടപടികളെ ഈ സഭ സ്വാഗതം ചെയ്യുന്നു. പ്രസ്തുത നടപടികളെ തുരങ്കം വയ്ക്കാനും, നിർജ്ജീവമാക്കാനും സ്ഥാപിത താല്പര്യക്കാർ നടത്തിയതും തുടർന്നുവരുന്നതുമായ സംഘടിത ശ്രമങ്ങളെ സഹായിക്കുന്ന നിലപാടാണ് ചന്ദ്രശേഖർ മന്ത്രിസഭയും അതിനെ പിന്താങ്ങിയിരുന്ന ശക്തികളും കൈക്കൊള്ളുന്നതെന്ന ഉത്ക്കണ്ഠ കേരളത്തിലെ ജനങ്ങൾക്കുണ്ട്. ഈ ഉത്ക്കണ്ഠ മാറാനും മണ്ഡൽ കമ്മിഷൻ ശുപാർശകളും സംസ്ഥാന മന്ത്രിസഭ ശുപാർശ ചെയ്ത പ്രകാരം മുഴുവൻ മുസ്ലീംങ്ങളെയും പിന്നോക്ക വിഭാഗമായി ഉൾപ്പെടുത്തിയും, പുലയർ വിഭാഗത്തെ പിന്നോക്ക വിഭാഗ പട്ടികയിൽനിന്നുമാറ്റി പട്ടികജാതി ലിസ്റ്റിൽ നിലനിറുത്തിക്കൊണ്ടും എത്രയും വേഗം നടപ്പിൽ വരുത്താനും ആവശ്യമായ ഭരണപരവും നിയമപരവുമായ നടപടികളും സ്വീകരിക്കണമെന്ന് ഈ സഭ ഇൻഡ്യാ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു. ഇതാണ് പ്രമേയം.

.....(ബഹളം).....

മി. സ്പീക്കർ : ഇവിടെ അരവിന്ദാക്ഷൻ ഒരു സബ്സ്റ്റാൻറീവ് മോഷൻ അവതരിപ്പിച്ചു. അതിന് കുഞ്ഞാലിക്കുട്ടി ഒരു ഭേഗതി അവതരിപ്പിച്ചു. ചട്ടം 130 അനുസരിച്ച് ഒരൊറ്റ സബ്സ്റ്റാൻറീവ് മോഷനേയുള്ളൂ. മറ്റേത് ഭേഗതിയാണ്. ഭേഗതി വന്നതിന്റെ അടിസ്ഥാനത്തിൽ അത് മുഴുവൻ സ്വീകരിച്ചുകൊണ്ട്, പ്രമേയം പുതുക്കി എഴുതി ഹാജരാക്കിയിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : 275-ാം ചട്ടം അനുസരിച്ചുള്ള സബ്സ്റ്റാൻറീവ് മോഷൻ.....

മി. സ്പീക്കർ : പീതാംബരൻ മാസ്റ്ററുടെ പ്രസംഗം നടക്കുന്നതിനു മുമ്പ് ഞാൻ പറഞ്ഞു, ഒരൊറ്റ സബ്സ്റ്റാൻറീവ് മോഷനേയുള്ളൂ. മറ്റേത് സെക്രട്ടറിയേറ്റ് തെറ്റായി എഴുതിയതാണ്, അത് ഭേഗതിയാണെന്ന് പിന്നെ എന്തിനാണ് തർക്കിക്കുന്നത് ?

ശ്രീ. ഇ. അഹമ്മദ് : സർ, ചട്ടം 275 അനുസരിച്ച് A motion that the policy or situation or statement or any other matter be taken into consideration shall not be put to the vote of the Assembly, but the Assembly

LIBRARY ARCHIVES Kerala Legislative Assembly

shall proceed to discuss such matter immediately..എന്ന് പറഞ്ഞിട്ട് പറയുന്നത്..A substantive motion in appropriate terms to be approved by the Speaker and the vote of the Assembly shall be taken on such motion. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിക്ക് സബ്സ്റ്റാൻറീവ് മോഷൻ കൊടുക്കാനുള്ള അധികാരമുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അഹമ്മദ്, ഇതിനകത്ത് പറഞ്ഞിട്ടുണ്ട് with the approval of the Speaker. Speaker has given approval to only one substantive motion. ഈ നിയമസഭയുടെ ചരിത്രത്തിൽ ആകെ ഒരുസബ്സ്റ്റൻറീവ് മോഷനെയുള്ളു. അല്ലാതെ ഇല്ല. തെറ്റായിട്ട് എഴുതി പോയതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : നിയമസഭാ സെക്രട്ടേറിയറ്റ് പ്രിൻറ് ചെയ്ത് തന്നതുപോലെയാണ് ഞാൻ വായിക്കുന്നത്. ഞാൻ ഭേദഗതി വായിക്കാം.

"ശ്രീ. വി. പി. സിംഗ് ഭരണകാലത്ത് തീരുമാനിച്ച മണ്ഡൽ കമ്മീഷൻ റിപ്പോർട്ട്, മുഴുവൻ മുസ്ലീങ്ങളെയും പിന്നോക്ക വിഭാഗമായി ഉൾപ്പെടുത്തിയും, പുലയ വിഭാഗത്തെ പിന്നോക്ക വിഭാഗ പട്ടികയിൽനിന്ന് അധ:കൃത വർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ടും യാതൊരു സാമ്പത്തിക ഉപാധികളും വിധേയമാകാതെ അഖിലേന്ത്യാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തണമെന്ന് ഈ സഭ അഭിപ്രായപ്പെടുന്നു.

Mr. Speaker : Do you press your amendment.

Shri P. K. Kunhalikutty : Yes, I press. I demand a poll.

Mr. Speaker : This is only an amendment to the sustantive motion. നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും പറഞ്ഞ ഒരു ക്ലെറിക്കൽ മിസ്റ്റേക്കിനെ മുതലെടുക്കരുത്. അത് ശരിയല്ല.

A poll was taken when the house divided as follows :

അനുകൂലിക്കുന്നവർ—35

1 ശ്രീ. ആര്യാടൻ മുഹമ്മദ്
2 ,, പി. എം. അബൂബക്കർ
3 ,, ഇ. അഹമ്മദ്
4 ,, സി.ടി. അഹമ്മദാലി
5 ,, പി.കെ.കെ. ബാവ
6 ,, കെ.എ. ചന്ദ്രൻ
7 ,, വി. ദിനകരൻ
8 ,, എം.എം. ഹസ്സൻ
9 ,, ടി. എം. ജേക്കബ്
10 ,, കല്ലടി മുഹമ്മദ്
11 ,, കൊരമ്പയിൽ അഹമ്മദ് ഹാജി
12 ,, പി.കെ.കുഞ്ഞാലിക്കുട്ടി
13 ,, സി. പി. കുഞ്ഞാലിക്കുട്ടി കേയി
14 ശ്രീമതി ലീലാ ദാമോദരമേനോൻ
15 ശ്രീ. കെ.പി.എ. മജീദ്
16 ,, കെ. എം. മാണി
17 ,, എൻ. മനോഹരൻ മാസ്റ്റർ
18 ശ്രീ. കെ. മുഹമ്മദാലി
19 ,, കെ.മൊയ്തീൻകുട്ടി ഹാജി
20 ,, കെ.പി. നൂറുദ്ദീൻ
21 ,, നാലകത്ത് സൂപ്പി
22 ശ്രീമതി എം. ടി. പത്മ
23 ശ്രീ. പന്തളം സുധാകരൻ
24 ,, കെ.രാഘവൻ മാസ്റ്റർ
25 ,, എം.വി. രാഘവൻ
26 ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
27 ശ്രീമതി റോസമ്മ ചാക്കോ
28 ശ്രീ. കെ. ശങ്കരനാരായണൻ
29 ,, പി. സീതി ഹാജി
30 ,, വി. എം. സുധീരൻ
31 ,, പി. പി. തങ്കച്ചൻ
32 ,, സി. എഫ്. തോമസ്
33 ,, കെ.കെ. തോമസ്
34 ,, വയലാർ രവി
35 ,, കെ.പി. വിശ്വനാഥൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—62

1 ശ്രീ. ആനത്തലവട്ടം ആനന്ദൻ
2 ,, ടി. ജെ. ആഞ്ചലോസ്
3 ,, കെ. പി. അരവിന്ദാക്ഷൻ
4 ,, ടി. കെ. ആറുമുഖൻ
5 ,, ബേബി ജോൺ
6 ,, ബാബു ദിവാകരൻ
7 ,, സി. പി. ബാലൻ വൈദ്യർ
8 ശ്രീമതി ഭാർഗവി തങ്കപ്പൻ
9 ശ്രീ. കെ. ചന്ദ്രശേഖരൻ
10 ,, എം. ആർ. ഗോപാല കൃഷ്ണൻ
11 ,, ഗോപി കോട്ടമുറിക്കൽ
12 ശ്രീമതി കെ. ആർ. ഗൗരി അമ്മ
13 ശ്രീ. ടി. കെ. ഹംസ
14 ഡോക്ടർ എ. വി. ഐസക്
15 ശ്രീ. എൻ. എം. ജോസഫ്
16 ,, കാനം രാജേന്ദ്രൻ
17 ,, വി. കേശവൻ
18 ,, സി. ടി. കൃഷ്ണൻ
19 ,, കോടിയേരി ബാലകൃഷ്ണൻ
20 ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
21 ,, കൃഷ്ണൻ കണിയാംപറമ്പിൽ
22 ,, സി. പി. കുഞ്ഞ്
23 ,, ലോനപ്പൻ നമ്പാടൻ
24 ,, ഇ. കെ. മേനോൻ
25 ,, കെ. കെ. മാധവൻ
26 ,, കെ. പി. മമ്മുമാസ്റ്റർ
27 ,, സി. എ. മാത്യു
28 ,, മാത്യു ടി. തോമസ്
29 ,, എം. വി. മാണി
30 ശ്രീമതി നബീസാ ഉമ്മാൾ
31 ശ്രീ. ഇ. കെ. നായനാർ
32 ശ്രീ. നിക്കോളാസ് റോഡ്രിഗ്സ്
33 ,, സി. പി. നാരായണൻ
34 ,, എ. നിലലോഹിതദാസൻ നാടാർ
35 ,, എ. കെ. പത്മനാഭൻ
36 ,, കെ. പങ്കജാക്ഷൻ
37 ,, എ. എം. പരമൻ
38 ,, ടി. പി. പീതാംബരൻ മാസ്റ്റർ
39 ,, ബി. രാഘവൻ
40 ,, പി. കെ. രാഘവൻ
41 ,, വി. വി. രാഘവൻ
42 ,, വി. പി. രാമകൃഷ്ണപിള്ള
43 ,, സി. കെ. രാജേന്ദ്രൻ
44 ,, പി. രവീന്ദ്രൻ
45 ശ്രീമതി റോസമ്മാ പുന്നൂസ്
46 പ്രൊഫ. എം. കെ. സാനു
47 ശ്രീ. എസ്. ശർമ്മ
48 ,, എം. സത്യനേശൻ
49 ,, ടി. ശിവദാസമേനോൻ
50 ,, പി. എസ്. ശ്രീനിവാസൻ
51 ,, സുന്ദരം മാണിക്യം
52 ,, കെ. വി. സുരേന്ദ്രനാഥ്
53 ,, വി. ജെ. തങ്കപ്പൻ
54 ,, എസ്. ആർ. തങ്കരാജ്
55 ,, കെ. ജെ. തോമസ്
56 ,, ആർ. ഉണ്ണികൃഷ്ണപിള്ള
57 ,, എം. പി. വീരേന്ദ്രകുമാർ
58 ,, വി. വിശ്വനാഥമേനോൻ
59 ,, പാച്ചേനി കുഞ്ഞിരാമൻ
60 ,, ഈപ്പൻ വർഗീസ്
61 ,, എ. വി. താമരാക്ഷൻ
62 ഡോക്ടർ എം. സി. ജോസഫ്

നിഷ്പക്ഷത പാലിച്ചവർ—ആരുമില്ല.

ഭേദഗതിയെ അനുകൂലിച്ചവർ—35.

പ്രതികൂലിച്ചവർ—62.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചതിനെ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ വിട്ട് പുറത്തു പോയി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന സഭ പാസ്സാക്കി.

X റൂളിംഗ്

പബ്ലിക് സർവ്വീസ് അംഗങ്ങളുടെ നിയമനം സംബന്ധിച്ച്

മി. സ്പീക്കർ : പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളെ നിയമിക്കുന്നത് സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യുന്നതിന് ശ്രീ. എ. എം. ഹസ്സൻ ഒരു അടിയന്തിര പ്രമേയത്തിന് കഴിഞ്ഞദിവസം (1-4-1991-ന്) നോട്ടീസ് നൽകിയിരുന്നു. പി. എസ്. സി. ഒരു സ്വതന്ത്ര സ്ഥാപനമായതിനാലും ഭരണഘടന അനുസരിച്ച് ഗവർണ്ണറാണ് പി. എസ്. സി. അംഗങ്ങളെ നിയമിക്കുന്നത് എന്നതിനാലും ആ നടപടി സഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് ചെയർ റൂളിംഗ് നൽകിയിരുന്നു.

എന്നാൽ പി. എസ്. സി.യിലെ അംഗങ്ങളുടെ നിയമനം സംബന്ധിച്ച് ഈ സഭയിൽ ശ്രദ്ധ ക്ഷണിക്കൽ പ്രമേയമായി 1983 ആഗസ്റ്റ് 2-ാം തീയതി വരികയും അന്നത്തെ മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്ത കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് റൂളിംഗ് പുനഃപരിശോധിക്കണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ രേഖകൾ പരിശോധിച്ചശേഷം റൂളിംഗ് പിന്നീട് നൽകുമെന്ന് അറിയിച്ചിരുന്നു.

പി. എസ്. സി. നിയമനങ്ങൾ സംബന്ധിച്ച് ഒരു സബ്മിഷൻ 1983 ആഗസ്റ്റ് 2-ാം തീയതി ഉന്നയിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷനേതാവ് പറയുന്നതുപോലെ അത് ശ്രദ്ധ ക്ഷണിക്കൽ പ്രമേയമായിരുന്നില്ല. പി. എസ്. സി.യിൽ അംഗങ്ങളെ നിശ്ചയിക്കുന്നത് അതാത് പാർട്ടികളാണെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വിവരം ആരായുന്നതിനുമാത്രമാണ് സബ്മിഷൻ ഉന്നയിച്ചത്. എന്നാൽ ശ്രീ. ഹസ്സന്റെ പ്രമേയം പി. എസ്. സി. അംഗങ്ങളുടെ നിയമനങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയും, നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ആരോപിച്ചുകൊണ്ടും ഉള്ളതായിരുന്നു. സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ടാണ് പ്രമേയം ചെയർ അനുവദിക്കാതിരുന്നത്.

പി. എസ്. സി.യെ പോലെ : ഭരണഘടനാപരമായി സ്വതന്ത്രമായ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സഭയ്ക്കുള്ളിൽ ചർച്ച ചെയ്യുക ശരിയല്ലെന്നും അതേസമയം പി. എസ്. സി.യുടെ പ്രവർത്തനങ്ങൾ വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഭയിൽ ചർച്ച ചെയ്യാവുന്നതാണെന്നും മുമ്പ് നൽകിയ റൂളിംഗ് പുനഃപരിശോധിക്കേണ്ട ആവശ്യമുള്ളതായി ചെയർ കരുതുന്നില്ല.

XI അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : 1990 ജൂലായ് 7-ാം തീയതി മാതൃഭൂമി, മലയാള മനോരമ, വീക്ഷണം എന്നീ ദിനപ്പത്രങ്ങളിൽ പ്രതിപക്ഷനേതാവ് ശ്രീ. കെ. കരുണാകരനേറ്റതായി വന്ന ഒരു പ്രസ്താവനയിലെ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ ഒരു അവകാശ ലംഘന പ്രമേയത്തിന് ശ്രീ. കെ.പി. അരവിന്ദാക്ഷൻ ഒരു നോട്ടീസ് നൽകി യിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly